# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലുവ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101

ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ : 0484-2623767

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-AVM(M2)232/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101
തീയ്യതി: 11/07/2022
ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ: 0484-2623767

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ആലുവ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: KSA-AVM(M2)232/22 തീയ്യതി: 11/07/2022

## എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം.പി.പ്രസന്നകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 01-09-2021 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എം. മത്തായി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജോൺസൺ ടി.ടി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രീത എം.എം.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനൈന എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കുമാരി ലിസി എബ്രഹാം | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | സെക്രട്ടറി | 12-11-2020 | 27-12-2020 |
| ശ്രീ. എം.ഒ. ജോൺ | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ. ടോബി തോമസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സ്മിത പി.ജെ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 15-02-2021 |
| ശ്രീമതി. ഐശ്വര്യ .ബി. സിംഗ് | മുനിസിപ്പൽ എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 16-02-2021 | 21-02-2021 |
| ശ്രീ. അശോകൻ. റ്റി.എം. | മുനിസിപ്പൽ എഞ്ചിനീയർ | 22-02-2021 | 31-03-2021 |
| ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീ. അനീഷ് സത്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 06-02-2021 |
| ശ്രീമതി സീന പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-02-2021 | 11-02-2021 |
| ശ്രീമതി. ഐശ്വര്യ.ബി.സിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-02-2021 | 31-03-2021 |
| ശ്രീമതി. ഗീതാകുമാരി. എസ്. | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 01-04-2020 | 22-06-2020 |
| ശ്രീമതി. ബിന്ദു കെ.എം. | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 23-06-2020 | 31-03-2021 |
| ഡോ. അനഘൻ | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി. അനിത എം.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 03-11-2020 |
| ശ്രീമതി. സിജിമോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ശ്രീ. അഖിൽ ജിഷ്ണ | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ, പ്രസന്നകുമാരി | മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ. ആശാലത | വെറ്ററിനറി സർജ്ജൻ | 01-04-2020 | 19-07-2020 |
| ഡോ. ജെറിൻ ഫ്രാൻസിസ് | വെറ്ററിനറി സർജ്ജൻ | 20-07-2020 | 31-03-2021 |
| ശ്രീ. അഖിൽ ജിഷ്ണ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 07-07-2022) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 07-07-2022) | 1-5 |
| 6 | പദ്ധതി അവലോകനം.<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 30-06-2022) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.M. Mathai (Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 30-06-2022) | 1-10 |
| 11 | സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം<br>Written By: M.M. Mathai (Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-11 |
| 12 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - പ്രത്യേക അവലോകനം<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-12 |
| 13 | ക്യാഷ് പരിശോധന<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 04-07-2022) | 1-13 |
| 14 | സഞ്ചയ സോഫ്റ്റ് വെയർ കാര്യക്ഷമമാക്കാത്തത് സംബന്ധിച്ച്<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-14 |
| 15 | നഗരസഭയിലെ ഇ – ഗവേണൻസ് -പോരായ്മകൾ<br>Written By: T.T.Johnson (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-15 |
| 16 | നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി<br>Written By: T.T.Johnson (Asst. Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-16 |
| 17 | നഗരസഭയുടെ തനത് വരുമാനത്തിന്റെ വരവ്, ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ<br>Written By: T.T.Johnson (Asst. Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-17 |
| 18 | മുൻകൂർ തുക ക്രമീകരിച്ചതിൽ കാലതാമസം- സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ഈടാക്കിയതിൽ കുറവ് - 531/- രൂപ നഷ്ടം<br>Written By: Preetha M M (Asst. Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-18 |
| 19 | ബിൽഡിങ്ങ് പെർമിറ്റ് ഫീസ് നിർണ്ണയിക്കുന്നതിൽ ഏകീകൃത സ്വഭാവമില്ല, അധികരിച്ച ഫീസ് ഈടാക്കുന്നു.<br>Written By: T.T.Johnson (Asst. Audit Officer, On 25-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-19 |

| | | |
|---|---|---|
| 20 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയത്- കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല.<br>Written By: Preetha M M (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-20 |
| 21 | സ്റ്റാപ്പ് ലേലം നടത്തിയില്ല – നഗരസഭക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമായി<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-21 |
| 22 | മട്ടൻ സ്റ്റാൾ പുനരധിവാസം-മുറി അനുവദിച്ചതിൽ അപാകത<br>Written By: Preetha M M (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-22 |
| 23 | പാലിയേറ്റീവ് കെയർ - ടെലിഫോൺ ചാർജ്ജ് അലവൻസ് - 1100/- രൂപ അധികം നൽകി<br>Written By: M.M. Mathai (Audit Officer, On 17-06-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-23 |
| 24 | ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ - സബ്സിഡി അധികം നൽകി - 54000.00 രൂപ നിരാകരിക്കുന്നു<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 1-24 |
| 25 | ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ സ്ഥാപിക്കൽ - സബ്സിഡി അധികം അനുവദിച്ചു - 4,56,900.00 രൂപ നിരാകരിക്കുന്നു - പദ്ധതി കാര്യക്ഷമമല്ല.<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-25 |
| 26 | വീട് പുനരുദ്ധാരണം -മാനദണ്ഡം ലംഘിച്ച് നൽകിയ 50,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: M.M. Mathai (Audit Officer, On 22-06-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 1-26 |
| 27 | പട്ടികജാതി പ്രത്യേക ഘടക പദ്ധതി - വാട്ടർ ടാങ്ക് വാങ്ങി നൽകൽ - സബ്സിഡി അധികം നൽകി – 6960.00 രൂപ നിരാകരിക്കുന്നു.<br>Written By: Sunaina.N (Auditor, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-27 |
| 28 | ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കൽ - 59375/- രൂപ നിരാകരിക്കുന്നു.<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 04-07-2022) | 1-28 |
| 29 | ജൈവമാലിന്യ സംസ്കരണം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 4,85,640.00 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-29 |
| 30 | മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം -ചെലവ് രേഖകളുടെ അഭാവത്തിൽ 2,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Preetha M M (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-30 |
| 31 | വീട് റിപ്പയറിങ്ങ് (ജനറൽ ) ചെലവ് രേഖകൾ ഹാജരാക്കിയില്ല- 6,50,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Preetha M M (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-31 |
| 32 | വീട് റിപ്പയറിങ്ങ് (പ്രത്യേക ഘടക പദ്ധതി) ചെലവ് രേഖകളുടെ അഭാവത്തിൽ - 1,50,000/- തടസ്സപ്പെടുത്തുന്നു.<br>Written By: Preetha M M (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 04-07-2022) | 1-32 |
| 33 | വീട് പുനരുദ്ധാരണം (എസ്.സി.പി) രേഖകളുടെ അഭാവത്തിൽ 75,000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Preetha M M (Asst. Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-33 |
| 34 | പട്ടികജാതി പ്രത്യേക ഘടകപദ്ധതി- വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 29998.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sunaina.N (Auditor, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-34 |
| 35 | പട്ടികജാതി പ്രത്യേക ഘടകപദ്ധതി- വീട് പുനരുദ്ധാരണം- ചെലവ് രേഖകൾ | 1-35 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല - 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sunaina.N (Auditor, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | |
| 36 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - മതിയായ രേഖകളുടെ അഭാവത്തിൽ 17998/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.M. Mathai (Audit Officer, On 22-06-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 1-36 |
| 37 | പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നില്ല- പെൻഷൻ അലോട്ട്മെന്റ് കൃത്യമായി ലഭിക്കാത്തതിനാൽ തനത് ഫണ്ട് വിനിയോഗിച്ച് പെൻഷൻ നൽകേണ്ടിവരുന്നു.<br>Written By: Preetha M M (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-37 |
| 38 | ഉപയോഗിക്കാത്ത സേവനങ്ങൾക്ക് G.S.T ഒടുക്കുന്നു<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-38 |
| 39 | സ്റ്റോക്ക് & സ്റ്റോഴ്സിൽ വ്യത്യാസം - ക്രമീകരിച്ചിട്ടില്ല<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-39 |
| 40 | സമയപരിധി കഴിഞ്ഞിട്ടും ജീവനക്കാരന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവിറക്കിയിട്ടില്ല.<br>Written By: Preetha M M (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-40 |
| 41 | പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല.<br>Written By: Sunaina.N (Auditor, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-41 |
| 42 | കൊറോണ പ്രതിരോധ പ്രവർത്തനത്തിനായി നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല<br>Written By: Preetha M M (Asst. Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-42 |
| 43 | ആലുവ നഗരസഭയിലെ സുഭിക്ഷ കേരളം പദ്ധതി നടത്തിപ്പ്- അവലോകനം<br>Written By: Preetha M M (Asst. Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-43 |
| 44 | കോവിഡ്-19 പ്രതിരോധം - അവലോകനം<br>Written By: Preetha M M (Asst. Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 1-44 |
| 45 | അങ്കണവാടി വാടക അധികം നൽകി - തുടർന്നുള്ള വർഷം തിരികെ ഈടാക്കി (ഓഡിറ്റ് ഇംപാക്ട്)<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-45 |
| 46 | LF റോഡ് കാന നിർമ്മാണം - അധികം നൽകിയ 8453/- രൂപ ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തിരികെ ഈടാക്കി (ഓഡിറ്റ് ഇംപാക്ട്)<br>Written By: T.T.Johnson (Asst. Audit Officer, On 26-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 1-46 |
| | **ഭാഗം 2** | |
| 1 | മുൻകൂർ തുക ക്രമീകരിച്ചതിൽ കാലതാമസം- സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ഈടാക്കിയതിൽ കുറവ് - 531/- രൂപ നഷ്ടം<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 2-1 |
| | **ഭാഗം 3** | |
| 1 | പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-പി.എം.സി മീറ്റിംഗ്- ഫോൺ ചാർജ്ജ് അലവൻസ് - 1100/- രൂപ അധികം നൽകി.<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 3-1 |
| 2 | ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ - സബ്സിഡി അധികം നൽകി - 54000.00 രൂപ നിരാകരിക്കുന്നു.<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 3-2 |

| | | |
|---|---|---|
| 3 | ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ സ്ഥാപിക്കൽ - സബ്സിഡി അധികം അനുവദിച്ചു - 4,56,900.00 രൂപ നിരാകരിക്കുന്നു - പദ്ധതി കാര്യക്ഷമമല്ല.<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 3-3 |
| 4 | വീട് പുനരുദ്ധാരണം -മാനദണ്ഡം ലംഘിച്ച് നൽകിയ 50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Prasannakumar (Deputy Director, On 22-06-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 3-4 |
| 5 | പട്ടികജാതി പ്രത്യേക ഘടക പദ്ധതി - വാട്ടർ ടാങ്ക് നിർമ്മാണം - നടത്തിപ്പിലെ വീഴ്ചകൾ, ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 6960.00 രൂപ നിരാകരിക്കുന്നു.<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 02-07-2022) | 3-5 |
| 6 | ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കൽ - 59375/- രൂപ നിരാകരിക്കുന്നു.<br>Written By: M.M. Mathai (Audit Officer, On 28-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 3-6 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: M.M. Mathai (Audit Officer, On 27-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 01-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.M. Mathai (Audit Officer, On 27-05-2022)<br>Last Updated By: Prasannakumar (Deputy Director, On 11-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment | |
| 4 | Income & Expenditure Statement | |
| 5 | Balance Sheet | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

നഗരസഭയുടെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 3,28,93,360.00 | 3,92,40,972.00 | -63,47,612.00 |
| വരവ് | 37,90,39,225.00 | 20,14,65,261.00 | 17,75,73,964.00 |
| ആകെ | 41,19,32,585.00 | 24,07,06,233.00 | 17,12,26,352.00 |
| ചെലവ് | 40,52,38,125.00 | 21,62,34,468.00 | 18,90,03,657.00 |
| നീക്കിയിരിപ്പ് | 66,94,460.00 | 2,44,71,765.00 | -1,77,77,305.00 |

മേൽപ്പറഞ്ഞ വിവരങ്ങളിൽ നിന്നും നഗരസഭയുടെ ബജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരമുള്ളതായി കാണാൻ സാധിക്കും. ബജറ്റ് പ്രകാരം കണക്കാക്കിയ വരവിന്റെ 53.15% തുക മാത്രമാണ് യഥാർത്ഥത്തിലുള്ള വരവ്. ചെലവിലും ഇതേ രീതിയിലുള്ള അന്തരം പ്രകടമാണ്. ലഭിക്കുമെന്ന് ഉറപ്പില്ലാത്ത വരുമാനങ്ങളും ധനസഹായങ്ങളും ഫണ്ടുകളും ഉൾപ്പെടുത്തിയാണ് ബജറ്റ് വരവ് കണക്കാക്കിയിരിക്കുന്നത്. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പ്രത്യുൽപാദനപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ തനത് ഫണ്ട് നഗരസഭക്കില്ലാത്തതിനാൽ വേൾഡ് ബാങ്ക് ധനസഹായം, സ്പോൺസർഷിപ്പ്/സി.എസ്.ആർ വ്യവസ്ഥയിലും മറ്റും സാമ്പത്തിക സഹായം, എം.എൽ.എ./എം.പി. ഫണ്ട്, ജനകീയാസൂത്രണ പദ്ധതി, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിങ്ങനെ ഫണ്ടുകൾ ലഭ്യമാക്കി ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം, നഗരസഭാ കെട്ടിടങ്ങളുടെ നവീകരണം, ജനറൽ മാർക്കറ്റ് നവീകരണം, പുതിയ മിനി മാർക്കറ്റ് നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുമാനം വർദ്ധിപ്പിക്കുമെന്നാണ് ബജറ്റിന്റെ ആമുഖത്തിൽ വിശദീകരിച്ചിരിക്കുന്നത്. മാർക്കറ്റ് നിർമ്മാണത്തിനായി 5 കോടി രൂപയും ആസ്തി സംരക്ഷണത്തിനായി 3 കോടി രൂപയും വായ്പയിനത്തിൽ സ്വരൂപിക്കുമെന്നാണ് ബജറ്റിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വായ്പയിനത്തിൽ തുകയൊന്നും വരവില്ല. ജനറൽ മാർക്കറ്റ് നിർമ്മാണത്തിനായി വായ്പയിനത്തിൽ ലഭിക്കുന്ന 5 കോടിക്കുപുറമേ 4 കോടി രൂപ തനത് ഫണ്ട് വിഹിതമായി കണ്ടെത്തുമെന്നും ബജറ്റിൽ വിശദീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ജനറൽ മാർക്കറ്റ് നിർമ്മാണം ആരംഭിക്കാൻ

സാധിച്ചിട്ടില്ല. കൂടാതെ ബജറ്റിൽ വിഭാവനം ചെയ്ത മിനിമാർക്കറ്റ് നിർമ്മാണം, ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടങ്ങളുടെ നിർമ്മാണം, നഗരസഭാ കെട്ടിടങ്ങളുടെ നവീകരണം എന്നിവയും നാളിതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ല. മേല്പറഞ്ഞതിൽ നിന്നും ബജറ്റും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം വ്യക്തമാകുന്നതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.07.2021 | ഇല്ല | ബാധകമല്ല |

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

നഗരസഭ കാര്യാലയത്തിൽ നിന്നും 30.07.2021 -ൽ ഓൺലൈനായി AIMS -ൽ സബ്മിറ്റ് ചെയ്ത 2020-21 വാർഷിക ധനകാര്യപത്രിക നഗരസഭാ സെക്രട്ടറിയുടെ 31.08.2021 തീയതിയിലെ A1 – 4732/2021 നമ്പർ കത്തിനൊപ്പമാണ് ഓഡിറ്റ് കാര്യാലയത്തിൽ നേരിട്ട് സമർപ്പിച്ചത്. കൂടാതെ നഗരസഭ സെക്രട്ടറിയുടെ 14.09.2021 തീയതിയിലെ A1 – 4732/2021 നമ്പർ കത്തിനൊപ്പം ആലുവ നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയും സമർപ്പിച്ചു. വാർഷിക ധനകാര്യ പത്രികയും ഗ്രാന്റ് വിനിയോഗ പത്രികയും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

1). ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Suchitwa Mission – Slaughters House മുന്നിരിപ്പ് 2,04,63,371.00 രൂപയും SNP Share മുന്നിരിപ്പ് 5,80,687.00 രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ് അക്കൗണ്ടുകളിലെ തുകകളുമായി ഇവ പൊരുത്തപ്പെടുന്നില്ല.

2). I & E Statement പ്രകാരം Property Tax (Current) Demand 3,52,80,813.00 രൂപയും R & P Statement പ്രകാരം Collection 2,96,47,343.00 രൂപയും 2019-20 വാർഷിക ധനകാര്യ പത്രികയിലെ R&P Statement പ്രകാരം Advance Collection 1,01,703.00 രൂപയുമാണ്. ഇതിൻ പ്രകാരം Receivable Property Tax (Current) 55,31,767.00 രൂപയായിരിക്കും. എന്നാൽ Balance Sheet പ്രകാരം 54,82,671.00 (57,56,805-2,74,134) രൂപയാണ്. 49,096.00 രൂപയുടെ വ്യത്യാസമുണ്ട്.

3). 2020-21 സാമ്പത്തിക വർഷത്തെ Property Tax (Arrear) മുന്നിരിപ്പ് 54,95,346.00 രൂപയാണ് (45,64,489.00+9,30,857.00). 202-21 വർഷത്തെ കളക്ഷൻ 49,99,246.00 രൂപയാണ്. ഇതിൻ പ്രകാരം 2020-21 ലെ Property Tax (Arrear) നീക്കിയിരിപ്പ് 4,96,100.00 രൂപയായിരിക്കും. എന്നാൽ Balance Sheet പ്രകാരം Receivable Property Tax (Arrear) 1,87,380.00 രൂപയാണ് (196749 – 9369).

4). Balance Sheet പ്രകാരം Receivable Property Tax (Current+Arrear) 59,53,554.00 രൂപയാണ്. ഇതിൻ പ്രകാരം Receivable Liabrary Cess 2,83,503.00 രൂപയായിരിക്കും. എന്നാൽ Balance Sheet പ്രകാരം 2,88,512.00 രൂപയാണ്.

5). I & E Statement പ്രകാരം Profession Tax Employees (Demand) 1,57,92,641.00 രൂപയും R&P പ്രകാരം Collection 1,54,84,641.00 രൂപയുമാണ്. 3,08,000.00 രൂപയുടെ വ്യത്യാസമുണ്ട്.

6). I & E Statement പ്രകാരം 130200100 ഹെഡിൽ Rent From Staff Quarters - 19800.00 രൂപയും R&P പ്രകാരം Collection 300.00 രൂപയുമാണ്. Balance Sheet പ്രകാരം നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിൽ 19,500.00 രൂപയുടെ വ്യത്യാസമുണ്ട്.

7). 2020-21 ലെ Rent Receivable From Civic Amenities (Arrear) മുന്നിരിപ്പ് 52,47,819.00 (79,369+51,68,450) രൂപയാണ്. ഈയിനത്തിലുള്ള 2020-21 ലെ R&P Statement പ്രകാരം Collection 20,63,306.00 രൂപയാണ്. ഇതിൻ പ്രകാരം 31,84,513 രൂപയാണ് Receivables ഉണ്ടാകേണ്ടത്. എന്നാൽ Balance Sheet പ്രകാരം ഇത് 29,76,071.00 രൂപയാണ്. 2,08,442.00 രൂപയുടെ വ്യത്യാസമുണ്ട്.

8). R&P Statement ലെ 110010100 ഹെഡിൽ Property Tax (General) 51,181.00 വരവുണ്ട്. ഇത് എന്തെന്ന് വ്യക്തമല്ല.

9. I&E Statement ലെ 140110100 ഹെഡിലെ Licence Fee For D&O - Demand - 34,03,680.00 രൂപയാണ്. 2019-20 ലെ Advance Collection 28,24,480.00 രൂപയാണ്. 2020-21 ലെ Current Collection - 7,72,450.00 രൂപയും Receivable Licence Fee 24000.00 രൂപയുമാണ്. അഡ്വാൻസ് കളക്ഷനും കരണ്ട് കളക്ഷനും ചേരുമ്പോൾ ഡിമാന്റിലും അധികരിക്കുന്നതായാണ് കാണുന്നത്.

10). 140409900 ഹെഡിൽ Other Fees ഇനത്തിൽ 52,14,700.00 രൂപ വരവുണ്ട്. ഇത് എന്ത് ഇനത്തിലുള്ള വരവെന്ന് വ്യക്തമല്ല.

11). I&E Statement ലെ 140500900 ഹെഡിൽ Public Sanitation Charge 1,94,401.00 രൂപയാണ് വരവ്. R&P Statement പ്രകാരം ഇത് 1,02,401.00 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

12). I&E Statement ലെ 140501100 ഹെഡിൽ Bus Stand Fees ഇനത്തിൽ 1,00,000.00 വരവുണ്ട്. എന്നാൽ R&P Statement പ്രകാരം ഈ ഹെഡിൽ വരവില്ല.

13). I&E Statement ലെ 160101800 ഹെഡിൽ Grants / Funds For Pandemic/Epidemic Control - Revenue Expenses എന്ന ഇനത്തിൽ 10,00,000.00 രൂപ വരവുണ്ട്. ഇത് ഏത് ഇനത്തിലുള്ള വരവെന്ന് വ്യക്തമല്ല. R&P Statemnt പ്രകാരം ഇത്തരത്തിൽ വരവില്ല.

14). I&E Statement ലെ 160109900 ഹെഡിൽ Other Revenue Grant എന്ന ഇനത്തിൽ 2,21,31,309.00 രൂപ വരവുണ്ട്. ഇത് ഏത് ഇനത്തിലുള്ള വരവെന്ന് വ്യക്തമല്ല. R&P Statement ൽ ഇതേ ഹെഡിൽ 5,20,000.00 രൂപയാണ് വരവ്. ഇവ തമ്മിൽ വലിയ അന്തരം കാണുന്നു.

15). I&E Statement ലെ 180400100 ഹെഡിൽ Recovery From Employee എന്ന ഇനത്തിൽ 26,006.00 രൂപ വരവുണ്ട്. R&P Statement പ്രകാരം ഇത്തരത്തിൽ വരവില്ല.

16). Balance Sheet ലെ 431409901 ഹെഡിൽ Other Receivables (Current) എന്ന ഇനത്തിൽ 1,19,33,093.00 രൂപ കിട്ടാനുള്ളതായി കാണുന്നു. 431409902 ഹെഡിൽ അരിയറായി 7,90,96,581.00 രൂപയും കാണുന്നു. ഇവ എന്തെന്ന് വ്യക്തമല്ല.

17). Balance Sheet ലെ 431600100 ഹെഡിൽ Receivables From Government (Redemption Amount) എന്ന ഇനത്തിൽ 48,80,773.00 രൂപ കിട്ടാനുള്ളതായി കാണുന്നു. ഇത് എന്തിനത്തിൽ കിട്ടാനുള്ളതെന്ന് വ്യക്തമല്ല.

18). Balance Sheet ലെ 460100700 ഹെഡിൽ Miscellaneous Advance ഇനത്തിൽ 22,36,235.00 രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു. ഇത് എന്തിനത്തിലുള്ള അഡ്വാൻസെന്ന് വ്യക്തമല്ല.

19). Balance Sheet ലെ B-21 ഷെഡ്യൂളിലെ Provision For Outstanding Property Tax – 30,98,590.00 രൂപ, Provision For Outstanding Profession Tax (Traders) – 7,58,179.00 രൂപ എന്നിവ കണക്കാക്കിയിരിക്കുന്നത് എങ്ങനെയെന്നോ എന്ത് അടിസ്ഥാനത്തിലെന്നോ വ്യക്തമല്ല.

20). Balance Sheet ലെ 311710100 എന്ന ഹെഡിലെ MLA Fund, MP Fund എന്ന ഇനത്തിൽ 37,47,974.00 രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു. ഇത് ഏത് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

21). Balance Sheet ലെ 320200205 എന്ന ഹെഡിലെ Fund For Transfered Institutions – Social Welfare - Capital എന്ന ഇനത്തിൽ ബാധ്യതാ ഹെഡിൽ 10,000.00 രൂപയുണ്ട്. ഇത് എന്തെന്നോ ഏത് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നോ വ്യക്തമല്ല.

22). Balance Sheet ലെ 330200100 ഹെഡിൽ ലോൺ തിരിച്ചടക്കാനുള്ള ബാധ്യത മുൻ വർഷത്തെ തുകയായ 38,32,973.00 രൂപ തന്നെയാണ് 2020-21 ലും കാണിക്കുന്നത്. ഇത് ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

23). താഴെ ചേർക്കുന്ന ബാധ്യതാ വിവരങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഹെഡ് | ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 311700100 | Pension Fund For Contingent Staff | 37,47,974.00 |
| 2 | 350110400 | Provident Fund Payable | 49,80,773.00 |
| 3 | 350110600 | Contribution To Central Pension Fund Payable | 4,08,27,414.55 |
| 4 | 350110601 | Employees Liabilities - Contributory Pension | 2,44,707.00 |
| 5 | 350110700 | Contribution To Other Pension Fund Payable | 2,91,347.00 |
| 6 | 350119900 | Other Employees Liabilities Payable | 1,76,702.00 |
| 7 | 350300100 | Liabrary Cess Payable | 1,25,98,873.40 |

24). താഴെ ചേർക്കുന്ന ബാധ്യതകളുടെ മുൻ വർഷത്തെ നീക്കിയിരിപ്പുകൾ ഓഡിറ്റ് വർഷത്തിലും തുടരുന്നു. ഈ ബാധ്യതകൾ നിലവിലുള്ളവയാണോയെന്നും നീക്കിയിരിപ്പുകൾ മാറ്റമില്ലാതെ തുടരുന്നതിന്റേയും കാരണം വിശദീകരിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 320200205 | Fund For Transfered Institutions - Social Welfare Capital | 10,000.00 |
| 2 | 340100101 | Contracters Ernest Money Deposit - Municipal Fund | 2,18,700.00 |
| 3 | 340100102 | Contracters Ernest Money Deposit - Specific Grants | 1600.00 |
| 4 | 340100105 | Sppliers Earnest Money Deposit - Municipal Fund | 50,000.00 |
| 5 | 340100108 | Sppliers Earnest Money Deposit - Scheme Expenditure | 1500.00 |
| 6 | 340100201 | Contracter's Security Deposit - Municipal Fund | 71,450.00 |
| 7 | 340100302 | Contracter's Retention Money - Specific Grants | 2,46,655.00 |
| 8 | 340100303 | Contracter's Retention Money - Special Funds | 1,39,552.00 |
| 9 | 340200300 | Water Deposit | 15,000.00 |
| 10 | 340200400 | Electricity Deposit | 8000.00 |
| 11 | 350110300 | Unpaid Salaries | 4169.00 |

| | | | |
|---|---|---|---|
| 12 | 350110700 | Contribution To Other Pension Fund Payable | 2,91,347.00 |
| 13 | 350119900 | Other Employees Liability Payable | 1,76,702.00 |
| 14 | 350200205 | Recoveries Payable- Education Cess........ | 2205.00 |
| 15 | 350200208 | Recoveries Payable- Education Cess........ | 2956.00 |
| 16 | 350200209 | Recoveries Payable- Education Cess........ | 67,991.00 |
| 17 | 350200217 | Recoveries Payable – Kerala Construction.... | 2956.00 |
| 18 | 350300400 | Vat Payable | 1,81,312.00 |
| 19 | 350300500 | Service Tax Payable | 33,160.00 |
| 20 | 350300600 | Luxury Tax Payable | 71.00 |
| 21 | 350300710 | Govt.&Other Dues Payable – TDS-CGST | 15,263.00 |
| 22 | 350800100 | Liability In Respect Of Stale Cheque | 1400.00 |

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.12.2021 തീയതിയിലെ കെ.എസ്.എ – എ.വി.എം(എം2) 399/2021 -ാം നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | 2019-20 | 2020-21 |
|---|---|---|
| മുന്നിരിപ്പ് | 5,76,01,962.00 | 3,92,40,971.95 |
| വരവ് | 16,50,47,218.00 | 20,14,65,261.00 |
| ആകെ | 22,26,49,180.00 | 24,07,06,232.95 |
| ചെലവ് | 18,34,08,208.00 | 21,62,34,468.00 |
| നീക്കിയിരിപ്പ് | 3,92,40,972.00 | 2,44,71,764.95 |

മുൻ വർഷത്തെ ആകെ വരവുമായി താരതമ്യം ചെയ്യുമ്പോൾ നഗരസഭയുടെ ആകെ വരവിൽ നേരിയ വർദ്ധനവ് പ്രതിഫലിക്കുന്നുണ്ടെങ്കിലും ഇത് നഗരസഭയുടെ തനത് വരുമാനത്തിലുള്ള വർദ്ധനവല്ല എന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര – സംസ്ഥാന സർക്കാർ ഗ്രാന്റുകളിലുള്ള വർദ്ധനവാണ് ആകെ വർദ്ധനവിൽ പ്രതിഫലിക്കുന്നത്. ഗ്രാന്റുകളുടെ മുൻവർഷത്തേയും തൻവർഷത്തേയും വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | 2019-20 | 2020-21 | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 1,25,17,427.00 | 2,29,92,799.00 | 1,04,75,372.00 |
| വികസന ഫണ്ട് - എസ്.സി.പി | 15,56,640.00 | 16,52,740.00 | 96,100.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 65,94,047.00 | 1,49,82,861.00 | 83,88,814.00 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 65,75,632.00 | 2,28,00,394.00 | 1,62,24,762.00 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 29,17,563.00 | 42,64,682.00 | 13,47,119.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,19,78,998.00 | 1,20,62,302.00 | 83,304.00 |
| സി.എഫ്.സി (പെർഫോമൻസ് ഗ്രാന്റ്) | 0 | 50,56,329.00 | 50,56,329.00 |
| TOTAL | 4,21,40,307.00 | 8,38,12,107.00 | 4,16,71,800.00 |

മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും നഗരസഭയുടെ ആകെ വരവിൽ മുൻ വർഷത്തെ അപേക്ഷിച്ചുണ്ടായ വർദ്ധനവ് കേന്ദ്ര-സംസ്ഥാന സർക്കാർ ഗ്രാന്റുകളിൽ ഉണ്ടായ വർദ്ധനവ് മൂലമാണെന്ന് വ്യക്തമാണ്. എന്നാൽ നഗരസഭയുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതായാണ് കാണുന്നത് (ഖണ്ഡിക 1-16 ൽ നഗരസഭയുടെ തനത് വരുമാനത്തിലുണ്ടായ കുറവിനെ സംബന്ധിച്ച് പ്രത്യേകം പരാമർശിക്കുന്നുണ്ട്). സമീപകാലത്തുണ്ടായ നിരവധി പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ചെലവിലുള്ള വർദ്ധനവും നഗരസഭയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചിട്ടുണ്ട്. നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും വരുമാനം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യമാണ് വർഷങ്ങളായി നഗരസഭയിൽ നിലവിലുള്ളത്. നഗരസഭയുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഇല്ലാത്തത് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗൗരവമായി പരാമർശിച്ചിട്ടുള്ളതാണ്. അതോടൊപ്പം പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നഗരസഭയ്ക്ക് സാധിക്കുന്നില്ല. നഗരസഭാ ഓഡിറ്റോറിയങ്ങളുടെ നവീകരണം, ജനറൽ മാർക്കറ്റ് നിർമ്മാണം, വസ്തുനികുതി-മേഖലാ പുനർവിഭജനം, നിഷ്ക്രീയ ആസ്തികളുടെ പുനരുജ്ജീവനം മുതലായ നിർദ്ദേശങ്ങൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. ചെലവ് വർദ്ധനവിന് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ നഗരസഭയുടെ

ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

.

1-5 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)</td><td>0</td><td>2,41,81,594</td><td>2,41,81,594</td><td>2,29,92,799</td><td>11,88,795</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>0</td><td>33,55,000</td><td>33,55,000</td><td>16,52,740</td><td>17,02,260</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td>0</td><td>1,95,300</td><td>1,95,300</td><td>0</td><td>1,95,300</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td>0</td><td>2,95,80,000</td><td>2,95,80,000</td><td>2,28,00,394</td><td>67,79,606</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>0</td><td>55,98,794</td><td>55,98,794</td><td>42,64,682</td><td>13,34,112</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Basic Grant</td><td>0</td><td>3,00,36,953</td><td>3,00,36,953</td><td>1,49,82,861</td><td>1,50,54,092</td></tr>
<tr><td colspan="2">പെർഫോമൻസ് ഗ്രാന്റ്</td><td>0</td><td>1,14,60,000</td><td>1,14,60,000</td><td>50,56,329</td><td>64,03,671</td></tr>
<tr><td colspan="2">സാക്ഷരത</td><td>8,542</td><td>0</td><td>8,542</td><td>0</td><td>8,542</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>12,000</td><td>0</td><td>12,000</td><td>0</td><td>12,000</td></tr>
<tr><td rowspan="2">അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി</td><td>തൊഴിലാളികളുടെ കൂലി</td><td rowspan="2">11,97,010</td><td rowspan="2">29,504 (Interest)</td><td rowspan="2">12,26,514</td><td>5,55,606</td><td rowspan="2">6,70,908</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>0</td></tr>
</table>

1-6 പദ്ധതി അവലോകനം.

2020-21 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചവ % |
|---|---|---|---|---|---|
| 153 | 114 | 12,56,26,538 | 7,17,49805 | 39 | 74.50 |

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും പദ്ധതി നടത്തിപ്പിൽ കാര്യമായ പിന്നോക്കാവസ്ഥ നഗരസഭക്കുണ്ടായിട്ടില്ല. 153 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 114 പ്രോജക്ടുകൾ (74.50% ) നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 12.56 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 7.17 കോടി രൂപയോളം (57.11) ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന് ആനുപാതികമായി ചെലവ് നടന്നതായി കാണുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 74.50% എണ്ണം നടപ്പാക്കിയപ്പോൾ വകയിരുത്തിയ തുകയുടെ 57.11% തുകയാണ് ചെലവഴിക്കാൻ സാധിച്ചത്. അതായത് നടപ്പാക്കിയ ഓരോ പ്രോജക്ടുകൾക്കുമായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ലായെന്നാണ് മനസ്സിലാകുന്നത്. എന്നിരുന്നാലും മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതികൾ നടപ്പാക്കുന്നതിൽ കൃത്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2019-20 -ൽ 175 പദ്ധതികൾക്ക് അംഗീകാരം വാങ്ങി 88 എണ്ണം മാത്രം നടപ്പാക്കിയപ്പോൾ 2020-21 -ൽ അംഗീകാരം വാങ്ങിയ 153 എണ്ണത്തിൽ 114 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി നടത്തിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 19,35,000 | 3 | 19,35,000 | - |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 25,000 | 1 | 25,000 | - |
| കൃഷി ഓഫീസർ | 10 | 35,12,461 | 6 | 4,38,556 | 4 |
| സെക്രട്ടറി | 16 | 2,34,82,667 | 14 | 54,76,460 | 2 |
| വെറ്ററിനറി സർജൻ | 5 | 8,50,045 | 4 | 3,81,320 | 1 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 20 | 1,97,63,092 | 14 | 1,52,04,809 | 6 |
| മെഡിക്കൽ ഓഫീസർ (ഗവ. ഹോസ്പിറ്റൽ) | 1 | 15,00,000 | 1 | 15,00,000 | - |
| ICDS സൂപ്പർവൈസർ | 9 | 45,27,397 | 7 | 27,16,658 | 2 |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 3 | 25,40,000 | 2 | 25,00,000 | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 6,74,90,876 | 62 | 4,15,72,002 | 23 |
| | 153 | 12,56,26,538 | 114 | 7,17,49,805 | 39 |

മെഡിക്കൽ ഓഫീസർ (ആയുർവേദം), ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ (ഗവ. ഹോസ്പിറ്റൽ) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പൂർണ്ണമായും തുക ചെലവഴിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർക്ക് നഗരസഭയിൽ നിന്നും നൽകിയ മൂന്ന് പ്രോജക്ടുകളും ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റുകൾക്ക് വകയിരുത്തിയ തുകയിൽ 12.48% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താവുന്ന തരിശുഭൂമിയിലെ പച്ചക്കറി കൃഷി (വ്യക്തി, ഗ്രൂപ്പ്) കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോഗ് മത്സ്യകൃഷി, തരിശുഭൂമിയിലെ പച്ചക്കറി കൃഷി (വ്യക്തി, ഗ്രൂപ്പ്) (SCP) എന്നിങ്ങനെയുള്ള 4 പ്രോജക്ടുകൾക്കായി വകയിരുത്തിയ 27.20 ലക്ഷം രൂപയിൽ നിന്ന് തുകയൊന്നും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി സുഭിക്ഷ കേരളം പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ പുനരാവിഷ്കരിച്ച് കൃഷിക്ക് ഊന്നൽ നൽകേണ്ട സാഹചര്യത്തിൽ നഗരസഭയിൽ നിലവിലുണ്ടായിരുന്ന കാർഷിക പദ്ധതികൾപോലും നടപ്പാക്കാൻ സാധിച്ചിട്ടില്ല. കാർഷിക അനുബന്ധ മേഖലക്ക് പ്രത്യേകിച്ച് ഭക്ഷ്യോത്പാദനത്തിന് ഈ കാലഘട്ടത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഭക്ഷ്യ സാധനങ്ങൾ അത്യാവശ്യമാണ് എന്നത് മാത്രമല്ല ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചക്ക് വലിയ ഉത്തേജനം നൽകാനും സാധിക്കും. ഈ പശ്ചാത്തലത്തിലാണ് ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷക്കുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിൽ അവ വിപുലപ്പെടുത്താനും ആവശ്യമെങ്കിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാനും സർക്കാർ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. എന്നാൽ ആലുവ നഗരസഭയിൽ

നിലവിലുണ്ടായിരുന്ന കാർഷിക പ്രോജക്ടുകൾ പോലും നടപ്പാക്കുന്നതിനുള്ള പരിശ്രമം ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,97,010.00 | 29,504 പലിശ | 12,26,514.00 | 36 | 6,70,908.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 5,55,570.00 | |

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | NIL | NIL |
| കർഷകതൊഴിലാളി പെൻഷൻ | 1858000.00 | 12 |
| വിധവാപെൻഷൻ | 5898000.00 | 450 |
| വാർദ്ധക്യകാലപെൻഷൻ | 14934000.00 | 1310 |
| വികലാംഗപെൻഷൻ | 1674000.00 | 118 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 568300.00 | 40 |

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭ രൂപീകൃതമായതിന്റെ 100 -ാം വാർഷികത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് ആലുവ നഗരസഭ. എറണാകുളം ജില്ലയുടെ വ്യാവസായിക കേന്ദ്രമെന്ന് ഖ്യാതിയുണ്ടായിരുന്ന നഗരസഭ സ്പെഷ്യൽ ഗ്രേഡ് മുനിസിപ്പാലിറ്റിയായാണ് രൂപീകൃതമായത്. ഭൂവിസ്തൃതിയിൽ ചെറുതെങ്കിലും സാമ്പത്തിക സ്ഥിതിയിൽ വളരെ നല്ല നിലയിലായിരുന്നു നഗരസഭയുടെ പൂർവ്വകാല ചരിത്രം. 7.14 കി.മീ ചതുരശ്ര വിസ്തൃതിയുള്ള നഗരസഭയിൽ 25000 താഴെ മാത്രമാണ് ജനസംഖ്യ. നഗരസഭയുടെ നാളിതുവരെയുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ നിന്നും കാലാനുസൃതമായുണ്ടാകേണ്ട സാമ്പത്തിക പുരോഗതി ആലുവ നഗരസഭയിൽ ഉണ്ടായിട്ടില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നത് ആലുവയിൽ നിന്നാണ് എന്നതൊഴിച്ചാൽ സമീപകാലത്ത് ആലുവ നഗരസഭയിൽ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. താരതമ്യേന കുറഞ്ഞ ഭൂവിസ്തൃതിയുള്ള നഗരസഭയിൽ വലിയ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ

സ്ഥാപിക്കുന്നതിന് സ്ഥല പരിമിതിയാണ് പ്രധാന തടസ്സമാകുന്നത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പരിപാലനവും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളായ ഷോപ്പിങ്ങ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ, ജനറൽ മാർക്കറ്റ്, ബസ് സ്റ്റാന്റ് എന്നിവ കാലാനുസൃതമായി നവീകരിക്കാൻ സാധിച്ചിട്ടില്ല. നഗരസഭയുടെ അഭിമാന സ്തംഭങ്ങളായിരുന്ന പ്രിയദർശിനി ഹാളും മഹാത്മ ഗാന്ധി ടൗൺ ഹാളും. നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ഓഡിറ്റോറിയങ്ങളിൽ നിന്നുള്ള വാടക നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായിരുന്നു. എന്നാൽ പ്രളയവും കോവിഡും സൃഷ്ടിച്ച സവിശേഷ സാഹചര്യവും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഹാളുകൾ ആധുനീകരിക്കാത്തതും ഈ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ജനറൽ മാർക്കറ്റ് പുതുക്കി പണിയുന്നതിനായി പൊളിച്ചിട്ട് വർഷങ്ങളായെങ്കിലും നാളിതുവരെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള നിരവധി ഷോപ്പിങ്ങ് കോംപ്ലക്സുകൾ മെയിന്റനൻസ് നടത്തി നവീകരിച്ച് പരിപാലിക്കാനും സാധിക്കുന്നില്ല.

നഗരസഭയുടെ സമഗ്ര പുരോഗതിക്ക് ഉപകരിക്കുന്ന നിരവധി പ്രോജക്ടുകൾ പദ്ധതി രേഖയിലും ബജറ്റിലുമെല്ലാം ഇടംപിടിക്കുന്നുണ്ടെങ്കിലും ഇവയെല്ലാം പ്രായോഗികമാക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ ഭരണ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും ഉണ്ടായതായി കാണുന്നില്ല. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനോ കൗൺസിലിനോ, പ്രത്യേകിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കോ സാധിച്ചിട്ടില്ല. ബജറ്റ് ഗ്രാൻറുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം, നികുതികൾ, ഫീസുകൾ, വാടക എന്നിവയുടെ തിട്ടപ്പെടുത്തലും ഈടാക്കലും, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ എന്നിവയെല്ലാം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഇത്തരത്തിലുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ജാഗ്രത കാട്ടിയിട്ടില്ല.

നഗരസഭയിലെ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യവും വൈകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ ജീവനക്കാരുടെ കാര്യക്ഷമതയേയും പ്രവർത്തനങ്ങളെയും പ്രതികൂലമായി സ്വാധീനിക്കാവുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വിരമിച്ച ജീവനക്കാർ കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾക്ക് സമയബന്ധിതമായി ഓഡിറ്റിൽ നിന്ന് അംഗീകാരം വാങ്ങുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. ഒന്നിലധികം ശമ്പള പരിഷ്കരണങ്ങൾക്ക് ഒരുമിച്ച് അംഗീകാരം വാങ്ങുന്നതിനായി ഓഡിറ്റിലേക്ക് സേവനപുസ്തകങ്ങൾ ലഭ്യമാക്കുകയും ഏതെങ്കിലും രീതിയിലുള്ള അപാകതകളുണ്ടെങ്കിൽ അവ വളരെ വൈകി കണ്ടെത്തുകയും ഇതുമൂലം പരിഹരിക്കാൻ ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

ഇൻഫോർമേഷൻ കേരള മിഷൻ (IKM) വികസിപ്പിച്ചെടുത്തിട്ടുള്ള 16 സോഫ്റ്റ് വെയറുകളിൽ 11 സോഫ്റ്റ് വെയറുകളാണ് ആലുവ നഗരസഭയിൽ ഉപയോഗിക്കുന്നത്. എസ്റ്റാബ്ലിഷ്മെന്റ് സോഫ്റ്റ് വെയറായ സ്ഥാപന, അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യ, ജനന മരണ വിവാഹ രജിസ്ട്രേഷൻ, പെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട സേവന, പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട സുലേഖ, കെട്ടിട നിർമ്മാണ പെർമിറ്റിന്റെ സോഫ്റ്റ് വെയറായ സങ്കേതം എന്നീ സോഫ്റ്റ് വെയറുകളാണ് പ്രധാനമായും ഉപയോഗിക്കുന്നത് . സോഫ്റ്റ്‌വെറുകളിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കി ഇവയുടെ സംയോജനം നടപ്പാക്കിയാലാണ് പൂർണ്ണമായി സോഫ്റ്റ്‌വെയറുകളുടെ വിന്യാസം ഫലപ്രദമാകുകയുള്ളൂ. വരവിനങ്ങളുടെ സോഫ്റ്റ്‌വെയറുകളുടെയും (ഉദാ: സഞ്ചയ, സങ്കേതം) അക്കൗണ്ടിങ് സോഫ്റ്റ്‌വെയറായ സാംഖ്യയുടേയും സംയോജനം നാളിതുവരെ പൂർണ്ണമായിട്ടില്ല. നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകളുടെ സംയോജനം ജോലിഭാരം ലഘൂകരിക്കുന്നതിനും വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും സഹായകരമാണ്. എന്നാൽ ഇതിനുള്ള ഫലപ്രദമായ ഇടപെടലുകൾ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്നില്ല. സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിലും അവയെക്കുറിച്ച് പഠിക്കുന്നതിലും ജീവനക്കാർ കാണിക്കുന്ന താൽപര്യമില്ലായ്മയും കമ്പ്യൂട്ടർ ജോലികൾ ചെയ്യുന്നതിന് മറ്റ് ജീവനക്കാരെ ആശ്രയിക്കുന്ന പ്രവണതയും ഒഴിവാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയള വ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ 07.06.2014 വരെ | 2011 ഏപ്രിൽ മുതൽ 30.09.2013 വരെ | 01.12.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 02.12.2019 വരെ | 2018-2019 | 03.01.2020 |

1-11 സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ദൈനം ദിന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 20 പ്രകാരം 6 സ്റ്റാന്റിംഗ് കമ്മിറ്റികളാണ്

നഗരസഭകളിലുള്ളത്.

1). ധനകാര്യം

2). വികസനകാര്യം

3). ക്ഷേമകാര്യം

4). ആരോഗ്യം

5). മരാമത്ത്

6). വിദ്യാഭ്യാസം, കലാ, കായികം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

*ചുമതലകൾ /ഉത്തരവാദിത്വങ്ങൾ*

* ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം, കൗൺസിലിന് കിട്ടേണ്ടതായ നികുതികൾ, ഫീസുകൾ, വാടക എന്നിവയുടെ തിട്ടപ്പെടുത്തലും ഈടാക്കലും.

* മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുക.

* സർക്കാരിൽ നിന്നും ലഭിക്കുന്ന വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക.

* അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റു ചെയ്യുക.

* കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മറ്റിക്ക് തോന്നുന്നതുമായ തുകകൾ ചട്ടങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുക.

* വാർഷിക അക്കൗണ്ടുകളുടെ തുക ആവശ്യപ്പെടലുകളും പരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മ പരിശോധന നടത്തുക.

* 286 -ാം വകുപ്പു പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വയ്ക്കുക.

* കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കുക.

* നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക.

* നികുതി സംബന്ധിച്ച കേസുകൾ പുനഃപരിശോധിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുക.

നഗരസഭയുടെ വൈസ് ചെയർപേഴ്സനാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ. 2020-21 വർഷം 11 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം ബജറ്റ് തയ്യാറാക്കുക എന്നതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും സെക്രട്ടറിയും അതതു വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും

നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകേണ്ടതും, പ്രസ്തുത നിർദ്ദേശങ്ങളെയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ആടുത്ത വർഷത്തേക്കുള്ള വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കേണ്ടതാണ്. എന്നാൽ ആലുവ നഗരസഭയിലെ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകിയിട്ടുള്ളതായോ ബജറ്റ് സംബന്ധിച്ച് കാതലായ എന്തെങ്കിലും ചർച്ച കൗൺസിലിൽ നടന്നതായോ കാണുന്നില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് നഗരസഭ കടന്നുപോകുന്നത്. ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നതിനോ, പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനോ നഗരസഭയ്ക്ക് കഴിയുന്നില്ല. ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പല പ്രോജക്ടുകളും വെറും ഭാവനമാത്രമാണ്. നാലാം മൈൽ നഗരസഭ വക സ്ഥലത്ത് ആധുനിക രീതിയിലുള്ള ഓഡിറ്റോറിയം നിർമ്മാണം – 5 കോടി രൂപ, മിനി മാർക്കറ്റ് നിർമ്മാണം - 2 കോടി രൂപ, പ്രിയദർശിനി ഹാൾ നവീകരണം - 50 ലക്ഷം രൂപ, എം.ജി ടൗൺ ഹാൾ നവീകരണം -75 ലക്ഷം രൂപ എന്നിങ്ങനെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെയൊക്കെ പ്രാരംഭ നടപടികൾ പോലും ആരംഭിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നിലവിലുള്ള ടൗൺ ഹാൾ നല്ല രീതിയിൽ മെയിന്റനൻസ് നടത്തികൊണ്ടുപോകുവാൻ നഗരസഭയ്ക്ക് കഴിയുന്നില്ല. ചെലവുകളും റീ ഫണ്ടുകളും അനുവദിക്കൽ മാത്രമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയ്തുകൊണ്ടിരിക്കുന്നത്.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മൽസ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും മറ്റു സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്.

2020-21 വർഷത്തെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് പരിശോധനക്ക് ഹാജരാക്കുകയുണ്ടായി. മിനിറ്റ്സ് ബുക്കിൽ യാതൊരു രേഖപ്പെടുത്തലുകളും ഇതുവരെ വരുത്തിയിട്ടില്ല. നഗരസഭയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളിലൊന്നാണ് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി. വളരെ ലാഘവത്തോടുകൂടിയാണ് നഗരസഭയുടെ പ്രവർത്തനങ്ങളെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ കാണുന്നത് എന്നതിന് ഉദാഹരണമാണ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ലാതിരിക്കുന്നത്. മിനിറ്റ്സ് രേഖപ്പെടുത്താതിരിക്കുന്ന വികസന കാര്യ

സ്റ്റാന്റിംഗ് കമ്മറ്റിയുടെ വീഴ്ച കൗൺസിൽ പരിശോധിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി, പട്ടികവർഗ്ഗവികസനം, സമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും, ദാരിദ്രനിർമ്മാർജ്ജനം, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൈകാര്യം ചെയ്യുന്നത്.

2020-21 വർഷത്തിൽ 12 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ പരിഗണിക്കുന്നതാണ് പ്രധാന അജണ്ട. 5 വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പൊതു ജനാരോഗ്യവും ആരോഗ്യ സേവനം, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. 2020-21 -ൽ 11 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആലുവ നഗരസഭയിൽ താരതമ്യേന നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാന്റിംഗ് കമ്മറ്റികളിലൊന്നാണ് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി. കോവിഡ് മഹാമാരിയുടെ സമയത്തൊക്കെ നല്ല രീതിയിലുള്ള പ്രവർത്തനം നടത്തുവാൻ കമ്മറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും നഗരത്തിന്റെ പല ഭാഗത്തും മാലിന്യം കുന്നുകൂടി കിടക്കുന്ന സാഹചര്യം നിലവിലുണ്ട്. എസ്.എൻ.ഡി.പി. ആശ്രമത്തിനോട് ചേർന്നുള്ള മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. പൊളിച്ചുമാറ്റിയ മാർക്കറ്റ് ഇതുവരെ പുനർനിർമ്മിക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. നാല് വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.

മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങളാണ് മരാമത്തു സ്റ്റാന്റിംഗ് കമ്മറ്റി കൈകാര്യം ചെയ്യുന്നത്. 2020-21 വർഷം 17 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പൊതുമരാമത്ത്, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം എന്നീ മേഖലകളിൽ മാത്രമാണ് നിലവിൽ സ്റ്റാന്റിംഗ് കമ്മറ്റി

പ്രവർത്തനം നടത്തുന്നത്.

വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി _

നഗരസഭയുടെ വിദ്യാഭ്യാസം, കലാകായിക വിനോദം, സംസ്കാരം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. 2020-21 സാമ്പത്തിക വർഷം 11 തവണയാണ് വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിട്ടുള്ളത്. എല്ലാ കമ്മിറ്റികളിലും മുഴുവൻ അംഗങ്ങളും പങ്കെടുത്തിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകായിക രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടത്തുവാൻ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. നഗരസഭാ ലൈബ്രറിയുടെ പുനരദ്ധാരണം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. നഗരസഭയ്ക്ക് സ്വന്തമായി ഗ്രൗണ്ടും അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിലും കായിക വിനോദ മേഖലകളിൽ ഈ ഗ്രൗണ്ടിന്റെ പ്രയോജനം ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. കായിക രംഗത്ത് കുറച്ചുകൂടി മെച്ചപ്പെട്ട പ്രവർത്തനം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - പ്രത്യേക അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി. ആലുവ നഗരസഭയിലെ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നിയമപരമായ ഉത്തരവാദിത്തങ്ങളും ചുമതലകളും ഇവ നിർവ്വഹിക്കുന്നതിൽ ആലുവ നഗരസഭയിലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പിൻതുടരുന്ന കീഴ്‌വഴക്കവും താഴെ ചേർക്കുന്നു.

| ക്രമ നം | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നിയമപരമായ ഉത്തരവാദിത്തം | ആലുവ നഗരസഭയിൽ പിൻതുടരുന്ന കീഴ്‌വഴക്കം |
|---|---|---|
| 1 | കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 286 പ്രകാരം മുനിസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ്. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 63 പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 286 ഉം സർക്കാർ മാർഗനിർദ്ദേശങ്ങളും അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിൽ | ആലുവ നഗരസഭയിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ ശരിയായ മുന്നൊരുക്കം നടക്കുന്നില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ എതിർപ്പ് മൂലം 2016-17 വർഷത്തെ ബഡ്ജറ്റ് പാസ്സാക്കാൻ സാധിച്ചിരുന്നില്ല. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിലേക്കായി കൂടിയ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മീറ്റിങ്ങ് ക്വാറം തികയാതിരുന്നതുമൂലം 2 പ്രാവശ്യം |

| | | |
|---|---|---|
| | ബഡ്ജറ്റ് തയ്യാറാക്കണം. ബഡ്ജറ്റ് മുന്നൊരുക്കത്തിന്റെ ഭാഗമായി നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകൾ, ഇവയിൽ നിന്നുള്ള പ്രതീക്ഷിത വരുമാനം, പുതിയ വരുമാന മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ശ്രദ്ധാപൂർവ്വമായ അവലോകനം അനിവാര്യമാണ്. | മാറ്റിവെക്കേണ്ടിവന്നിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷത്തിലും യഥാർത്ഥ വരവ് ചെലവും ബഡ്ജറ്റും തമ്മിൽ വലിയ അന്തരമുണ്ടാകുന്നുണ്ട്. നഗരസഭയുടെ നിലവിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനോ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. |
| 2 | ഡബിൾ എൻട്രി അക്കൗണ്ടിങ്ങിന്റെ ഭാഗമായി ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക്, ജനറൽ ലഡ്ജർ / സബ് ലെഡ്ജർ, വൗച്ചർ എന്നിവ തയ്യാറാക്കേണ്ടതാണെന്ന് 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കുന്നു. ചട്ടം 56 പ്രകാരം വരവ് ചെലവുകളുടെ ഫണ്ട് തിരിച്ചുള്ള പ്രതിമാസ സ്റ്റേറ്റ്മെന്റ് നിശ്ചിത പ്രൊഫോമയിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 20ാം തിയതിക്കകം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അതിനാൽ തന്നെ അക്കൗണ്ടുകൾ പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. സാംഖ്യ സോഫ്റ്റ് വെയറിൽ വെബ് ആപ്ലിക്കേഷൻ മുഖേന വ്യൂ ചെയ്യുന്നതിനുള്ള സൗകര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ദൈനംദിന ഇടപാടുകളുടെ അക്കൗണ്ടിങ്ങിൽ ഇടപെടലുകൾ നടത്താൻ സാധിക്കില്ലെങ്കിലും അക്കൗണ്ടുകളുടെ വിശദമായ പരിശോധന നടത്തുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും സാധിക്കുന്നതാണ്. എന്നാൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ്, സാംഖ്യ സോഫ്റ്റ് വെയർ എന്നീ വിഷയങ്ങളിൽ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾക്ക് ആഴത്തിലുള്ള അറിവുണ്ടാകണമെന്നില്ല. അതിനാൽതന്നെ വിശദമായ പരിശോധന ഇക്കാര്യത്തിൽ സാധ്യമല്ല. ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്തമാസത്തെ കമ്മിറ്റിയിൽ പാസ്സാക്കൽ, ചെലവുകൾക്ക് ആംഗീകാരം നൽകൽ, നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട അസ്സസ്സ്മെന്റിലെ അപാകതകൾ |

| | | |
|---|---|---|
| | ചെയർമാനുണ്ടെന്നതിനാൽ അക്കൗണ്ടിങ്ങിലെ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ സാധിക്കുന്നതാണ്. | പരിഹരിക്കൽ, വാടക, ലേലം, ക്വട്ടേഷൻ അംഗീകരിക്കൽ, ക്യാൻസൽ ചെയ്ത ടൗൺ ഹാൾ വാടക അനുവദിക്കൽ എന്നിവയാണ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രധാന അജണ്ടകൾ. |
| 3 | സർക്കാരിൽ നിന്നുള്ള വിവിധ ഗ്രാന്റുകൾ ഉൾപ്പെടുന്നതാണ് മുനിസിപ്പൽ ഫണ്ട്. കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 283(ഇ) പ്രകാരം പദ്ധതികളും പ്രോജക്റ്റുകളും പ്ലാനുകളും നടപ്പാക്കുന്നതിലേക്ക് സർക്കാർ മുനിസിപ്പാലിറ്റിക്ക് നൽകുന്ന ഗ്രാന്റുകൾ എന്താവിശ്യത്തിനുവേണ്ടി നൽകിയോ ആ ആവിശ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം നഗരസഭയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും അക്കൗണ്ട് ബുക്കുകളിൽ രേഖപ്പെടുത്തണം. | സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നീരീക്ഷിക്കുന്നതിന് കൗൺസിലിന് ഉത്തരവാദിത്തമുണ്ട്. പദ്ധതി ചെലവുകളുടെ ബില്ലുകൾക്ക് സാംഖ്യ വെബ് ആപ്ലിക്കേഷൻ മുഖേന ചെയർമാൻ അപ്രൂവൽ നൽകുന്നുണ്ട്. മറ്റ് ചെലവുകൾക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരവും വാങ്ങുന്നുണ്ട്. എന്നാൽ ചെലവുകളെ സംബന്ധിച്ച സംബന്ധിച്ച വിശദമായ പരിശോധന കൗൺസിലിന്റെ ഭാഗത്ത് നിന്നോ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നോ ഉണ്ടാകുന്നില്ല. |
| 4 | 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 56 പ്രകാരം വരവ് ചെലവുകളുടെ ഫണ്ട് തിരിച്ചുള്ള പ്രതിമാസ സ്റ്റേറ്റ്മെന്റ് നിശ്ചിത പ്രൊഫോമയിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 20-ാം തിയതിക്കകം സ്റ്റാന്റിങ്ങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. മേല്പറഞ്ഞ പ്രകാരം ലഭിക്കുന്ന വരവ് | നഗരസഭയിൽ മാസം തോറും വരവ് ചെലവുകളുടെ ഫണ്ട് തിരിച്ചുള്ള പ്രതിമാസ സ്റ്റേറ്റ്മെന്റ് നിശ്ചിത പ്രൊഫോമയിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 20-ാം തിയതിക്കകം സ്റ്റാന്റിങ്ങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നുണ്ട്. എന്നാൽ ഇവയിന്മേലുള്ള ഓഡിറ്റോ വിശദമായ പരിശോധനയോ ഗൗരവമായ ചർച്ചകളോ നടക്കുന്നില്ല. |

| | | |
|---|---|---|
| | ചെലവുകളുടെ സംക്ഷേപം ഓഡിറ്റിന് വിധേയമാക്കേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ കടമയാണ്. 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22(ഡി) (Ii) പ്രകാരം മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾക്ക് അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യ ഉൾപ്പെടെയുള്ള വിവിധ സോഫ്റ്റ് വെയറുകൾ പരിശോധിക്കുന്നതിന് ഇവയെ സംബന്ധിച്ചുള്ള അറിവ് കുറവ് തടസ്സമാകുന്നു. എന്നിരുന്നാലും എല്ലാ ചെലവുകൾക്കും ബഡ്ജറ്റ് പരിധിക്ക് വിധേയമായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നുണ്ട്. |
| 5 | 1994 ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം വസൂലാക്കാൻ സാധിക്കില്ലന്ന് സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബോദ്ധ്യം വന്നാൽ തങ്ങളെ അധികാരപ്പെടുത്തിയിരിക്കുന്ന പരിധിക്ക് വിധേയമായി എഴുതിത്തള്ളാവുന്നതും അതിൽ കവിഞ്ഞ തുകയുടെ കാര്യത്തിൽ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അഭിപ്രായം കൗൺസിലിന്റെ തീരുമാനത്തിനായി അയക്കേണ്ടതുമാണ്. | ആലുവ നഗരസഭയിൽ വസൂലാക്കാൻ സാധിക്കാത്ത കുടിശ്ശികകൾ എഴുതിത്തള്ളാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനമെടുത്തതായോ കൗൺസിൽ തീരുമാനത്തിനായി അയച്ചതായോ കാണുന്നില്ല. |
| 6 | 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22(ഡി) (V) അക്കൗണ്ടുകൾ മാസം തോറും ആഡിറ്റ് ചെയ്യേണ്ടതും മാസം തോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരുപ്പുതുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവുചെലവുകളുടെ സംക്ഷേപവും | ചെലവുകൾക്ക് അംഗീകാരം നൽകുന്നതോടൊപ്പം സെക്രട്ടറി സമർപ്പിക്കുന്ന മാസാന്ത്യ കണക്കുകളും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22(ഡി) (Vi) പ്രകാരമുള്ള വാർഷിക കണക്കുകളുടേയും ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടേയും സൂക്ഷ്മമായ |

| | | |
|---|---|---|
| | പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയാണ്. | പരിശോധന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നടക്കുന്നില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നുള്ള മാസാന്ത്യ കണക്കുകളിൽ നിന്നും ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമാണ്. എന്നാൽ മേല്പറഞ്ഞ വിവരങ്ങളെ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നടന്നതായി കാണുന്നില്ല. |
| 7 | 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 63(1) പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 നം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വാർഷിക ബഡ്ജറ്റ് അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഓരോ ഫണ്ടിനും പ്രത്യേകം ബഡ്ജറ്റും കൂടാതെ നഗരസഭക്ക് മൊത്തത്തിലായും ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്. | അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകളുടെ വിശദമായ പരിശോധന ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ വളരെ നിർണ്ണായകമാണ്. എന്നാൽ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങളുടെ സാഖ്യ സോഫ്റ്റ് വെയറിലെ പരിമിതമായ അറിവ് മാത്രമാണുള്ളത്. പരമ്പരാഗത രീതിയിൽ തന്നെയാണ് ഇപ്പോഴും നഗരസഭയിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത്. നഗരസഭയിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളിൽ നിന്നുള്ള വിവരങ്ങളുടെ വിശദമായ പരിശോധന ബഡ്ജറ്റ് മുന്നൊരുക്കത്തിൽ അനിവാര്യമാണ്. |
| 8 | 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 പ്രകാരം മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്ത യാതൊരു ചെലവിനും അംഗീകാരം നൽകാൻ പാടില്ലാത്തതാണ്. ചട്ടപ്രകാരം നഗരസഭാ സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ, അക്കൗണ്ട്സ് | നഗരസഭയിലെ ചെലവുൾക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകാരം നൽകുന്നുണ്ട്. ചെലവുകൾ ബഡ്ജറ്റിനെ അധികരിക്കുന്നില്ലയെന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഇത് ഏത് രീതിയിൽപരിശോധിക്കുന്നുവെന്ന് വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ |

| | | |
|---|---|---|
| | ഓഫീസർ എന്നിവരിൽ ബഡ്ജറ്ററി കൺട്രോൾ ഉത്തരവാദിത്തം നിക്ഷിപ്തമാണ്. ചട്ടം 66 പ്രകാരം ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്ത സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി സാങ്ഷൻ ഓർഡറോ വർക്ക് ഓർഡറോ പുറപ്പെടുവിക്കാൻ പാടില്ല. അഥവാ ചെലവ് ആവശ്യമാണെങ്കിൽ സെക്രട്ടറിയോ / അക്കൗണ്ട്സ് ഓഫീസറോ അഡീഷണൽ ബഡ്ജറ്റ് പ്രൊവിഷനോ റീ അപ്രോപ്രിയേഷനോ നടത്തിയ ശേഷം സാങ്ഷനോ വർക്ക് ഓർഡറോ പുറപ്പെടുവിക്കാവുന്നതാണ്. | മിനിറ്റ്സിൽ ഇത്തരം രേഖപ്പെടുത്തലുകൾ കാണുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബഡ്ജറ്റ് തുകകൾ സാംഖ്യ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യാൻ സാധിച്ചാൽ യഥാർത്ഥ ചെലവും ബഡ്ജറ്റ് വിഹിതവും തമ്മിലുള്ള താരതമ്യം എളുപ്പത്തിൽ സാധ്യമാകുന്നതാണ്. |
| 9 | 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 72 പ്രകാരം മുനിസിപ്പൽ ഫണ്ടിന്റേയോ സ്റ്റോറിന്റേയോ പ്രോപ്പർട്ടിയുടേയോ ദുരുപയോഗം കണ്ടുപിടിക്കപ്പെട്ടാൽ സെക്രട്ടറി പോലീസിലും കൗൺസിലിലും സർക്കാരിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേല്പറഞ്ഞ നടപടികൾക്ക് പുറമെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. | ജീവനക്കാർക്കെതിരെയുള്ള പരാതികൾ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പരിഗണനയിൽ വരുന്നുണ്ട്. സെക്ഷൻ 22(ഡി) (Ix) പ്രകാരം കൗൺസിൽ നിർദ്ദേശപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അന്വേഷണം നടത്തേണ്ട സാഹചര്യം നഗരസഭയിൽ ഉണ്ടായിട്ടില്ല. |
| | | |
| 10 | നഗരസഭക്ക് ലഭിക്കേണ്ട വരവിനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിനും നികുതിവരുമാനം ഊർജ്ജിതമാക്കുന്നതിനും ധനകാര്യ | നഗരസഭയുടെ വരുമാനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് തുടർച്ചയായി കുറവുണ്ടാകുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കാര്യമായ ചർച്ച ധനകാര്യ |

| | | |
|---|---|---|
| | സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ഉത്തരവാദിത്തമുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം ബഡ്ജറ്റ് അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. അതിനാൽ തന്നെ ബഡ്ജറ്റ് പ്രകാരമുള്ള വരവിൽ കുറവുണ്ടാകാതിരിക്കുന്നതിന് ധനകാര്യ സ്റേറാന്റിങ്ങ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്. | സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നടന്നിട്ടില്ല. നിലവിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ വിട്ടുപോയ നികുതി ചുമത്തുന്നതിനോ മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുനഃപരിശോധിക്കുന്നതിനോ കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. |

## 1-13 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന മാസം പ്രതി സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് സമയത്തെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്. ക്യാഷ് പരിശോധന വിവരങ്ങൾ അതാത് മാസം തന്നെ മുഖ്യകാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഓഡിറ്റ് കാലയളവിലെ അവസാനത്തെ ക്യാഷ് പരിശോധന 16.05.2022 തീയതിയിലായിരുന്നു.

## 1-14 സഞ്ചയ സോഫ്റ്റ് വെയർ കാര്യക്ഷമമാക്കാത്തത് സംബന്ധിച്ച്

IKM സോഫ്റ്റ് വെയറുകളുടെ സാന്നിദ്ധ്യം വിവരശേഖരണം എളുപ്പമാക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. എന്നാൽ തന്നെയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഗുണങ്ങൾ പൂർണ്ണ അളവിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. IKM സോഫ്റ്റ്‌വെയറുകൾ കൂടാതെ പ്രൈസ്, ബിംസ്, സോഫ്റ്റ്‌വെയറുകളുടെ സേവനവും നഗരസഭയുടെ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഉല്പാദന

ക്ഷമത വർദ്ധിപ്പിക്കുക, സേവന ലഭ്യത ഉറപ്പ് വരുത്തുക, വിവര ശേഖരണം എളുപ്പവും കൃത്യവുമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സോഫ്റ്റ് വെയറുകൾ വിന്യസിച്ചത്.

സ്ഥാപനത്തിന്റെ റവന്യൂ സംവിധാനം കൈകാര്യം ചെയ്യുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വസ്തു നികുതി, തൊഴിൽ നികുതി (വ്യാപാരികൾ) ഡി & ഒ ലൈസൻസ് തുടങ്ങിയ റവന്യൂ ഇനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഐ.കെ.എം തയ്യാറാക്കിയിരിക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നതാണ്. മേല്പറഞ്ഞ റവന്യൂ വരവുകൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന കൈകാര്യം ചെയ്യുന്നതിന് മേല്പറഞ്ഞ ഇനങ്ങളുടെ ഡാറ്റാ എൻട്രി നിർവ്വഹിക്കൽ അനിവാര്യമാണ്.

നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണത്തിന്റെ പ്രാബല്യതീയതി 01.04.2016 ആയി ദീർഘിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (സാധാ) നം. 540/2019/ത.സ്വ.ഭ.വ തീയതി 06.03.2019 ൽ കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോറം നമ്പർ 6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും 2019 സെപ്റ്റംബർ മാസത്തിനകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ആലുവ നഗരസഭയിൽ ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ ആലുവ നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്തതിന്റെ വിവരങ്ങൾ വാർഡ് തിരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭയിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. ഡാറ്റാ എൻട്രി പൂർത്തിയാകാത്ത സാഹചര്യത്തിൽ ഓൺലൈൻ സേവനങ്ങൾ പൂർണ്ണതോതിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറും മറ്റ് സോഫ്റ്റ് വെയറുകളും തമ്മിലുള്ള സംയോജനവും നാളിതുവരെ സാധ്യമായിട്ടില്ല.

1-15 നഗരസഭയിലെ ഇ – ഗവേണൻസ് -പോരായ്മകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിരിക്കുന്ന ഇ-ഗവേണൻസ് സംവിധാനത്തിന് നിരവധി ഗുണങ്ങൾ ഉണ്ടെന്നത് അംഗീകരിക്കുമ്പോൾ തന്നെ ഇതിന്റെ ഫലപ്രാപ്തി പൂർണ്ണതോതിൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ലായെന്നത് വസ്തുതയാണ്. നഗരസഭകളിൽ നിലവിലുള്ള സോഫ്റ്റ്‌വെയറുകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനോ ഇതിന്റെ ഗുണങ്ങൾ ജനങ്ങളിലേക്ക് പൂർണ്ണതോതിൽ എത്തിക്കുന്നതിനോ സാധിച്ചിട്ടില്ല. ഇനിയും പരിഹരിക്കപ്പെടാത്ത നിരവധിയായ പോരായ്മകൾ നഗരസഭകളിലെ ഇ-ഗവേണൻസ് സംവിധാനത്തിൽ കാണാൻ സാധിക്കുന്നു.

നഗരസഭകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ തമ്മിലുള്ള പരസ്പര സംയോജനം (Integration) ഇനിയും സാധ്യമായിട്ടില്ല. ഡാറ്റാ എൻട്രി പൂർത്തിയാക്കി സോഫ്റ്റ് വെയറുകൾ തമ്മിലുള്ള സംയോജനം

(Integration) പൂർത്തീകരിച്ചാലാണ് പൂർണ്ണ അളവിൽ ഇവയുടെ ഗുണം ലഭിക്കുകയുള്ളൂ. ഉദാഹരണമായി, സാമൂഹ്യ സുരക്ഷ പെൻഷൻ സോഫ്റ്റ് വെയർ (സേവന) മരണ രജിസ്ട്രേഷന്റെ (സേവന) സോഫ്റ്റ് വെയറുമായി സംയോജനം (Integration) നടത്താവുന്നതാണ്. മരണപ്പെട്ട ആളുടെ ആധാർ നമ്പർ രജിസ്ട്രേഷൻ സമയത്ത് ചേർക്കാൻ സാധിക്കുകയും ആധാർ ഉപയോഗിച്ച് ലിങ്ക് ചെയ്യുന്നതിലൂടെയും മരണപ്പെട്ട ആളുടെ പെൻഷൻ മരണ സമയത്തുതന്നെ പെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാകുന്നതാണ്. പെൻഷണർ മറ്റൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിൽ വച്ച് മരണപ്പെടുകയും മരണം അവിടെ രജിസ്റ്റർ ചെയ്യപ്പെട്ടാലും രജിസ്ട്രേഷൻ സമയത്ത് പെൻഷണറുടെ സ്ഥിര താമസം രേഖപ്പെടുത്തുന്നതിലൂടെ പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാകുന്നതാണ്. മറ്റൊരു ഉദാഹരണമായി സങ്കേതം സോഫ്റ്റ് വെയറിലെ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തി, വസ്തു നികുതിയുടെ സഞ്ചയയുമായി സംയോജിപ്പിക്കുന്നതിലൂടെ വസ്തു നികുതി നിർണ്ണയം എളുപ്പമാക്കാവുന്നതാണ്. നഗരസഭയുടെ വരവ് - ചെലവുകളെ സ്വാധീനിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയുമായി സംയോജിപ്പിക്കുന്നതിലൂടെ അക്കൗണ്ടിങ്ങ് ജോലികൾ എളുപ്പമാക്കുന്നതിനും കൃത്യത ഉറപ്പ് വരുത്തുന്നതിനും സാധിക്കും.

വിവിധ സോഫ്റ്റ് വെയറുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൽ പൊരുത്തക്കേടുകളുണ്ട്. സാംഖ്യ – സഞ്ചയ സോഫ്റ്റ് വെയറുകളിലെ ഡാറ്റകളിൽ പൊരുത്തക്കേടുകൾ നിലവിലുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല. അതിനാൽതന്നെ സഞ്ചയയിൽ നിന്നുള്ള തുകകളല്ല സാംഖ്യയിൽ ഡിമാന്റായി ഉൾപ്പെടുത്തുന്നത്. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾക്ക് പകരം നഗരസഭയിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളെയാണ് പല ഇനങ്ങളുടേയും ഡിമാന്റ് തുക കണക്കാക്കുന്നതിന് ഇപ്പോഴും സാംഖ്യയിൽ ആശ്രയിക്കുന്നത്. ഉദാഹരണമായി, വസ്തുനികുതിയുടെ ഡാറ്റാ എൻട്രി പൂർത്തിയാകാത്ത സാഹചര്യത്തിൽ വസ്തുനികുതിയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിന് ബിൽ കളക്റ്റർമാരുടെ കൈവശമുള്ളതും ഔദ്യോഗികമായി കണക്കാക്കാൻ സാധിക്കാത്തതുമായ ഹാന്റ് ബുക്കുകളെയാണ് ആശ്രയിക്കുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ പൂർണ്ണമായും ഓൺ ലൈൻ സോഫ്റ്റ് വെയറുകളല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഫ്റ്റ് വെയറുകളിൽ വെബ് അടിസ്ഥാനത്തിലുള്ള ഓൺ ലൈൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണെങ്കിലും ഇവയെല്ലാം ലോക്കൽ സോഫ്റ്റ് വെയറുകളായാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഇന്റർ നെറ്റ് സൗകര്യമില്ലാത്തപ്പോഴും പ്രവർത്തിപ്പിക്കാമെന്നതൊഴിച്ചാൽ ഓൺ ലൈൻ സോഫ്റ്റ് വെയറുകൾക്കുള്ള

പല നേട്ടങ്ങളും ലോക്കൽ സോഫ്റ്റ് വെയറുകൾക്ക് ഇല്ല. മുടക്കം വരാതെ പ്രവർത്തിക്കേണ്ട ഫ്രണ്ട് ഓഫീസ് ഒഴികെയുള്ള പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിന് സാധിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഓപ്പൺ സോഴ്സ് ഓപ്പറേറ്റിങ്ങ് സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിന് ഓൺ ലൈൻ സൗകര്യമുണ്ടങ്കിൽ സാധിക്കുന്നതാണ്. പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്ന സമയത്ത് Windows OS, MS Office എന്നിവ വില കൊടുത്ത് വാങ്ങേണ്ടി വരുന്നതിന്റെ അധിക ചെലവ് ഒഴിവാക്കാവുന്നതാണ്.

പ്രത്യേക പ്രാവീണ്യം ആവശ്യമുള്ളതായ ജോലികളിൽ പ്രാവീണ്യമുള്ള ജീവനക്കാരെ കണ്ടെത്താനാകാത്തതും ജീവനക്കാർക്ക് മതിയായ പരിശീലനം ലഭിക്കാത്തതും ജീവനക്കാരുടെ ജോലി സ്വഭാവത്തിൽ അടിക്കടിയുണ്ടാകുന്ന മാറ്റവും സോഫ്റ്റ് വെയറുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഉദാഹരണമായി പഞ്ചായത്തുകളിലുള്ളതുപോലെ അക്കൗണ്ടന്റ് തസ്തിക നഗരസഭകളിൽ ഇല്ലാത്തത് സാംഖ്യ സോഫ്റ്റ് വെയർ ഫലപ്രദമായി ഉപയോഗിക്കുന്നതിന് തടസ്സമാകുന്നു. പഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാർക്ക് ഡബിൾ എൻട്രി അക്കൗണ്ടിങ്ങിലും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലും പ്രത്യേക പരിശീലനം ലഭിക്കുന്നത് ഫലപ്രദമാണെന്നതിന് തെളിവാണ് ഇവിടങ്ങളിൽ നിന്നും ലഭിക്കുന്ന താരതമ്യേന അപാകതകൾ കുറഞ്ഞ വാർഷിക ധനകാര്യ പത്രികകൾ. എന്നാൽ നഗരസഭകളിൽ പ്രത്യേകം അക്കൗണ്ടന്റ് തസ്തികയില്ലാത്തതും ഈ ജോലി ചെയ്യുന്നതിനായി മുൻപരിചയമില്ലാത്ത ക്ലാർക്കുമാരെ നിയോഗിക്കുന്നതും ഈ തസ്തികയിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കാനാകാത്തതും സാംഖ്യ സോഫ്റ്റ് വെയർ ഫലപ്രദമായും കാര്യക്ഷമമായും ഉപയോഗിക്കുന്നതിന് തടസ്സമാകുന്നു. അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യ, പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിങ്ങ് എന്നിവയുടെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തുന്ന സുലേഖ, റവന്യൂ വിവരങ്ങൾ രേഖപ്പെടുത്തുന്ന സഞ്ചയ എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പ്രത്യേകം പരിശീലനം നൽകേണ്ടതാണ്.

ഇ – ഗവേണൻസും ഓഡിറ്റും

ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് സ്വന്തം ലോഗിനിലൂടെ സാംഖ്യ ഷെഡ്യൂളുകൾ വ്യൂ ചെയ്യുന്നതിനുള്ള ( ആക്സസ് ) സംവിധാനം സാംഖ്യയിൽ ലഭ്യമാണ്. എന്നാൽ മറ്റ് സോഫ്റ്റ് വെയറുകളിൽ ഇത്തരത്തിലുള്ള സംവിധാനം ലഭ്യമല്ല. പേപ്പർ ലെസ്സ് ഓഫീസ് സംവിധാനത്തിലേക്ക് മാറുന്ന സാഹചര്യത്തിൽ ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ ഓൺ ലൈനായി കൈമാറുന്നതിനും പരിശോധനക്കാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതിന് മറ്റ് സോഫ്റ്റ് വെയറുകളിൽ ആക്സസ് നൽകുന്നതിനുമുള്ള നടപടിയുണ്ടാകേണ്ടതാണ്. പ്രത്യേകിച്ച് സഞ്ചയ, സുലേഖ, സ്ഥാപന, സങ്കേതം

പോലുള്ള സോഫ്റ്റ് വെയറുകളിൽ നിന്ന് ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ( ആക്സസ് ) ഒരുക്കേണ്ടതാണ്. സാംഖ്യ സോഫ്റ്റ് വെയറിൽ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് മുഴുവൻ സാമ്പത്തിക ഇടപാടുകളുടേയും വിവരങ്ങൾ ലഭിക്കുന്നതുപോലെ സഞ്ചയ, സുലേഖ, സ്ഥാപന, സങ്കേതം സോഫ്റ്റ് വെയറുകളിൽ നിന്നും ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-16 നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി

നഗരസഭയുടെ തനത് വരുമാനം ചെലവിനനുസൃതമായി വർദ്ധിക്കാത്തതുമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നഗരസഭ വർഷങ്ങളായി കടന്നുപോകുന്നത്. 2018, 2019 വർഷങ്ങളിലെ പ്രളയവും തുടർന്നുണ്ടായ കോവിഡ്-19 മഹാമാരിയും ഈ പ്രതിസന്ധിയുടെ വ്യാപ്തി വർദ്ധിപ്പിച്ചിരിക്കുകയാണ്. 2018 -ലെ മഹാപ്രളയത്തെതുടർന്ന് നിരവധി വ്യാപാര സ്ഥാപനങ്ങൾക്ക് വലിയ നഷ്ടം സംഭവിക്കുകയും പിന്നീട് ഇവ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്തു. ഇതുമൂലം തൊഴിൽ നികുതി, വസ്തുനികുതി, ഡി & ഒ ലൈസൻസ് എന്നീ വരവിനങ്ങൾ കുറയുകയും വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നതിന് തടസ്സം നേരിടുകയും ചെയ്തു. അതേ സമയം പ്രളയ സമാശ്വാസ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വൻ തുക നഗരസഭയ്ക്ക് ചെലവഴിക്കേണ്ടിയും വന്നിട്ടുണ്ട്. പ്രളയത്തെ തുടർന്നുള്ള പ്രതിസന്ധികൾ തരണം ചെയ്ത് തീരും മുമ്പേ കോവിഡ്- 19 മഹാമാരി സൃഷ്ടിച്ച അനിതരസാധാരണമായ സാഹചര്യം നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ കാര്യമായ രീതിയിൽ ബാധിച്ചു. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ നഗരസഭാ ജീവിതം പൂർണ്ണമായും നിശ്ചലമായിരുന്നു. രാജ്യത്ത് മാർച്ച് 24 ന് നിലവിൽ വന്ന ലോക്ക്ഡൗൺ ഭാഗികമായിട്ടെങ്കിലും പിൻവലിച്ചപ്പോഴും ആലുവ നഗരത്തിൽ പ്രാദേശികമായി പ്രഖ്യാപിച്ച കർഫ്യൂ ഏറെ ദിവസങ്ങൾ പിന്നെയും തുടർന്നു. നഗരത്തിലെ പ്രധാന വ്യാപാരമേഖലകളെയെല്ലാം ദിവസങ്ങളോളം പ്രാദേശിക കണ്ടെയ്ൻമെന്റ് സോണുകളായിരുന്നു. ഇതെല്ലാം നഗരസഭയുടെ തനത് വരുമാനം ഗണ്യമായി കുറയുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോവിഡിന്റെ ഒന്നാം തരംഗം ആലുവ നഗരസഭാ പ്രദേശത്തെ വളരെ ഗൗരവതരമായി ബാധിച്ചതായി കാണാവുന്നതാണ്. കോവിഡ് സാഹചര്യത്തിൽ വ്യാപാര മേഖലയുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ലഭിക്കുന്ന തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ചുണ്ടായ കുറവ് വാർഷിക കണക്കുകളിൽ വ്യക്തമാണ്. .

| ഇനം | 2019-20 | 2020-21 | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| സാനിറ്റേഷൻ ടാക്സ് | 25,31,935.00 | 13,53,250.00 | 11,78,685.00 |
| വിനോദ നികുതി | 9,08,438.00 | 73,212.00 | 8,35,226.00 |
| ടൗൺഹാൾ വാടക | 23,20,074.00 | 1,53,950.00 | 21,66,124.00 |
| മാർക്കറ്റ് ഫീസ് | 20,32,925.00 | 4,64,021.00 | 15,68,904.00 |
| ബസ് സ്റ്റാന്റ് ഫീസ് | 6,32,732.00 | 0 | 6,32,732.00 |
| തൊഴിൽ നികുതി (വ്യാപാരികൾ) | 32,84,885.00 | 30,45,471.00 | 2,39,414.00 |
| വാടക | 1,52,38,702.00 | 1,31,18,252.00 | 21,20,450.00 |
| സ്ഥല വാടക | 28,02,070.00 | 18,07,359.00 | 9,94,711.00 |
| ഡി & ഒ ലൈസൻസ് | 28,24,480.00 | 27,47,840.00 | 76,640.00 |
| ആകെ | 3,25,76,241.00 | 2,27,63,355.00 | 98,12,886.00 |

മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും കോവിഡ് സാഹചര്യം നഗരസഭയുടെ 2020-21 തനത് വരുമാനത്തെ എത്രത്തോളം ഗൗരവമായി ബാധിച്ചുവെന്ന് വ്യക്തമാണ്. നഗരസഭയുടെ സമസ്ത മേഖലകളേയും കോവിഡ് മഹാമാരി പ്രതികൂലമായി ബാധിച്ചു. നഗരസഭയുടെ പ്രധാന വരുമാനങ്ങളായ വാടക, തൊഴിൽനികുതി, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ് എന്നീ വരവിനങ്ങളിലെല്ലാം ഈ കുറവ് പ്രതിഫലിക്കുന്നുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള എം.ജി. ടൗൺ ഹാൾ മാസങ്ങളോളം സി.എഫ്.എൽ.റ്റി.സി ആയി പ്രവർത്തിച്ചതും പൊതുപരിപാടികൾക്ക് ആൾക്കൂട്ടം അനുവദിക്കാതിരുന്നതും ടൗൺ ഹാൾ വാടകയിൽ കുറവുണ്ടാകുന്നതിന് കാരണമായി. സിനിമാ പ്രദർശനങ്ങൾക്ക് മാസങ്ങളോളം വിലക്ക് ഏർപ്പെടുത്തിയത് വിനോദ നികുതിയിനത്തിലുള്ള വരുമാനം കുറക്കുന്നതിന് കാരണമായി. സ്വകാര്യ ബസ് സർവ്വീസുകൾ കാലങ്ങളോളം മുടങ്ങിയത് ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 6,32,732/- രൂപ ബസ് സ്റ്റാന്റ് ഫീസിനത്തിൽ വരവുണ്ടായിരുന്നിടത്ത് 2020-21 -ൽ ഈയിനത്തിൽ തുകയൊന്നും വരവില്ല. മേൽപ്പറഞ്ഞ പ്രകാരം വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതോടൊപ്പം കോവിഡ് സാഹചര്യം സൃഷ്ടിച്ച അധിക ചെലവുകൾ നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുകയായിരുന്നു. നഗരസഭയിലെ രണ്ട് സി.എഫ്.എൽ.റ്റി.സി – കളുടെ അടിസ്ഥാന സൗകര്യ വികസനവും നടത്തിപ്പും പരിപാലനവും നഗരസഭയുടെ ഉത്തരവാദിത്തമായിരുന്നു. കൂടാതെ കണ്ടെയ്ൻമെന്റ് സോണുകളിൽ ബാരിക്കേഡുകൾ സ്ഥാപിക്കൽ, ജനകീയ ഹോട്ടലുകളുടെ നടത്തിപ്പ്, ജാഗ്രതാ മുന്നറിയിപ്പുകൾ നൽകൽ, അടിയന്തര ഗതാഗത സൗകര്യങ്ങൾ ഒരുക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ,

പരിസര ശുചീകരണം, മുതലായ പ്രവർത്തനങ്ങളും നഗരസഭയുടെ നേതൃത്വത്തിലാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്. ഈയിനത്തിൽ ഗണ്യമായ തുകയാണ് നഗരസഭക്ക് ചെലവ് വന്നിട്ടുള്ളത്. പ്രോജക്ട് നമ്പർ 187/20 -21 -ൽ 60 ലക്ഷം രൂപയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയത്. ഇതിൽ 57.47 ലക്ഷം രൂപയോളം 2020-21 -ൽ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നിരവധി ചെലവുകൾ ഇനിയും കൊടുത്തു തീർക്കാനുണ്ട് എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും മനസിലാകുന്നത്. ഇത്തരത്തിൽ കോവിഡാനന്തര പ്രത്യേക സാഹചര്യത്തിൽ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നിലവിലുള്ള വരുമാനങ്ങൾ കുടിശ്ശികയില്ലാതെ പിരിച്ചെടുത്തും പുതിയ വരുമാനമാർഗങ്ങൾ കണ്ടെത്തിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

1-17 നഗരസഭയുടെ തനത് വരുമാനത്തിന്റെ വരവ്, ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

ആലുവ നഗരസഭയിൽ കൃഷ്, ചെക്ക്, ഡി.ഡി, സ്വൈപ്പിങ്ങ് കാർഡ്, Q R കോഡ്, ഇ - പെയ്മെന്റ് എന്നിവ മുഖേന തനത് വരുമാനം സ്വീകരിക്കുന്നുണ്ട്. ക്യാഷ് മുഖേന സ്വീകരിക്കുന്ന തുക പിറ്റേ ദിവസം തനത് ഫണ്ട് നിക്ഷേപിക്കുന്ന SBI അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. പണത്തിന് പകരമായി ചെക്ക് / ഡി.ഡി മുഖേന വരുമാനം സ്വീകരിക്കുമ്പോഴും നഗരസഭയിൽ നിന്നും രസീത് നൽകുന്നുണ്ട്. നഗരസഭക്ക് ലഭിക്കുന്ന ചെക്കുകളിൽ നിരവധി ചെക്കുകൾ സമയബന്ധിതമായി കളക്ഷൻ നടക്കാതെ ശേഷിക്കുന്നുണ്ട്. 2021 നവംബർ മാസത്തെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിക്കുമ്പോൾ 25 ചെക്കുകളിലായി 1,88,777.00 രൂപയുടെ കളക്ഷൻ നടന്നിട്ടില്ലയെന്നാണ് മനസ്സിലാകുന്നത്. ഇത്രയധികം ചെക്കുകൾ കളക്ഷൻ നടക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വിശദീകരിക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചില്ല.

കളക്ഷൻ നടക്കാതെ ബൗൺസ് ആകുന്ന ചെക്കുകൾ പ്രകാരമുള്ള രസീതുകൾ യഥാസമയം റദ്ദ് ചെയ്യുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ചെക്ക് ബൗൺസ് ആവുകയോ ചെക്ക് കളക്ഷൻ നടക്കാത്ത സാഹചര്യത്തിലോ തുക ഒടുക്കിയ വ്യക്തിയെ നേരിൽ ബന്ധപ്പെട്ട് വിവരം അറിയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടിയാണ് നഗരസഭയിൽ ആദ്യം സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ചെക്ക് നൽകിയ ആൾക്ക് നോട്ടീസ് നൽകുകയും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. തുക ഒടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാന് നൽകിയ രസീത് റദ്ദ് ചെയ്ത്, സാംഖ്യയിൽ റിവേഴ്സ് എൻട്രി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ചെയ്യുന്നതിലൂടെ അക്കൗണ്ടിങ്ങ് നടപടിക്രമങ്ങൾ പൂർത്തീകരിക്കപ്പെടുന്നുണ്ട്. എന്നാൽ രസീത് റദ്ദ് ചെയ്യുന്നതിന്റെ

ഭാഗമായി, നൽകിയ രസീത് തിരികെ നൽകാൻ ആവശ്യപ്പെട്ടാലും രസീത് തിരികെ ലഭിക്കുന്നതിന് കാലതാമസമുണ്ടാകാം. ഒരുപക്ഷേ രസീത് കൈപ്പറ്റിയ ആളിൽനിന്നും ഇത് തിരികെ ലഭിക്കണമെന്നില്ല. ഇത്തരം സാഹചര്യത്തിൽ ഇഷ്യൂ ചെയ്ത രസീത് ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യതയുമുണ്ട്. തുക ഒടുക്കിയ വ്യക്തി അയാൾക്ക് ആവശ്യമായ മറ്റ് കാര്യങ്ങൾക്ക് ഈ രസീത് ഉപയോഗിച്ചിട്ടുണ്ടാകാം. ഉദാഹരണമായി കെട്ടിട നികുതി ഒടുക്കിയതിന്റെ രസീത് വ്യാപാര ലൈൻസ്, ബിസിനസ് ലോൺ മുതലായ മറ്റ് കാര്യങ്ങൾക്ക് ആവശ്യമായി വന്നേക്കാം. ഇത്തരം സാഹചര്യത്തിൽ ചെക്ക് നൽകി (മതിയായ നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടിന്റെ) കൈപ്പറ്റിയ രസീതുകൾ മേൽപ്പറഞ്ഞ പ്രകാരം ഉപയോഗിക്കുന്നതിനുള്ള സാധ്യതയുണ്ട്.

ലേലം, കുത്തക പാട്ടം എന്നിവ ഉറപ്പിക്കുന്ന സാഹചര്യത്തിൽ ലേലത്തുക / പാട്ടത്തുകയുടെ നിശ്ചിത ശതമാനം തുക അപ്പോൾതന്നെ ഒടുക്കേണ്ട സാഹചര്യത്തിൽ ചെക്ക് നൽകി കുത്തകക്കാർ രസീത് വാങ്ങുകയും പിന്നീട് ഈ ചെക്ക് ബൗൺസാകുന്ന സാഹചര്യവും നഗരസഭയിൽ ഉണ്ടായിട്ടുണ്ട്. പിന്നീട് ലേലക്കാരന് നോട്ടീസ് നൽകി തുക അടപ്പിക്കുകയായിരുന്നു. എന്നാൽ ഇത്തരം സാഹചര്യത്തിൽ സമയബന്ധിതമായി നോട്ടീസ് നൽകി തുക അടപ്പിക്കാതിരുന്നാലോ കുത്തകക്കാരൻ തുക ഒടുക്കാതിരുന്നാലോ സ്ഥാപനത്തിന്റെ തനത് വരുമാനം നഷ്ടമാകുന്നതിന് കാരണമായേക്കാം. മാത്രവുമല്ല പുനർലേലം നടത്തി പുതിയ കുത്തകക്കാരനെ കണ്ടെത്തുമ്പോഴേക്കും കാലതാമസം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്.

സ്ഥാപനത്തിൽ ലഭിക്കുന്ന ചെക്കുകൾ കളക്ഷനാകുന്നമുറക്ക് വരവായി കണക്കാക്കുന്ന സാഹചര്യമുണ്ടാകണം. ചെക്കുകൾ ബൗൺസാകുന്നമുറക്ക് 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 (4) ൽ പറയും പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് ചെക്ക് / ഡി.ഡി രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കണം. ആലുവ നഗരസഭയിൽ ചെക്ക് / ഡി.ഡി രജിസ്റ്റർ ശരിയായി എഴുതി പരിപാലിക്കുന്നുണ്ട്. അതിനാൽ തന്നെ ബൗൺസായ ചെക്കുകളിന്മേൽ ആവശ്യമായ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ക്യാഷ് ഹാൻഡിലിങ്ങ് ചാർജ്ജ്, ബാങ്ക് ചാർജ്ജ്, ചെക്ക് റിട്ടേൺ ചാർജ്ജ് മുതലായവ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നുണ്ട്. ഈയിനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നില്ല.

നഗരസഭയിൽ QR Code / കാർഡ് സ്വൈപ്പിങ്ങ് മുഖേനയും ഓൺലൈൻ പെയ്മെന്റ് മുഖേനയും പണം ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. QR Code / കാർഡ് പെയ്മെന്റിനുള്ള സൗകര്യം

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രത്യേക അക്കൗണ്ടിലാണ് ലഭ്യമാക്കിയിരിക്കുന്നത്. ക്യാഷ് കൗണ്ടറിൽ നേരിട്ടെത്തി പണത്തിന് പകരം QR Code / Swiping Card ഉപയോഗിച്ച് അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യാം. ട്രാൻസാക്ഷൻ വിജയകരമായി പൂർത്തികുന്നമുറക്ക് രസീത് നൽകുന്നു.

വസ്തു നികുതി മാത്രമാണ് നഗരസഭയിൽ നേരിട്ടെത്താതെ ഓൺലൈൻ പെയ്മെന്റായി ( E – Payment ) നടത്താവുന്നത്. വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ഓൺ ലൈൻ പെയ്മെന്റ് നടത്താവുന്നത്. Property Tax - E Payment നായി പ്രത്യേകം ബാങ്ക് അക്കൗണ്ടാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ സ്വീകരിക്കുന്ന തുക പിന്നീട് വസ്തു നികുതി രജിസ്റ്ററുകളിലും സാംഖ്യയിലും റസീപ്റ്റായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഈ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയില്ലെങ്കിൽ വീണ്ടും ഡിമാന്റ് ചെയ്യുന്നതിനോ നോട്ടീസ് നൽകുന്നതിനോ സാധ്യതയുണ്ട്. നിലവിൽ ആലുവ നഗരസഭയിൽ ഓൺലൈൻ പെയ്മെന്റ് അതേ ദിവസം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ നടത്തുന്ന സമയത്ത് മേല്പറഞ്ഞ Property Tax - E Payment അക്കൗണ്ടിൽ കാണുന്ന തുകയെ വരവായി സാംഖ്യയിൽ എടുക്കുകയാണ് ചെയ്യുന്നത്. പിന്നീട് സഞ്ചയയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ ഇത് ശരിയായ നടപടിയല്ല. എല്ലാ ദിവസവും ഓൺലൈൻ വരവ് സാംഖ്യയിൽ വരവായി എടുക്കുകയും വസ്തു നികുതി രജിസ്റ്ററിൽ അതാത് ദിവസം പോസ്റ്റിങ്ങ് നടത്തുകയും ചെയ്യേണ്ടതാണ്. ഇതോടൊപ്പം സഞ്ചയ സോഫ്റ്റ്വെയറിലെ കെട്ടിടങ്ങളുടെ ഡാറ്റാ അപ്ഡേഷൻ കൂടി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ ഇടപാടുകളിൽ ജാഗ്രതയും നടപടികളിൽ കൃത്യതയും പാലിക്കാൻ സാധിച്ചില്ലെങ്കിൽ ഇത്തരം സൗകര്യങ്ങളെ ദുരുപയോഗം ചെയ്യുന്നതിനും നഗരസഭാ വരുമാനത്തിൽ ശോഷണമുണ്ടാകുന്നതിനുമുള്ള സാധ്യത നിലവിലുണ്ട്.

1-18 മുൻകൂർ തുക ക്രമീകരിച്ചതിൽ കാലതാമസം- സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ഈടാക്കിയതിൽ കുറവ് - 531/- രൂപ നഷ്ടം

ആലുവ നഗരസഭയിൽ 2016 -ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആറ് വാർഡുകൾക്ക് ശുചിത്വമിഷന്റെ 90,000/- രൂപ മുൻകൂറായി 07.06.2016 -ൽ ശ്രീമതി ശ്രീലിനി എൽ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I -ന് അനുവദിച്ചിട്ടുണ്ട്. ആറ് വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 14,703/- രൂപ വീതം ആകെ 88,218/- രൂപയാണ് ചെലവായിട്ടുള്ളത്. ബാക്കി തുകയായ 1782/- രൂപ 01.02.2018 -ലെ 117010111033 നമ്പർ രസീത് പ്രകാരമാണ് തിരിച്ചടച്ചത്. ചെലവഴിക്കാതെ ബാക്കി വന്ന 1782/- രൂപയ്ക്ക് 07.06.2016 മുതൽ 31.01.2018 വരെ 18% നിരക്കിലുള്ള പലിശയായ 531/- രൂപ ഉത്തരവാദിയായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

ഗ്രേഡ്-I ശ്രീമതി ശ്രീലിനി.എൽ, -ൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ഖണ്ഡിക 2-1 കാണുക)

1-19 ബിൽഡിങ്ങ് പെർമിറ്റ് ഫീസ് നിർണ്ണയിക്കുന്നതിൽ ഏകീകൃത സ്വഭാവമില്ല, അധികരിച്ച ഫീസ് ഈടാക്കുന്നു.

I) വാസഗൃഹങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് 10 രൂപയുമാണ് 2019 ലെ SRO No. 828/2019 സർക്കാർ ഉത്തരവ് പ്രകാരം നഗരസഭാ പരിധിയിലെ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. 150 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് മേൽ ഫീസിന്റെ 50 ശതമാനമാണ് ഈടാക്കേണ്ടത്. എന്നാൽ ആലുവ നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകരിൽ നിന്ന് ചട്ട പ്രകാരമല്ലാതെ അധികരിച്ച പെർമിറ്റ് ഫീസ് ഈടാക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) BA No.16/2020-21

അപേക്ഷകന്റെ പേര് : ശ്രീ.അരവിന്ദ്.G

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 358.80m2 | കെട്ടിടത്തിന്റെ വിസ്തൃതി | 358.80m2 |
| കമ്മേഴ്സ്യൽ ഏരിയ – 240.44x15 | 3606.60 | കമ്മേഴ്സ്യൽ ഏരിയ – 240.44x10 | 2404.40 |
| റസിഡൻഷ്യൽ ഏരിയ – 118.36x15 | 1775.40 | റസിഡൻഷ്യൽ ഏരിയ – 118.36x7 | 828.52 |
| ആകെ | 5382.00 | ആകെ | 3232.92 |

2) BA No.01/2020-21

അപേക്ഷകന്റെ പേര് : ശ്രീ. മനോജ് ജോസ്

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 277.00m2 | കെട്ടിടത്തിന്റെ വിസ്തൃതി | 277.00m2 |
| റസിഡൻഷ്യൽ ഏരിയ – 277.00x10 | 2770.00 | റസിഡൻഷ്യൽ ഏരിയ – 277.00x7 | 1939.00 |
| പോസ്റ്റേജ് | 50.00 | പോസ്റ്റേജ് | 50.00 |
| ആകെ | 2820.00 | ആകെ | 1989.00 |

3) BA No. 14/2020-21

അപേക്ഷകന്റെ പേര് : ശ്രീമതി. മരിയ ദാസ്

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 119.46m2 | കെട്ടിടത്തിന്റെ വിസ്തൃതി | 119.46m2 |
| റസിഡൻഷ്യൽ ഏരിയ – 119.46x10 | 1194.60 | റസിഡൻഷ്യൽ ഏരിയ – 119.46x3.5 | 418.11 |
| ആകെ | 1194.60 | ആകെ | 418.00 |

4) BA No.20/2020-21

അപേക്ഷകന്റെ പേര് : ശ്രീ. കിരൺ ബാബു

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 87.81 M2 | കെട്ടിടത്തിന്റെ വിസ്തൃതി | 87.81m2 |
| റസിഡൻഷ്യൽ ഏരിയ – 87.81x5 | 439.05 | റസിഡൻഷ്യൽ ഏരിയ – 87.81x3.5 | 307.33 |
| ആകെ | 439.05 | ആകെ | 307.33 |

5) BA No.12/2020-21

അപേക്ഷകന്റെ പേര് : ശ്രീ. എബ്രഹാം പോൾ

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 239.44 M2 | കെട്ടിടത്തിന്റെ വിസ്തൃതി | 239.44m2 |
| റസിഡൻഷ്യൽ ഏരിയ – 239.44x10 | 2394.40 | റസിഡൻഷ്യൽ ഏരിയ – 239.44x7 | 1676.08 |
| ആകെ | 2394.40 | ആകെ | 1676.08 |

6) BA No.59/2020-21
അപേക്ഷകന്റെ പേര് : ശ്രീമതി.നീമ മുനീർ

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 423.18 M2 | കെട്ടിടത്തിന്റെ വിസ്തൃതി | 423.18m2 |
| കമ്മേഴ്സ്യൽ ഏരിയ – 271.74x10 | 2717.40 | കമ്മേഴ്സ്യൽ ഏരിയ – 171.74x10 | 2717.40 |
| റസിഡൻഷ്യൽ ഏരിയ – 151.44x10 | 1514.40 | റസിഡൻഷ്യൽ ഏരിയ – 151.44x7 | 1060.08 |
| ആകെ | 4231.80 | ആകെ | 3777.48 |

7) BA No.47/2020-21

അപേക്ഷകന്റെ പേര് : ശ്രീ.എബ്രഹാം ജേക്കബ്

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 133.07 M2 | കെട്ടിടത്തിന്റെ വിസ്തൃതി | 133.07m2 |
| റസിഡൻഷ്യൽ ഏരിയ – 116.63x5 | 583.15 | റസിഡൻഷ്യൽ ഏരിയ – 116.63x3.5 | 408.20 |
| റസിഡൻഷ്യൽ ഏരിയ റഗുലറൈസേഷൻ – 16.44x5x3 | 246.60 | റസിഡൻഷ്യൽ ഏരിയ റഗുലറൈസേഷൻ – 16.44x3.5x3 | 172.62 |
| ആകെ | 829.75 | ആകെ | 580.82 |

8) BA No. 57/2020-21

അപേക്ഷകന്റെ പേര് : ശ്രീമതി. രാധാ ശിവൻ

| ഈടാക്കിയത് | | ഈടാക്കാവുന്നത് | |
|---|---|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 60.30 M2 | കെട്ടിടത്തിന്റെ വിസ്തൃതി | 60.30m2 |
| റസിഡൻഷ്യൽ ഏരിയ – 60.30x7 | 422.00 | റസിഡൻഷ്യൽ ഏരിയ – 60.3x3.50 | 211.00 |
| ആകെ | 422.00 | ആകെ | 211.00 |

II) ബിൽഡിങ്ങ് പെർമിറ്റിന്റെ 'സങ്കേതം' സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്യുന്ന Appendix - C പ്രകാരമുള്ള ബിൽഡിങ്ങ് പെർമിറ്റിൽ കാണിച്ചിരിക്കുന്ന പെർമിറ്റ് ഫീസ്, നഗരസഭ ഈടാക്കുന്നതോ ചട്ട പ്രകാരമുള്ളതോ ആയ പെർമിറ്റ് ഫീസിൽ നിന്നും വ്യത്യസ്തമായാണ് കാണുന്നത്. ഉദാഹരണം താഴെ ചേർക്കുന്നു.

BA No. : 45/2020-21

അപേക്ഷകന്റെ പേര് : സത്യനാഥൻ

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 338.48m2 |
| കമ്മേഴ്സ്യൽ ഏരിയ - 170.79x10 | 1707.90 |
| റസിഡൻഷ്യൽ ഏരിയ – 167.69x7 | 1173.83 |
| പോസ്റ്റേജ് | 50.00 |
| ആകെ | 2931.73 |

മേല്പറഞ്ഞ പ്രകാരം കെട്ടിടത്തിന് 2932/- രൂപ പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 'സങ്കേതം' സോഫ്റ്റ് വെയറിലെ പെർമിറ്റ്

അപ്ലിക്കേഷനിൽ കെട്ടിടത്തിന്റെ ആകെ വിസ്തൃതി 341.07m2 എന്നാണ് കാണിച്ചിരിക്കുന്നത്. ഇതിൽ 171.79m2 കമ്മേഴ്സ്യലും 169.28m2 റസിഡൻഷ്യലുമാണ്. ആയിതിൻ പ്രകാരം കണക്കാക്കാവുന്ന പെർമിറ്റ് ഫീസ് 2952.86 രൂപയാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 341.07m2 |
| കമ്മേഴ്സ്യൽ ഏരിയ - 171.79x10 | 1717.90 |
| റസിഡൻഷ്യൽ ഏരിയ – 169.28x7 | 1184.96 |
| പോസ്റ്റേജ് | 50.00 |
| ആകെ | 2952.86 |

ചട്ട പ്രകാരം കണക്കാക്കുമ്പോൾ 2952.86 രൂപയാണ് പെർമിറ്റ് ഫീസെന്നിരിക്കെ 'സങ്കേതം' സോഫ്റ്റ് വെയറിൽ 3410.70 രൂപയാണ് പെർമിറ്റ് ഫീസായി കാണിച്ചിരിക്കുന്നത്.

മേല്പറഞ്ഞ പ്രകാരം ഏകീകൃതമല്ലാതെ പെർമിറ്റ് ഫീസ് ഈടാക്കുന്നതിനും ഈടാക്കുന്ന പെർമിറ്റ് ഫീസിൽ നിന്നും വ്യത്യസ്തമായ തുക 'സങ്കേതം' സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിൽ കാണുന്നതിനും വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി 19/M2/2020-21/29.04.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ അധികം ഈടാക്കിയ തുകകൾ തിരികെ നൽകുന്നതാണെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. എന്നാൽ ഏകീകൃതമല്ലാതെ പെർമിറ്റ് ഫീസ് കണക്കാക്കാനിടയായതിന്റെ കാരണമോ ഈടാക്കുന്ന പെർമിറ്റ് ഫീസിൽ നിന്നും വ്യത്യസ്തമായ തുക 'സങ്കേതം' സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിൽ കാണുന്നതിന്റെ കാരണമോ വിശദീകരിച്ചിട്ടില്ല. പെർമിറ്റ് ഫീസ് ഏകീകൃത നിരക്കിൽ ഈടാക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടതാണ്.

1-20 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയത്- കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് വാടകക്കാരുടെ പേര്, എഗ്രിമെന്റ് നമ്പർ/രജിസ്റ്റർ ചെയ്ത തീയതി, വാടകക്കുടിശ്ശിക, കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. – 07/M3/2020-21 തീയതി 20.01.2022 ന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. പരിശോധനയ്ക്കായി നൽകിയ വാടക രജിസ്റ്ററിൽ ഓരോ വർഷത്തേയും വാടകക്കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. വാടകയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ വാടക കരാർ ശരിയായി തയ്യാറാക്കി രജിസ്റ്റർ ചെയ്തിട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കരാറിലേർപ്പെടാതെ കെട്ടിടം കൈമാറുന്നത് വാടകക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നഗരസഭയുടെ നിയമപരമായ അവകാശത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കാനും കരാറിലേർപ്പെട്ടതിനുശേഷം മാത്രം കെട്ടിടം വാടകക്കാരന് കൈമാറുന്നതിനുമുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

1-21 സ്ക്രാപ്പ് ലേലം നടത്തിയില്ല – നഗരസഭക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമായി

നഗരസഭയിലെ വാർഡ് 8 ലെ സാംസ്കാരിക നിലയത്തിന് പുതിയ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി നിലവിലുണ്ടായിരുന്ന കോമ്പൗണ്ട് വാൾ പൊളിച്ചുനീക്കിയിരുന്നു. കോമ്പൗണ്ട് വാൾ പൊളിച്ചപ്പോൾ ലഭിച്ച സ്ക്രാപ്പ് മെറ്റീരിയൽ ലേലം ചെയ്യുന്നതിന് മുന്നോടിയായി സ്ക്രാപ്പ് മെറ്റീരിയലിന്റെ വാല്യുവേഷൻ നടത്തുന്നതിന് 24.04.2020 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം പബ്ലിക് വർക്ക് ഓവർസീയർ ശ്രീ. ജാസിർ അലി.എം.എ 13.05.2020 തീയതിയിൽ സ്ക്രാപ്പ് മെറ്റീരിയലിന് 18,460/- രൂപ കണക്കാക്കിയിരുന്നു. പിന്നീട് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16.07.2020 ന് സ്ക്രാപ്പ് ലേലം നടത്തുന്നതിന് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ലേലം നടത്താൻ സാധിച്ചില്ല. പിന്നീട് പുനർ ലേലം നടത്തുന്നതിനായി 11.09.2020 തീയതിയിൽ നോട്ടീസ് തയ്യാറാക്കി സമർപ്പിക്കുന്നതായി സൂചന ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലേലം നടന്നതായോ പണം ലഭിച്ചതായോ മറ്റ് തുടർ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. സ്ക്രാപ്പ് ലേലം നടന്നോ എന്നും തുക ലഭിച്ചെങ്കിൽ ആയതിന്റെ വിവരങ്ങളും ലേലം നടന്നില്ലങ്കിൽ ആയതിന്റെ കാരണവും ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 06/M2/2020-21/10.01.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ സ്ക്രാപ്പുകൾ എം.ജി ടൗൺ ഹാളിലേക്ക് മാറ്റിയതായും 02.06.2022 ന് നടത്തിയ ലേലനടപടികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. സ്ക്രാപ്പ് ലേലം ചെയ്ത് ലഭിക്കുന്ന തുക നഗരസഭാ ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 മട്ടൻ സ്റ്റാൾ പുനരധിവാസം-മുറി അനുവദിച്ചതിൽ അപാകത

ഫയൽ നമ്പർ R3/11887/16

ആലുവ നഗരസഭ വക പുതിയ ഫിഷ് മാർക്കറ്റിലെ സ്റ്റെയറിന് താഴെയുള്ള മുറി മട്ടൺ സ്റ്റാൾ പുനരധിവാസത്തിനായി 21.06.2016 -ൽ ചേർന്ന കൗൺസിലിന്റെ 17 -ാം തീരുമാനപ്രകാരം കെ.എസ്. കുഞ്ഞുമുഹമ്മദ് എന്നയാൾക്ക് അനുവദിച്ചിരുന്നു. രണ്ടേകാൽ ലക്ഷം രൂപ ഡെപ്പോസിറ്റും ചതുരശ്രഅടിക്ക് 22 രൂപ നിരക്കിൽ വാടകക്കുമാണ് മുറി അനുവദിച്ചിരുന്നത്. ഒന്നേകാൽ ലക്ഷം രൂപ ഡെപ്പോസിറ്റും 2016 ജൂൺ മാസം വരെയുള്ള വാടകയുമാണ് മുനിസിപ്പാലിറ്റിയിൽ ഒടുക്കിയിട്ടുള്ളത്.

സ്റ്റെയറിന് താഴെയുള്ള മുറിയായതിനാൽ മുഴുവൻ ഉപയോഗ യോഗ്യമല്ലെന്നും ആയതിനാൽ വാടക കുറച്ച് നൽകണമെന്ന വാടകക്കാരന്റെ അപേക്ഷ പരിഗണിച്ച് മുറിയുടെ വിസ്തീർണ്ണം വീണ്ടും അളന്ന് തറ വിസ്തീർണ്ണം പുനർനിശ്ചയിച്ചു. 27.07.2017, 31.08.2018 തീയതികളിൽ കുടിശ്ശികയും ഡെപ്പോസിറ്റും ഒടുക്കാൻ നഗരസഭ നോട്ടീസ് നൽകിയിട്ടുണ്ട്. നഗരസഭയിലെ ലേലം, ക്വട്ടേഷൻ നിബന്ധനകളിലെ ഒമ്പതാം വ്യവസ്ഥ പ്രകാരം ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ക്വട്ടേഷൻ തുകയും മുൻകൂർ വാടക ഡെപ്പോസിറ്റും മുനിസിപ്പൽ ഫണ്ടിൽ അടച്ച് 200 രൂപ മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടി രജിസ്റ്റർ ചെയ്ത് ഹാജരാക്കേണ്ടതാണ്. ശ്രീ. കെ.എസ്. കുഞ്ഞുമുഹമ്മദിന് മട്ടൺ സ്റ്റാൾ പുനരധിവാസത്തിനായി മുറി അനുവദിച്ചപ്പോൾ നിയമപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടതായോ തുക ഒടുക്കിയതായോ കാണുന്നില്ല. 2016 ജൂലൈ മാസം മുതൽ ഈ മുറിക്ക് വാടക ലഭിച്ചിട്ടില്ല. തുക ഒടുക്കാത്ത പക്ഷം മുൻകൂർ നോട്ടീസ് കൂടാതെ മുറി ഒഴിപ്പിച്ച് പുനർലേലം ചെയ്യാവുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 05/M3/2020-21 തീയതി 10.01.2022 നുള്ള മറുപടിയിൽ ഉപയോഗപ്രദമായ ഭാഗത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് തർക്കം നിലനിന്നിരുന്നതായും സ്റ്റെയർകേസിന്റെ അടിഭാഗം വിട്ടുനൽകിയിട്ടില്ലാത്തതിനാൽ 2016 ജൂലൈ മുതൽ 2019 മാർച്ച് വരെ വാടക ഒഴിവാക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ കരാർ ഉടമ്പടി ഹാജരാക്കിയിട്ടുള്ളതായി മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിനർത്ഥം 2021-22 സാമ്പത്തിക വർഷം വരെ നഗരസഭയും വാടകക്കാരനും തമ്മിൽ കരാർ ഉണ്ടായിരുന്നില്ല എന്നാണ്. ഉപയോഗപ്രദമായ ഭാഗത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് തർക്കമുണ്ടായിരുന്നതും സ്റ്റെയർകേസിന്റെ അടിഭാഗം വിട്ടുനൽകിയിട്ടില്ലാത്തതും വാടകക്കരാർ ഇല്ലാത്തതുമായ കെട്ടിടത്തിന്റെ 2016 ജൂൺ മുതൽ 2019 മാർച്ച് വരെയുള്ള വാടക ഒഴിവാക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഉടമ്പടി ഇല്ലാത്തതും തർക്കവിഷയം ആയിരുന്നതുമായ കെട്ടിടവാടകയുടെ വിഷയത്തിൽ 27.07.2017, 31.08.2018 തീയതികളിൽ കുടിശ്ശികയും ഡെപ്പോസിറ്റും ഒടുക്കാൻ ആവശ്യപ്പെട്ട് നഗരസഭ നോട്ടീസ് നൽകിയത് നിയപരമായി നിലനിൽക്കുന്നതല്ല. അതേസമയം നഗരസഭയുമായി കരാറിൽ ഏർപ്പെടാത്ത വാടകക്കാരനെ സമയബന്ധിതമായി ഒഴിവാക്കാൻ നടപടി സ്വീകരിച്ച് പുനർലേലം നടത്താത്തതുമൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമായിട്ടുമുണ്ട്.

1-23 പാലിയേറ്റീവ് കെയർ - ടെലിഫോൺ ചാർജ്ജ് അലവൻസ് - 1100/- രൂപ അധികം നൽകി

പ്രോജക്ട് നം. S0021/21

പ്രോജക്ട് നം. S0021/21 – പാലിയേറ്റീവ് കെയർ പ്രോജക്ട്

വികസന ഫണ്ട് (പൊതുവിഭാഗം)-ചെലവ്- 15,00,000/- രൂപ

07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ -സ.ഉ.(സാധാ) നം. 553/2019 ഉത്തരവിലെ ഖണ്ഡിക 2.13.11 -ൽ ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും പരിശീലന പരിപാടികൾ വിളിച്ചുചേർക്കുന്നതിനും കമ്മ്യൂണിറ്റി നേഴ്സിന് പ്രതിമാസം 200/- രൂപ വീതം ഫോൺ ചാർജ്ജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ വൗച്ചർ പരിശോധനയിൽ ഫോൺ ചാർജ്ജ് അലവൻസ് 2020-21 സാമ്പത്തിക വർഷത്തിൽ 11 മാസം 300/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 1100/- അധികം അനുവദിക്കാനിടയായിട്ടുണ്ട് (ഖണ്ഡിക 3-1 കാണുക. )

1-24 ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ - സബ്സിഡി അധികം നൽകി - 54000.00 രൂപ നിരാകരിക്കുന്നു

സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാം - ബയോഗ്യാസ് പ്ലാന്റ് സ്ഥാപനങ്ങളിൽ – പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ (പ്രോജക്ട് നമ്പർ - 197/2020) DPC അപ്രൂവൽ ലഭിച്ചതാണ്. എന്നാൽ 2019-20 ൽ പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്റ്റായാണ് (SO - 142/2021) ഇത് നടപ്പാക്കിയത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സ്ഥാപനങ്ങളിലുമാണ് ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. യൂണിറ്റൊന്നിന് 13500/- രൂപ നിരക്കിൽ 10 യൂണിറ്റിന് 135000/- രൂപയാണ് വകയിരുത്തിയത്. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-8(1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന് ഗുണഭോക്തൃ വിഹിതം ആവശ്യമില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സർക്കാർ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ വിഹിതമായി 50 % സബ്സിഡിക്കാണ് അർഹതയുള്ളത്. ബാക്കി തുക ഗുണഭോക്തൃ വിഹിതമായി കണ്ടെത്തണമെന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്നത്. എയിഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ പറയുന്നില്ല. മേല്പറഞ്ഞ പ്രകാരം പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി വിട്ടുകിട്ടാത്ത 4 സർക്കാർ സ്ഥാപനങ്ങൾക്ക് 6750.00 രൂപ വീതം സബ്സിഡി അനുവദിച്ചതിലൂടെ 27,000.00 രൂപയും 2 എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 13,500/- രൂപ വീതം അനുവദിച്ചതിലൂടെ 27,000/- രൂപയും അധികമായി

ചെലവഴിച്ചിട്ടുണ്ട്. (ഖണ്ഡിക -3.2 കാണുക)

1-25 ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ സ്ഥാപിക്കൽ - സബ്സിഡി അധികം അനുവദിച്ചു - 4,56,900.00 രൂപ നിരാകരിക്കുന്നു - പദ്ധതി കാര്യക്ഷമമല്ല.

ഫയൽ നമ്പർ H4/16434/17

| പ്രോജക്റ്റിന്റെ പേര്, നമ്പർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (41.7%) | ശുചിത്വ മിഷൻ വിഹിതം | | ആകെ |
|---|---|---|---|---|
| | | കേന്ദ്രാവിഷ്കൃത ഫണ്ട് (35%) | സംസ്ഥാനവിഷ്കൃത ഫണ്ട് (23.3%) | |
| സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാം - ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ - ഗാർഹികം | 6029820.00 | 5061000.00 | 3369180.00 | 14460000.00 |

ഈ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ (പ്രോജക്റ്റ് നമ്പർ - 194/2020) DPC അപ്രൂവൽ ലഭിച്ചതാണ്. എന്നാൽ 2019-20 ൽ പ്രോജക്റ്റ് നടപ്പാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്റ്റായാണ് (SO - 141/2021) ഇത് നടപ്പാക്കിയത്. 12000/- രൂപ വീതം 950 ബയോ ഗ്യാസ് പ്ലാന്റിനും 1800/- രൂപ വീതം 1700 ബയോ ബിന്നിനും ചെലവ് കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ.(സാധാ) നം.3281/2018/ത.സ്വ.ഭ.വ തീയതി 31.12.2018 പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-8(2) പ്രകാരം ഗാർഹിക തലത്തിൽ വിവിധ തരത്തിലുള്ള കംപോസ്റ്റിങ്ങ് യൂണിറ്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവക്ക് 10 ശതമാനം ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ബയോ ഗ്യാസ് പ്ലാന്റുകളുടെ കാര്യത്തിൽ അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200/- രൂപക്ക് അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിലൂടെ 4,56,900/- രൂപ അധികം ചെലവഴിക്കുന്നതിന് ഇടയായിട്ടുണ്ട്. കൂടാതെ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിലും വീഴ്ച്ചയുണ്ടായിട്ടുണ്ട്. (ഖണ്ഡിക 3-3 കാണുക)

1-26 വീട് പുനരുദ്ധാരണം -മാനദണ്ഡം ലംഘിച്ച് നൽകിയ 50,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | - | 145/2020-21 |
| പ്രോജക്റ്റിന്റെ പേര് | - | വീട് പുനരുദ്ധാരണം |
| ബിൽ നം./തീയതി | - | 14/08.03.2021, 21/08.03.2021 |
| അടങ്കൽ തുക | - | 2,00,000/- രൂപ (പ്ലാൻ ഫണ്ട് – SCP) |
| ചെലവ് തുക | - | 2,00,000/ - രൂപ |

| | | |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | - | 4 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ചെലവ് വിവരം | - | 1,00,000/- ബിൽ നം. 14/08.03.2021<br>1,00,000/- ബിൽ നം. 21/26.03.2021 |

പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയിൽ നാലാമത്തെ ഗുണഭോക്താവിനെ തെരഞ്ഞെടുത്തിരിക്കുന്നത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/M1/2020-21/30.05.2022 -ന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മാനദണ്ഡപ്രകാരമല്ലാതെ നാലാമത്തെ ഗുണഭോക്താവായ ശ്രീ. ടി. കുമാരന് അനുവദിച്ച 50,000/- രൂപ നിരാകരിക്കുന്നു. (ഖണ്ഡിക 3-4 കാണുക)

1-27 പട്ടികജാതി പ്രത്യേക ഘടക പദ്ധതി - വാട്ടർ ടാങ്ക് വാങ്ങി നൽകൽ - സബ്സിഡി അധികം നൽകി - 6960.00 രൂപ നിരാകരിക്കുന്നു.

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്ന മേൽ പ്രോജക്റ്റുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ ആണ്. പദ്ധതി നടത്തിപ്പിൽ നിരവധി അപാകതകൾ ഉണ്ടായിട്ടുണ്ട്. സ.ഉ.(സാധാ) നം.3281/2018/ത.സ്വ.ഭ.വ തീയതി 31.12.2018 പുതുക്കിയ സബ്സിഡി മാർഗരേഖ ഖണ്ഡിക 6.6 പ്രകാരം അനുവദനീയമായ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75 ശതമാനവും പരമാവധി 3000.00 രൂപയുമാണ്. അതായത് 1160.00 രൂപ ഗുണഭോക്തൃവിഹിതമായി സ്വരൂപിക്കേണ്ടതായിരുന്നു. ഗുണഭോക്തൃ വിഹിതം വാങ്ങാതെയാണ് വാട്ടർ ടാങ്ക് വിതരണം ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/M1/2020-21/30.05.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1160.00 രൂപ വീതം 6 ഗുണഭോക്താക്കൾക്കായി അധികം ചെലവഴിച്ച പദ്ധതി വിഹിതം 6960.00 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് (ഖണ്ഡിക 3-5 കാണുക).

1-28 ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കൽ - 59375/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ S046/21 ൽ ഉൾപ്പെടുത്തി നടപ്പാക്കിയ രണ്ടു മരാമത്തു പ്രവൃത്തികളായിരുന്നു 18 -ാം വാർഡിലെ ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കലും, നസ്രത്ത് റോഡിൽ കാന മെയിന്റനൻസും കവറിംഗ് സ്ലാബ് ഇടലും. 9 ലക്ഷം രൂപയാണ് വർക്കുകളുടെ എസ്റ്റിമേറ്റ് തുക. ടൈൽ ഇടുവാൻ തീരുമാനിച്ച ആസാദ് റോഡ് ബൈലൈൻ നിലവിൽ കോൺക്രീറ്റ് റോഡായിരുന്നു. യാതൊരു വിധ തകരാറുകളുമില്ലാതിരുന്ന കോൺക്രീറ്റ് റോഡ് പൊളിച്ചുകളഞ്ഞ് ടൈൽ വിരിക്കുവാൻ തീരുമാനിക്കുകയും കോൺക്രീറ്റ് കുറെ ഭാഗം പൊളിച്ചുമാറ്റിയപ്പോൾ അടിയിലുള്ള കുടിവെള്ള പൈപ്പുകൾക്കും, കേബിളുകൾക്കും കേടുപാടുകൾ സംഭവിക്കുമെന്ന് മനസ്സിലായ സാഹചര്യത്തിൽ

പൊളിച്ചുകളഞ്ഞ ഭാഗത്ത് വീണ്ടും കോൺക്രീറ്റ് ചെയ്യുകയായിരുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള കോൺക്രീറ്റ് റോഡ് പൊളിച്ചുമാറ്റിയതിനും വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിനും ചെലവായ തുക 59375/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (ഖണ്ഡിക 3-6 കാണുക)

1-29 ജൈവമാലിന്യ സംസ്കരണം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 4,85,640.00 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – 24/2020-21

പ്രോജക്റ്റ് കോസ്റ്റ് – 45,94,096.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – 43,71,340.00

ആലുവ നഗരസഭാ പരിധിയിൽ ഉൽഭവിക്കുന്ന ജൈവ മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുകയാണ് ചെയ്യുന്നത്. നഗരസഭയുടെ വാഹനത്തിൽ കൊണ്ടുപോകുന്ന മാലിന്യം സംസ്കരിക്കുന്നതിന് പ്രതിഫലമായി കൊച്ചി കോർപ്പറേഷനിലേക്ക് ടിപ്പിങ്ങ് ചാർജ്ജ് ഒടുക്കുന്നതിനാണ് മേല്പറഞ്ഞ പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്.

പ്രോജക്റ്റ് നം. 24/2020-21 – ന്റെ ചെലവ് വിശദാംശങ്ങൾ പ്രോജക്ട് ഓഫീസറുടെ 14.12.2020 -ലെ എച്ച്.4- 7919/12 നടപടി ക്രമത്തിൽ പറയുന്നത് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം | തീയതി | തുക |
|---|---|---|
| 1 | 01.10.2019 മുതൽ 31.01.2020 വരെ | 12,71,844.00 |
| 2 | 01.02.2020 മുതൽ 31.05.2020 വരെ | 10,80,521.00 |
| 3 | 01.06.2020 മുതൽ 30.09.2020 വരെ | 6,89,176.00 |
| 4 | 01.03.2018 മുതൽ 30.09.2019 വരെ (ബാലൻസ് തുക) | 4,85,640.00 |
| 5 | 01.09.2015 മുതൽ 28.02.2018 വരെ (ടിപ്പിങ്ങ് ഫീസ് വർദ്ധിപ്പിച്ചതിനെ തുടർന്നുള്ള അധിക തുക) | 3,51,915.00 |
| | ആകെ | 38,79,096.00 |

ബിൽ നമ്പർ 823547 തീയതി 14.12.2020 പ്രകാരം മേൽപ്പറഞ്ഞ 38,79,096.00 രൂപ കൊച്ചി കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഓഫീസറുടെ മേല്പറഞ്ഞ നടപടി ക്രമത്തിലെ ക്രമ നമ്പർ 4 -ൽ 01.03.2018 മുതൽ 30.09.2019 വരെ (ബാലൻസ് തുക) 4,85,640/- രൂപയെന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരം ഫയലിൽ ലഭ്യമായിരുന്നില്ല. ബാലൻസ് തുകയായി 4,85,640/- രൂപയെന്ന് നടപടി ക്രമത്തിൽ കാണിക്കുന്നുണ്ടെന്നല്ലാതെ ഇത് ഏത് ഇനത്തിലുള്ള തുകയെന്ന് വ്യക്തമല്ല. മേല്പറഞ്ഞ 4,85,640/- രൂപയുടെ കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറി നം.18/M2/2020-21/27.04.2022 -ന് മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ 4,85,640/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം -ചെലവ് രേഖകളുടെ അഭാവത്തിൽ 2,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | 60/2020-21 |
| പ്രോജക്റ്റിന്റെ പേര് | : | മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം (SCP) |
| അടങ്കൽ തുക | : | 2,30,000.00 (പ്ലാൻ ഫണ്ട്- SCP) |
| ചെലവ് | : | 2,30,000.00 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ആലുവ നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നടപ്പാക്കിയ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതിയിൽ 2,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശോധനയ്ക്കായി നൽകിയ രേഖകൾ അപൂർണ്ണമാണ്. ഫയൽ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. അർഹതയില്ലാത്തവർക്കും മാർക്ക് നൽകിയിട്ടുണ്ട്.

2). സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

3). വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

4). ഒരാവശ്യത്തിന് ഒരു കുടുംബത്തിൽ നിന്ന് ഒരു അപേക്ഷയെ പാടുള്ളൂ എന്ന മാനദണ്ഡം ലംഘിച്ചു. സോണിയ ബാബു, ലാൽ ബാബു എന്നീ സഹോദരങ്ങളിൽ നിന്നും ആദർശ് അനിൽ, അനീഷ അനിൽ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ ആനുകൂല്യം അനുവദിച്ചതിന്റെയോ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/M3/2020-21/30.05.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവുരേഖകളുടെ അഭാവത്തിൽ ബിൽ നം. 2/21.05.2020 പ്രകാരം പിൻവലിച്ച 2,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 വീട് റിപ്പയറിങ്ങ് (ജനറൽ ) ചെലവ് രേഖകൾ ഹാജരാക്കിയില്ല- 6,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | 143/2020-21 |
| പദ്ധതിയുടെ പേര് | : | വീട് റിപ്പയർ (ജനറൽ) |

| | | |
|---|---|---|
| അടങ്കൽ തുക | : | 6,50,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ഫണ്ടിനം | : | വികസനഫണ്ട് (പൊതുവിഭാഗം) |

ആലുവ നഗരസഭയിൽ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വീട് റിപ്പയർ (ജനറൽ) പ്രോജക്ടിൽ ബിൽ ബുക്ക് പ്രകാരം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 16/08.03.2021 | 25,000 |
| 2 | 22/26.03.2021 | 25,000 |
| 3 | 23/26.03.2021 | 2,75,000 |
| 4 | 24/26.03.2021 | 2,75,000 |
| 5 | 25/26.03.2021 | 12,500 |
| 6 | 26/26.03.2021 | 12,500 |
| 7 | 27/26.03.2021 | 12,500 |
| 8 | 28/26.03.2021 | 12,500 |
| | ആകെ | 6,50,000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവിന്റെ അപേക്ഷ, എസ്റ്റിമേറ്റ്, എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നിവ തുക അനുവദിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്. എന്നാൽ വീട് റിപ്പയർ (ജനറൽ) പദ്ധതിക്കായി ചെലവഴിച്ച തുകയുടെ ചലവ് രേഖകൾ ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടും (റിക്വസിഷൻ നം. 11/2020-21 തീയതി 16.12.2021) ഹാജരാക്കിയിട്ടില്ല. ആയതിനാൽ 143/2020-21 പദ്ധതിയിൽ ചെലവഴിച്ച 6,50,000 രൂപ ചെലവ് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

1-32 വീട് റിപ്പയറിങ്ങ് (പ്രത്യേക ഘടക പദ്ധതി) ചെലവ് രേഖകളുടെ അഭാവത്തിൽ - 1,50,000/- തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | – | 33/2020-21 |
| പ്രോജക്റ്റിന്റെ പേര് | – | വീട് റിപ്പയറിങ്ങ് (പ്രത്യേക ഘടക പദ്ധതി) |
| അടങ്കൽ തുക | – | 3,00,000 |
| ചെലവഴിച്ചത് | – | 1,50,000 |

| | | |
|---|---|---|
| ഫണ്ടിനം | – | വികസനഫണ്ട് ( SCP) |
| നിർവ്വഹണോദ്യോഗസ്ഥൻ | – | പ്രോജക്ട് ഓഫീസർ,<br>നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |

പട്ടിക ജാതി വിഭാഗക്കാർക്കായുള്ള പ്രത്യേക ഘടകപദ്ധതിയായി വികസന ഫണ്ടിൽ നിന്ന് 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവുരേഖകൾ ഹാജരാക്കാനായി ഓഡിറ്റ് റിക്വസിഷൻ (നം. 11 തീയതി 16.12.2021 ) നൽകിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റും അപേക്ഷകളും മാത്രമാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ബിൽ ബുക്ക് പ്രകാരമുള്ള ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 31/30.03.2021 | 75,000 |
| 2 | 32/30.03.2021 | 75,000 |
| | ആകെ | 1,50,000 |

ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-33 വീട് പുനരുദ്ധാരണം (എസ്.സി.പി) രേഖകളുടെ അഭാവത്തിൽ 75,000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 124/2020-21 |
| പേര് | വീട് പുനരുദ്ധാരണം (പട്ടിക ജാതി) |
| അടങ്കൽ | 75000.00 |
| ചെലവ് തുക | 75000.00 |
| ബിൽ നമ്പർ & തിയതി | 01/2020-21 തീയതി 21.05.2020 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ആലുവ നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നടപ്പാക്കിയ പ്രത്യേക ഘടക പദ്ധതിയായ വീട് പുനരുദ്ധാരണത്തിനായി 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് റിക്വസിഷൻ നമ്പർ 11 തീയതി 16.12.2021 പ്രകാരം ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഫയലിൽ ഗുണഭോക്താക്കളുടെ അപേക്ഷ, വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ, ഗുണഭോക്താവിന് തുക കൈമാറിയതിന്റെ വിവരങ്ങൾ, ട്രഷറി ബില്ലിന്റെ പകർപ്പ്, പണി പൂർത്തീകരിച്ചതായി എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ

സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/M3/2020-21/30.05.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ പ്രോജക്റ്റിനായി ചെലവഴിച്ച 75,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-34 പട്ടികജാതി പ്രത്യേക ഘടകപദ്ധതി- വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 29998.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 29/2020-21 |
| പേര് | വിദ്യാർത്ഥികൾക്ക് ഫർണീച്ചർ |
| ബിൽ നം. തീയതി | 15/2020-21 തീ. 08.03.2021 |
| അടങ്കൽ | 75000.00 (പ്ലാൻ ഫണ്ട്- SCP) |
| ചെലവ് തുക | 29998.00 |
| ഗുണഭോക്താക്കളുടെ എണ്ണം | 6 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ജി.ഒ.(എം.എസ്) 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പദ്ധതി മാർഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പട്ടിക ജാതി വിദ്യാർത്ഥികൾക്കായി 5000/- രൂപ വരെയുള്ള മേശയും കസേരയും വാങ്ങി നൽകാവുന്നതാണ്. ആലുവ നഗരസഭയിൽ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നടപ്പാക്കിയ മേല്പറഞ്ഞ പ്രോജക്റ്റിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1)** ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമാണ് ഫയലിൽ പരിശോധനക്ക് ലഭ്യമായത്. അപേക്ഷയോടൊപ്പം വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രം, ഫർണ്ണീച്ചർ വാങ്ങിയതിന്റെയും തുക നൽകിയതിന്റെയും രേഖകൾ, ഫർണ്ണീച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

2) അപേക്ഷകൾ പലതും പൂർണ്ണമല്ല. രണ്ട് അപേക്ഷകളിൽ ഗുണഭോക്താക്കൾ ഒപ്പിട്ടിട്ടില്ല.

3) ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അപേക്ഷകൾ പാടില്ല എന്ന പൊതു നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ലക്ഷ്മണൻ.വി.റ്റി, മേഘ.വി എന്നീ ഗുണഭോക്താക്കളുടെ വീട്ട് നമ്പർ, വീട്ടിലെ അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിക്കുമ്പോൾ ഈ അപേക്ഷകൾ ഒരേ കുടുംബത്തിൽ നിന്നുള്ളതാണെന്നാണ് മനസ്സിലാകുന്നത്. എന്നാൽ ഇത് പരിശോധിക്കുന്നതിന് റേഷൻ കാർഡിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

4) ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് സിഡ്കോയിൽ നിന്നുള്ള ഒരു എസ്റ്റിമേറ്റ് ബിൽ മാത്രമേ

ഹാജരാക്കിയിട്ടുള്ളൂ. സിഡ്കോയിൽ നിന്നും ഫർണീച്ചർ വാങ്ങിയതിന്റെ ബില്ലോ മറ്റ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ ഈ മാനദണ്ഡം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/M1/2020-21 തീയതി 30.05.2022 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകതകളുടെ പശ്ചാത്തലത്തിൽ പ്രോജക്റ്റിനായി ചെലവഴിച്ച 29,998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 പട്ടികജാതി പ്രത്യേക ഘടകപദ്ധതി- വീട് പുനരുദ്ധാരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല - 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | - | 145/2020-21 |
| പ്രോജക്റ്റിന്റെ പേര് | - | വീട് പുനരുദ്ധാരണം |
| ബിൽ നം./തീയതി | - | 14/08.03.2021, 21/08.03.2021 |
| അടങ്കൽ തുക | - | 2,00,000/- രൂപ (പ്ലാൻ ഫണ്ട്- SCP) |
| ചെലവ് തുക | - | 2,00,000/ - രൂപ |
| ഗുണഭോക്താക്കളുടെ എണ്ണം | - | 4 |
| നിർവ്വഹണോദ്യോഗസ്ഥൻ | | പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ക്രമപ്രകാരമല്ല. ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന നാല് ഗുണഭോക്താക്കളിൽ മൂന്ന് പേർ മുൻഗണനാക്രമത്തിലാണ്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ പൂജ്യം മാർക്കോടെ ലിസ്റ്റിൽ അവസാനത്തെ വ്യക്തിയായ ശ്രീ. ടി. കുമാരനെ ഗുണഭോക്താവായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല (മാനദണ്ഡം ലംഘിച്ച് നൽകിയ 50,000/- രൂപയുടെ ചെലവ് നിരാകരിച്ചത് പ്രത്യേക പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്, ഖണ്ഡിക 3-4). ട്രഷറി ബില്ല് പ്രകാരം ഓരോ ഗുണഭോക്താവിനും 25,000/ - രൂപ വീതം രണ്ട് ഗഡുക്കളായി മൊത്തം രണ്ട് ലക്ഷം രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ട്രഷറി ബിൽ ബുക്കിലെ ബിൽ നം. 14/08.03.2021 -ൽ ഒരു ലക്ഷം രൂപയും ബിൽ നം. 21/26.03.2021 -ൽ ഒരു ലക്ഷം രൂപയും പിൻവലിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമായ ലിസ്റ്റിലെ ആദ്യ മൂന്ന്

ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ ലിസ്റ്റിന് വാർഡ് സഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ നിർമ്മാണം പൂർത്തീകരിച്ചതായുള്ള എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ സാക്ഷ്യപത്രമോ തുക കൈപ്പറ്റിയതിന്റെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/M1/2020-21 /30.05.2022 -ന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിയിലൂടെ മൂന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച 1.50 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - മതിയായ രേഖകളുടെ അഭാവത്തിൽ 17998/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നമ്പർ - 31/2020-21 | | പ്രോജക്റ്റ് നമ്പർ - 146/2020-21 | |
|---|---|---|---|
| പേര് | വാട്ടർ ടാങ്ക് (New) | പേര് | വാട്ടർ ടാങ്ക് (SO) |
| ബിൽ നം. തീയതി | 17/2020-21 തീ. 08.03.2021 | ബിൽ നം. തീയതി | 18/2020-21 തീ. 08.03.2021 |
| അടങ്കൽ | 51500.00 | അടങ്കൽ | 40000.00 |
| ചെലവ് തുക | 12479.00 | ചെലവ് തുക | 12479.00 |
| ഫണ്ടിനം | പ്ലാൻ ഫണ്ട് – SCP | ഫണ്ടിനം | പ്ലാൻ ഫണ്ട് – SCP |
| ഗുണഭോക്താക്കളുടെ എണ്ണം | 3 | ഗുണഭോക്താക്കളുടെ എണ്ണം | 3 |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്ന മേൽ പ്രോജക്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ ആണ്. പദ്ധതി നടത്തിപ്പിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നം. 31, 146 എന്നിവയിൽ 12479/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ ബുക്ക് വഴി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചതിന്റെ രേഖകൾ അപൂർണ്ണമാണ്. വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആറ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവിന്റെ അപേക്ഷ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിന്റെ പകർപ്പ്, SIDCO യിൽ നിന്നുള്ള കൈപ്പറ്റ് എന്നിവയും ഫയലിൽ ലഭ്യമല്ല.

SIDCO പർച്ചെയ്സ് ബിൽ (Invoice No. EKM/20-21/259, 260 തീയതി 18.02.2021) പ്രകാരം ഒരു വാട്ടർ ടാങ്കിന്റെ വില ജി.എസ്.ടി സഹിതം 4159.67/- രൂപയാണ്. സ.ഉ.(സാധാ) നം.3281/2018/ത.സ്വ.ഭ.വ തീയതി 31.12.2018 പുതുക്കിയ സബ്സിഡി മാർഗരേഖ ഖണ്ഡിക 6.6 പ്രകാരം അനുവദനീയമായ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75 ശതമാനവും പരമാവധി 3000.00 രൂപയുമാണ്. അതായത് 1160.00 രൂപ ഗുണഭോക്തൃവിഹിതമായി സ്വരൂപിക്കേണ്ടതായിരുന്നു. എന്നാൽ മേല്പറഞ്ഞ

രണ്ട് പ്രോജക്റ്റുകളിലും ഗുണഭോക്തൃവിഹിതം സ്വരൂപിക്കാതെ മുഴുവൻ തുകയും എസ്.സി.പി ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. 1160.00 രൂപ വീതം 6 ഗുണഭോക്താക്കൾക്കായി അധികം ചെലവഴിച്ച പദ്ധതി വിഹിതം 6960.00 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് (ഖണ്ഡിക 3-5 -ൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്). ആകെ ചെലവായ 24,958/- രൂപയിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ട 6960.00 രൂപ കഴിച്ച് ബാക്കി 17,998.00 രൂപയുടെ ചെലവ് മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

1-37 പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നില്ല- പെൻഷൻ അലോട്ട്മെന്റ് കൃത്യമായി ലഭിക്കാത്തതിനാൽ തനത് ഫണ്ട് വിനിയോഗിച്ച് പെൻഷൻ നൽകേണ്ടിവരുന്നു.

1996 -ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി നഗരകാര്യ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുക ശമ്പളബില്ലിന്റെ തുകയായി പിൻവലിച്ച് അതാത് മാസം പതിനഞ്ചിന് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാൻ ഡിമാന്റ് ഡ്രാഫ്റ്റ് ആയി നഗരകാര്യ ഡയറക്ടർക്ക് അയക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച വൗച്ചറുകളിൽ പെൻഷൻ വിഹിതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ശമ്പളത്തുകയോടൊപ്പം പിൻവലിച്ച് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുനൽകിയിട്ടില്ല. നഗരസഭയുടെ പെൻഷൻ ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കേണ്ട തുക | 29,05,140.00 |
| 2020-21 സാമ്പത്തിക വർഷം പെൻഷൻ ചെലവ് | 1,14,29,741.00 |
| 2020-21 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക | 28,72,187.00 |
| 2020-21 സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക | 85,57,554.00 |

2020-21 സാമ്പത്തിക വർഷത്തിൽ 29,05,140/- രൂപ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ പെൻഷൻ ചെലവ് 1,14,29,741/- രൂപയാണ്. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി മൂലം വർഷങ്ങളായി പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. ആയതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക, ലഭിക്കാനുള്ള

പെൻഷൻ അലോട്ട്മെന്റിൽ നിന്നും കുറവ് വരുത്തിയാണ് അലോട്ട്മെന്റിനായി അപേക്ഷിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 28,72,187/- രൂപയാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ അലോട്ട്മെന്റായി നഗകാര്യ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് അനുവദിച്ച തുക പെൻഷൻ നൽകുന്നതിന് അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്ന് 85,57,554/ - രൂപ പെൻഷന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക പെൻഷൻ ചെലവുകൾക്കായി വിനിയോഗിക്കുന്നത് നഗരസഭയുടെ വികസനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

1-38 ഉപയോഗിക്കാത്ത സേവനങ്ങൾക്ക് G.S.T ഒടുക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള എം.ജി ഹാളും പ്രിയദർശിനി ഹാളും വിവിധ പരിപാടികൾ നടത്തുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും വാടകക്ക് നൽകുന്നതിന് യഥാക്രമം 12250.00 രൂപയും 13500.00 രൂപയുമാണ് ദിവസ വാടകയായി 2020-21 വർഷത്തിൽ ഈടാക്കിയിരിക്കുന്നത്. മേൽപറഞ്ഞ വാടകക്ക് പുറമെ ക്ലീനിങ്ങ് ചാർജ്ജായി 2000.00 (Other User Charge) രൂപയും ഈടാക്കുന്നുണ്ട്. വാടകയിന്മേലും ക്ലീനിങ്ങ് ചാർജിന്മേലും 18 % GST യും ഈടാക്കുന്നുണ്ട്. മാസങ്ങൾക്ക് മുമ്പേ ഹാൾ ബുക്ക് ചെയ്താലാണ് ആവശ്യക്കാർക്ക് അനുയോജ്യമായ ദിവസം ഹാൾ ലഭിക്കുകയുള്ളൂ. ഹാൾ ബുക്കു ചെയ്യുമ്പോൾ തന്നെ മുഴുവൻ തുകയും ഈടാക്കുകയും GST വിഹിതം തൊട്ടടുത്ത മാസം GST വകുപ്പിൽ അടവാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ മുൻകൂട്ടി ബുക്ക് ചെയ്യുന്ന നിരവധി പരിപാടികൾ പലവിധ കാരണങ്ങൾകൊണ്ട് നടക്കാതെ വരികയും ഹാൾ ബുക്ക് ചെയ്തത് ക്യാൻസലാവുകയും ചെയ്യുന്നുണ്ട്. ഹാൾ ബുക്ക് ചെയ്ത വ്യക്തിയുടെ കാരണത്താലല്ലാതെ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ ഹാൾ വാടകയിനത്തിലും ക്ലീനിങ്ങ് ചാർജ്ജായും കൈപ്പറ്റിയ തുക പൂർണ്ണമായും നഗരസഭ തിരികെ നൽകുന്നു. GST തുക തിരികെ നൽകുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് സാഹചര്യത്തിൽ നിരവധി പരിപാടികളാണ് മേല്പറഞ്ഞ രീതിയിൽ ക്യാൻസൽ ചെയ്തിട്ടുള്ളത്. എന്നാൽ ഈ സാഹചര്യത്തിൽ GST തുക, GST വകുപ്പിൽ മുൻകൂർ അടവാക്കിയെന്ന കാരണത്താൽ വാടകക്കാർക്ക് തിരികെ നൽകാൻ സാധിച്ചിട്ടില്ല. അതേസമയം വാടകക്കെടുത്ത വ്യക്തിയുടേതായ കാരണത്താൽ ഹാൾ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ വാടകയുടെ പകുതിയും ക്ലീനിങ്ങ് ചാർജ്ജ് പൂർണ്ണമായും തിരികെ നൽകുന്നുണ്ട്. എന്നാൽ ഈ സാഹചര്യത്തിലും GST തുക തിരികെ നൽകാൻ സാധിക്കുന്നില്ല. ഇതുപോലെയുള്ള സാഹചര്യത്തിൽ ഒരിക്കൽ ക്യാൻസൽ ചെയ്യപ്പെട്ട ഹാൾ അതേ ദിവസം മറ്റൊരാൾ വാടകക്കെടുക്കുകയാണെങ്കിൽ ഒരു ദിവസത്തെ

പരിപാടിക്ക് രണ്ട് തവണ GST അടവാക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്.

അഡ്വാൻസായി പണമടച്ച് ഹാൾ ബുക്ക് ചെയ്യുന്ന സാഹചര്യത്തിൽ അഡ്വാൻസ് കളക്ഷനായി ബാധ്യത ഹെഡിൽ അക്കൗണ്ടിലെടുക്കേണ്ട തുക വരുമാനമായാണ് നഗരസഭയിൽ അക്കൗണ്ട് ചെയ്യുന്നത്. അക്കൗണ്ട്സിലെ ഈ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് GST തുക തൊട്ടടുത്ത മാസം GST വകുപ്പിൽ ഒടുക്കുന്നത്. ഇതുമൂലമാണ് യഥാർത്ഥത്തിൽ ഉപയോഗിക്കുന്നില്ലെങ്കിലും വാടകക്കെടുക്കുന്ന വ്യക്തികൾ GST ഇനത്തിൽ തുക ഒടുക്കേണ്ടിവരുന്നത്. ഫലത്തിൽ വാടകക്കാരനിൽ നിന്നും അവർ ഉപയോഗപ്പെടുത്താത്ത സേവനത്തിന് സർക്കാരിലേക്ക് നികുതി ഒടുക്കേണ്ടിവരുന്നു എന്നതാണ് യാഥർത്ഥ്യം. അതായത് നഗരസഭക്ക് യഥാർത്ഥത്തിൽ ലഭിച്ച വാടകയേക്കാൾ കൂടിയ തുകക്കുള്ള നികുതി ജനങ്ങളിൽ നിന്നും ഈടാക്കി, GST വകുപ്പിൽ അടവാക്കിയതായി മനസ്സിലാക്കാം. 2018 ലെ മഹാപ്രളയത്തെ തുടർന്ന് മേല്പറഞ്ഞ രണ്ട് ഹാളുകൾ ഉപയോഗയോഗ്യമല്ലാതായതിനാൽ ക്യാൻസൽ ചെയ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ രീതിയിൽ GST തുക ഒടുക്കിയതിലൂടെ വാടകക്കാർക്ക് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടായിരുന്നു.

കേരള GST Act 2017 ലെ സെക്ഷൻ 34 പ്രകാരം ഇത്തരത്തിലുള്ള ക്യാൻസലേഷനുകൾ (Sales Returns) തൊട്ടടുത്തമാസത്തെ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അഡ്ജസ്റ്റ് ചെയ്യാവുന്നതാണ്. ഇത്തരത്തിൽ അഡ്വാൻസ് കളക്ഷനായി കിട്ടുന്ന തുകക്ക് അവ യഥാർത്ഥ വരുമാനമാകുന്നമുറക്ക് GST ഒടുക്കാൻ സാധിക്കുമോ എന്ന കാര്യത്തിൽ നഗരസഭക്കുവേണ്ടി GST റിട്ടേൺ ഫയൽ ചെയ്യുന്ന കൺസൾട്ടൻസി സ്ഥാപനവുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2020-21/18.11.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നു. നഗരസഭാ സെക്രട്ടറിയുടെ 30.12.2021 തീയതിയിലെ മറുപടിയിൽ ഇത് സംബന്ധിച്ച് ജി.എസ്.ടി കൺസൾട്ടന്റിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018 ലെ മഹാപ്രളയത്തെ തുടർന്ന് പ്രിയദർശിനി ഹാൾ ഉപയോഗ യോഗ്യമല്ലാതായതിനാലും എം.ജി. ടൗൺഹാൾ പ്രളയപുനരധിവാസത്തിനായി ഉപയോഗിച്ചതിനാലും 2018-19 സാമ്പത്തിക വർഷത്തിൽ നിരവധി പരിപാടികളാണ് ഹാൾ ബുക്ക് ചെയ്തവരുടെ അസൗകര്യത്താലല്ലാതെ ക്യാൻസൽ ചെയ്യേണ്ടിവന്നത്. സമാനമായി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ നിരവധി ക്യാൻസലേഷനുകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ GST വിഹിതം വാടകക്കാരിൽ നിന്നും കളക്റ്റ് ചെയ്തത് GST വകുപ്പിൽ അടവാക്കി എന്ന കാരണത്താൽ തിരികെ നൽകാൻ സാധിച്ചിട്ടില്ല. മേല്പറഞ്ഞ പ്രകാരം പൊതുജനങ്ങളിൽ നിന്നും അവർ ഉപയോഗിക്കാത്ത സേവനങ്ങൾക്ക് G.S.T ഈടാക്കുകയും ഈ തുക

G.S.T വകുപ്പിൽ അടവാക്കിയെന്ന കാരണത്താൽ തിരികെ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-39 സ്റ്റോക്ക് & സ്റ്റോഴ്സിൽ വ്യത്യാസം - ക്രമീകരിച്ചിട്ടില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 6 (1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്റ്റോക്കുകളും സ്റ്റോഴ്സുകളും പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റർക്ക് ഉത്തരവാദിത്തമുണ്ട്. വർഷാന്ത്യത്തിലെ സ്റ്റോക്കുകളുടെ പട്ടിക പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്നും വ്യത്യാസങ്ങൾ ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി സ്ഥാപനം ക്രമീകരിച്ചിട്ടുണ്ടോയെന്നും ഓഡിറ്റിൽ പരിശോധിക്കേണ്ടതും അപാകതകളുണ്ടെങ്കിൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ആയതിലേക്കായി ഈ കാര്യാലയത്തിൽ നിന്നുള്ള 11.04.2022 തീയതിയിലെ കെ.എസ്.എ – എ.വി.എം(എം2) 399/2021 നമ്പർ മുൻകൂർ കത്തിന്റെ അടിസ്ഥാനത്തിൽ 20.04.2022 ൽ നടത്തിയ സ്റ്റോക്ക് & സ്റ്റോഴ്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1).രജിസ്റ്റർ പ്രകാരം 100 പേജുള്ള എം. ബുക്കിന്റെ സ്റ്റോക്ക് 63 എണ്ണമാണ്. എന്നാൽ ഭൗതിക പരിശോധനയിൽ 52 എണ്ണമാണ് ഉണ്ടായിരുന്നത്.

2).രജിസ്റ്റർ പ്രകാരം 50 പേജുള്ള എം. ബുക്കിന്റെ സ്റ്റോക്ക് 4 എണ്ണമാണ്. എന്നാൽ ഭൗതിക പരിശോധനയിൽ 3 എണ്ണമാണ് കണ്ടെത്താൻ സാധിച്ചത്.

3).രജിസ്റ്റർ പ്രകാരം 25 പേജുള്ള എം. ബുക്കിന്റെ സ്റ്റോക്ക് 15 എണ്ണമാണ്. എന്നാൽ ഭൗതിക പരിശോധനയിൽ 25 പേജുള്ള എം. ബുക്കുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല.

4).ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ആപ്ലിക്കേഷൻ ക്രമപ്രകാരമല്ല വിതരണം ചെയ്തിരിക്കുന്നത്. 1 മുതൽ 200 വരെയുള്ള ആപ്ലിക്കേഷൻ ഫോമുകൾ വിതരണം ചെയ്തതിനുശേഷമുള്ള വിവതരണം ക്രമം തെറ്റിയാണ് നടത്തിയിരിക്കുന്നത്. ആകെ 10 ബുക്കുകൾ വരവുള്ളതിൽ 2 ബുക്കുകളാണ് വിതരണത്തിനായി നൽകിയിരിക്കുന്നത്. ബാക്കി 8 ബുക്കുകൾ സ്റ്റോക്കുണ്ടാകേണ്ടതിന് 7 ബുക്കുകളാണ് ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചുള്ളു. ഒരു ബുക്കിന്റെ (100 ആപ്ലിക്കേഷൻ ഫോം) കുറവുള്ളതായി കാണുന്നു.

5).ബിൽഡിങ്ങ് ടാക്സ് അസ്സസ്സ്മെന്റ് രജിസ്റ്റർ സ്റ്റോറിൽ നിരവധിയെണ്ണം നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

വ്യത്യാസങ്ങൾ ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി ക്രമീകരിച്ച് ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 16/M2/2020-21 തീയതി 16.11.2021 ലൂടെ

ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ എം.ബുക്കുകൾ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് നൽകിയപ്പോൾ യഥാസമയം എൻട്രി വരുത്താൻ സാധിക്കാത്തതിനാലാണ് ബുക്കുകളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുള്ളതെന്നും ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ആപ്ലിക്കേഷനുകളുടെ കാര്യത്തിൽ 100 ആപ്ലിക്കേഷൻ വീതമുള്ള പത്ത് ബുക്കുകളാണ് വാങ്ങിയിട്ടുള്ളതെന്നും ഇതിൽ 401 മുതൽ 500 വരെയുള്ള ബുക്കാണ് സ്റ്റോക്കിൽ ഇല്ലാത്തതെന്നും ഇതുസംബന്ധിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ ക്രമപ്പെടുത്തി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

1-40 സമയപരിധി കഴിഞ്ഞിട്ടും ജീവനക്കാരന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവിറക്കിയിട്ടില്ല.

ആലുവ നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II തസ്തികയിൽ 25.07.2013 മുതൽ ജോലി ചെയ്യുന്ന ശ്രീ. അഖിൽജിഷ്ണുവിന്റെ പ്രൊബേഷൻ നാളിതുവരെ ഡിക്ലയർ ചെയ്തിട്ടില്ല. നിയമന ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കാൻ കഴിയാത്ത ജീവനക്കാർക്ക് പ്രൊബേഷനാവശ്യമായ യോഗ്യത ആർജ്ജിക്കുന്നതിന് ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലാവധി നീട്ടിനൽകുന്നതിന് കെ.എസ്. & എസ്.എസ്.ആർ ചട്ടം 21 പ്രകാരം നിയമനാധികാരിയ്ക്ക് അധികാരമുണ്ട്. ഒരു വർഷത്തിന് മുകളിൽ പ്രൊബേഷൻ നീട്ടി നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിൽ പ്രൊബേഷൻ കാലാവധി മൂന്ന് വർഷ സേവനത്തിൽ രണ്ട് വർഷമാണ്. പ്രൊബേഷൻ പൂർത്തിയാക്കാത്തതിനാൽ മേൽ ജീവനക്കാരന് ആദ്യത്തെ ഇൻക്രിമെന്റിന് ശേഷം അടുത്ത് ഇൻക്രിമെന്റ് നാളിതുവരെ അനുവദിച്ചിട്ടില്ല. പ്രൊബേഷൻ പൂർത്തിയായതായി ഉത്തരവിറക്കാത്ത സാഹചര്യത്തിൽ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 ചട്ടം 19, ചട്ടം 21 എന്നിവയിൽ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് കെ.എസ്.എ.-എ.വി.എം.(എം.3) 367(3)/2021 തീയതി 07.11.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-41 പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല.

പ്രോജക്ട് നം. S0021/21 – പാലിയേറ്റീവ് കെയർ പ്രോജക്ട്

വികസന ഫണ്ട് (പൊതുവിഭാഗം)-ചെലവ്- 15,00,000/- രൂപ

ഗവ.ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മേല്പറഞ്ഞ പ്രോജക്റ്റിനായി 15,00,000/- ചെലവഴിച്ചിട്ടുണ്ട്. 07/03/2019 – ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ – സ.ഉ.(സാധാ) നം. 553/2019 ലെ ഖണ്ഡിക 2-9-2 പ്രകാരം

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 2 മാസത്തിലൊരിക്കൽ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് കമ്മിറ്റി യോഗം ചേർന്നിട്ടില്ലായെന്നും 2019-20 സാമ്പത്തിക വർഷം ആകെ ഒരു തവണ മാത്രമേ കമ്മിറ്റി കൂടിയിട്ടുള്ളൂവെന്നും മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം 1.41 പരാമർശത്തിൽ നിന്നും വ്യക്തമാണ്. 2020-21 സാമ്പത്തിക വർഷം പി.എം.സി. മീറ്റിംഗിന്റെ മിനിട്സ് ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. അതായത് 2020-21 സാമ്പത്തിക വർഷവും പാലിയേറ്റീവ് കമ്മിറ്റി യോഗം ചേരുന്നതിൽ അലംഭാവം തുടരുന്നതായാണ് മനസ്സിലാകുന്നത്. ഈ നടപടി പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 2 മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്.

### 1-42 കൊറോണ പ്രതിരോധ പ്രവർത്തനത്തിനായി നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി J.H.I Gr – II അഖിൽ ജിഷ്ണുവിന് 2,00,000/- രൂപ തനത് ഫണ്ടിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട് (ചെക്ക് നം. 14825/25.03.2020). കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർ ഉത്തരവ് ജി.ഒ. (പി) നം. 419/2011/ധന തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ടി സമയപരിധിക്കുള്ളിൽ തുക അഡ്ജസ്റ്റ് ചെയ്തില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ടി ജീവനക്കാരിൽ നിന്ന് അടിയന്തരമായി തിരിച്ചുപിടിക്കേണ്ടതും ഇങ്ങനെ പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 % നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. അഡ്വാൻസ് തുക കൈപ്പറ്റി രണ്ട് വർഷം പൂർത്തിയാക്കിയിട്ടും തുക ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/M3/2020-21 തീയതി 17.05.2022 – നുള്ള മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടതായി നഗരസഭ അറിയിച്ചിട്ടുണ്ട്. മുൻകൂർ ക്രമീകരിക്കുന്ന മുറക്ക് ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

### 1-43 ആലുവ നഗരസഭയിലെ സുഭിക്ഷ കേരളം പദ്ധതി നടത്തിപ്പ്- അവലോകനം

ആസൂത്രണ സാമ്പത്തിക വകുപ്പിന്റെ 18.05.2020 തീയതിയിലെ സ.ഉ.(കൈ) നം. 14/2020 പ്രകാരം കേരളത്തെ ഭക്ഷ്യസ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്തതാണ് സുഭിക്ഷകേരളം പദ്ധതി. കേരളത്തിന്റെ ഭക്ഷ്യോത്പന്ന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുവാനും വരുമാനവും സംരംഭങ്ങളും

തൊഴിലും സൃഷ്ടിക്കുവാനും ഉദ്ദേശിച്ചാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും പ്രാദേശിക സർക്കാരുകളും സ്ഥാപനങ്ങളും ഏജൻസികളും മുൻകൈയെടുക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ പഞ്ചായത്തുകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്.

ഈ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെ സംബന്ധിച്ച് മാർഗ്ഗരേഖയിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1). വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ എന്ന പതിവ് രീതിക്ക് പകരം ഈ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒറ്റ പദ്ധതി തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവ്വഹണം നടത്തുകയും ചെയ്യുക.

2). നഗരസഭയിലെ കൃഷി ചെയ്യാവുന്ന തരിശ് ഭൂമിയും തരിശ് നിലങ്ങളും പുരയിടങ്ങളും ഒരു ദ്രുത വിവര ശേഖരണത്തിലൂടെ കണ്ടെത്തി ശാസ്ത്രീയ കൃഷി രീതിക്ക് കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

3). സ്വന്തമായി കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് അടുക്കള തോട്ടങ്ങൾ, മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി, മറ്റ് കൃഷിരീതികൾ എന്നിവർക്ക് പ്രോത്സാഹനവും പിന്തുണയും നൽകണം.

4). മുട്ട, പാൽ, മാംസം എന്നിവയുടെ ഉത്പാദനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

5). കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, മത്സ്യ കുളങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും പരിപാലനത്തിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താം.

6). നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ചോ തദ്ദേശഭരണ സ്ഥാപനത്തിലെയോ മറ്റു ബന്ധപ്പെട്ട വകുപ്പുകളിലെയോ, വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചോ മൂല്യവർദ്ധിത സംരംഭങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ ലഭ്യമാക്കണം.

തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 06.03.2020 -ലെ സ.ഉ.(കൈ) നം. 45/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച 12 ഇന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

കൃഷി മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള കരട് കാർഷിക പദ്ധതി തയ്യാറാക്കണം. സമാന്തരമായി തന്നെ മൃഗസംരക്ഷണം, ക്ഷീര

വികസനം, മത്സ്യവികസനം, ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് തുടങ്ങിയ അനുബന്ധ മേഖലകളിലെ സംയോജിത പദ്ധതികൾക്കും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നൽകേണ്ടതാണ്.

പദ്ധതി ആസൂത്രണം

സുഭിക്ഷകേരളം പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി മുനിസിപ്പാലിറ്റി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. സുഭിക്ഷ കേരളത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്താൻ ശ്രമിച്ചിട്ടില്ല. മൃഗസംരക്ഷണം തൊഴിലായി സ്വീകരിച്ചവരുടെ വിവരങ്ങൾ ലഭ്യമാക്കി അവരെ പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല. വാർഡ് ലെവൽ കമ്മിറ്റികളെ ഉപയോഗിച്ച് കൃഷിക്കാരുടെയും കൃഷി ചെയ്യാൻ കഴിയുന്ന തരിശ് ഭൂമിയുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ല. വിശദമായ കൃഷി പദ്ധതി ആസൂത്രണം നടപ്പിലാക്കിയിട്ടില്ല.

കാർഷിക കലണ്ടർ

സുഭിക്ഷകേരളം പദ്ധതി നടത്തിപ്പിലെ പ്രധാന നിർദ്ദേശമാണ് കാർഷിക കലണ്ടർ തയ്യാറാക്കുക എന്നത്. കാർഷിക കലണ്ടർ തയ്യാറാക്കി പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കേണ്ടതാണ്. കാർഷിക കലണ്ടർ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

തരിശുഭൂമി കൃഷി യോഗ്യമാക്കൽ

കൃഷിക്ക് യോഗ്യമായ തരിശുഭൂമി കണ്ടെത്തി താൽപര്യമുള്ള കർഷകരെയോ കർഷക ഗ്രൂപ്പുകളെയോ ഏൽപ്പിച്ച് കൃഷി ചെയ്യാനുള്ള നിർദ്ദേശം നഗരസഭ പാലിച്ചിട്ടില്ല. നിലവിലുള്ള കൃഷി ഭൂമിയിലെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കൃഷിയുമായി ബന്ധപ്പെട്ട് ആലുവ നഗരസഭ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|
| 98 | കുറ്റിക്കുരുമുളക് വിതരണം | വികസന ഫണ്ട് (പൊതുവിഭാഗം) | 1,00,000 | 1,00,000 |
| 97 | പച്ചക്കറി കൃഷിക്ക് ജൈവവളം | വികസന ഫണ്ട് (പൊതുവിഭാഗം) | 2,800 | 2,800 |
| 102 | വാഴ കൃഷിക്ക് ജൈവവളം | വികസന ഫണ്ട് (പൊതുവിഭാഗം) | 6,000 | 6,000 |
| 109 | തെങ്ങിന് ജൈവവളം | വികസന ഫണ്ട് (പൊതുവിഭാഗം) | 50,000 | 28,875 |
| 132 | ഗ്രോബാഗ് പച്ചക്കറിക്കിറ്റ് | വികസന ഫണ്ട് (പൊതുവിഭാഗം) | 3,31,075 | 1,87,500 |

| | | | | |
|---|---|---|---|---|
| 176 | ഫലവൃക്ഷ തൈ/പച്ചക്കറി വിത്ത് വിതരണം | വികസന ഫണ്ട് (പൊതുവിഭാഗം) | 1,70,000 | 1,13,381 |

ഫണ്ട് വകയിരുത്തിയിട്ടും നടപ്പിലാക്കാതിരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഫണ്ടിനം | തുക |
|---|---|---|---|
| 1). | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി (വ്യക്തികൾ/സ്ഥാപനങ്ങൾJLG ഗ്രൂപ്പ്) | വികസന ഫണ്ട് (പൊതുവിഭാഗം) | 2,00,000 |
| 2). | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി | വികസന ഫണ്ട് (പൊതുവിഭാഗം | 3,28,000 |
| 3). | ബയോ ഫ്ലോക്ക് മത്സ്യകൃഷി യൂണിറ്റ് | വികസന ഫണ്ട് (പട്ടികജാതി) | 1,84,000 |
| 4). | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി | വികസന ഫണ്ട് (പട്ടികജാതി) | 2,00,000 |

ആലുവ നഗരസഭയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം കൃഷിഭൂമി കുറവാണെങ്കിലും, പരിമിതമായ സ്ഥലസൗകര്യമുപയോഗിച്ച് ചെയ്യാവുന്ന ബയോ ഫ്ളോക്ക് കൃഷി, മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി, ടെറസ് കൃഷി എന്നിവയ്ക്കും കാര്യമായ പ്രോത്സാഹനം നൽകിയിട്ടില്ല. വകയിരുത്തിയ പദ്ധതി തുകയിൽ നിന്നും തുകയൊന്നും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം .

പാൽ, മുട്ട, മത്സ്യം എന്നിവയുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ ധാരാളമുണ്ടെങ്കിലും, നടപ്പാക്കിയ ഒരേ ഒരു പദ്ധതിയായ മുട്ടക്കോഴി വിതരണത്തിന് മുഴുവൻ തുകയും ചെലവഴിച്ചില്ല. ആട് വിതരണത്തിനായി (പട്ടികജാതി വികസനഫണ്ട്) 4,00,000/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല.

വിപണന സൗകര്യം

കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിവില ലഭ്യമാക്കുന്നതിനായി പ്രാദേശിക മാർക്കറ്റുകൾ ആരംഭിക്കുന്നതിന് സുഭിക്ഷകേരളം പദ്ധതിയിൽ നിർദ്ദേശമുണ്ടെങ്കിലും ആലുവ നഗരസഭ ഇതിനുള്ള നടപടിയെടുത്തിട്ടില്ല.

ഭക്ഷ്യസംസ്കരണം

ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി സംസ്കരണ ശാലകൾ ആരംഭിക്കുന്നതിനും മെച്ചപ്പെട്ട സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സുഭിക്ഷകേരളം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല.

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ട നഗരസഭാ തലത്തിലുള്ള കമ്മിറ്റി, വാർഡ് തല കമ്മിറ്റി, വിവിധ കാർഷിക മേഖലകൾക്കായുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കൃഷി/മൃഗസംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയ്ക്ക് നൽകിയിട്ടില്ല. സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 21/M3/2020-21 തീയതി 05.05.2022) നൽകിയെങ്കിലും മറുപടിയായി കമ്മിറ്റികൾ രൂപീകരിച്ചു എന്നു മാത്രമാണ് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ അറിയിച്ചിട്ടുള്ളത്. നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളോ കമ്മിറ്റി യോഗം ചേർന്നതിന്റെ മിനിറ്റ്സോ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കേരളത്തിലെ ഭക്ഷ്യോത്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത സുഭിക്ഷകേരളം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയും. സുഭിക്ഷകേരളം പദ്ധതിയെക്കുറിച്ചും കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ജനങ്ങളെ ബോധവൽക്കരിക്കുകയും ലഭ്യമായ സ്രോതസ്സുകൾ ഉപയോഗിച്ച് പരമാവധി കാർഷികോൽപാദനം ഉറപ്പുവരുത്തുന്നതിന് സഹായകമായ പദ്ധതികൾ രൂപീകരിക്കുകയും വേണം. സുഭിക്ഷകേരളം പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നഗരസഭയിൽ നടപ്പിലാക്കാവുന്ന പദ്ധതികളെ സംബന്ധിച്ച് ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

* നഗരസഭയിലെ ഭൂപ്രകൃതിക്ക് അനുയോജ്യമായ മട്ടുപ്പാവ്, ഗ്രോബാഗ് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വാർഡ് തലത്തിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

* തുടങ്ങിവച്ച പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നു എന്ന് ഉറപ്പുവരുത്താൻ മോണിറ്ററിങ്ങ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

* കർഷകർക്കാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് അതാത് മേഖലകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഹെൽപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

* ഉത്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിനും വിപണനത്തിനുമുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

1-44 കോവിഡ്-19 പ്രതിരോധം - അവലോകനം

കോവിഡ്-19 വ്യാപനം തടയുന്നതിനും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക നിർദ്ദേശങ്ങൾ സർക്കാർ നൽകിയിരുന്നു. ആലുവ നഗരസഭയിലും ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി കിച്ചൻ വഴിയുള്ള ഭക്ഷണവിതരണം, ക്വാറന്റൈൻ പ്രവർത്തനങ്ങൾ, അതിഥി തൊഴിലാളികളെ സുരക്ഷിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അഗതികളായവരുടെ പുനരധിവാസം എന്നിവ നടപ്പിലാക്കിയിരുന്നു.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നഗരസഭയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തവിവരണം ചുവടെ ചേർക്കുന്നു.

ശുചീകരണ പ്രവർത്തനങ്ങൾ

ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ ഭാഗമായി നഗരസഭയിലെ ജനസമ്പർക്കം കൂടുതലുള്ള പ്രദേശങ്ങളിൽ കൈകഴുകുന്നതിനുള്ള സോപ്പ്/വെള്ളം സാനിറ്റൈസർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ആലുവ നഗരസഭയിലെ 26 വാർഡുകളിലും ഫോഗിംഗ്/സ്പ്രേയിങ്ങ് എന്നിവ പ്രതിദിനം നടത്തി, അണുനശീകരണത്തിനായി ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തി നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ബോധവൽക്കരണത്തിനായി നോട്ടീസുകൾ തയ്യാറാക്കി ആശാപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ വഴി എല്ലാ വാർഡുകളിലും വിതരണം ചെയ്തിട്ടുണ്ട്.

സി.എഫ്.എൽ.ടി.സി

ആലുവ നഗരസഭയിലെ ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകൾ യു.സി. കോളേജിലും മഹാത്മാ ഗാന്ധി ടൗൺഹാളിലും 04.05.2020 മുതൽ 29.12.2020 വരെ പ്രവർത്തിച്ചിരുന്നു. സി.എഫ്.എൽ.ടി.സി -യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). സ.ഉ (സാധാ) നം. 1364/2020/ത.സ്വ.ഭ.വ തീയതി 16.07.2020 ഉത്തരവിൽ CFLTC -കൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക (VIII) -ൽ സിവിൽ വർക്കുകൾക്കും ഫർണീച്ചർ മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുന്നതിനും ടെണ്ടർ/ക്വട്ടേഷൻ തുടങ്ങിയവ തയ്യാറാക്കി വയ്ക്കേണ്ടതും തീരുമാനമായാൽ ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും ലൈല ഡെക്കറേഷൻസിനാണ് പ്രവർത്തികൾ ഏല്പിച്ചിരുന്നത്. എന്നാൽ ഈ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള തീരുമാനമോ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങളോ ഉണ്ടായിട്ടില്ല. 21.07.2020 -ൽ ചേർന്ന CFLTC മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കാബിൻ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എഞ്ചിനീയറിംങ്ങ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഈ

പ്രവൃത്തിയുടെ എസ്റ്റിമേറ്റോ ചെലവോ മുൻകൂട്ടി നിർണ്ണയിക്കാതെ ലൈല ഡെക്കറേഷൻസ് എന്ന സ്ഥാപനം വാടക നിരക്കിൽ കാബിൻ സ്ഥാപിക്കുകയാണുണ്ടായത്. പ്രവൃത്തി ചെയ്ത് മൂല്യനിർണ്ണയം നടത്തി ബിൽ തയ്യാറാക്കുന്നതിനാണ് എഞ്ചിനീയറിങ്ങ് വിഭാഗം ശുപാർശ ചെയ്തതെന്നും വാടക നിരക്കിൽ ബില്ല് അനുവദിക്കുന്നത് സാങ്കേതികമായി അപ്രായോഗികമാണെന്നും എഞ്ചിനീയറിങ്ങ് വിഭാഗം അറിയിച്ചിരുന്നു.

2). കാബിൻ, ബാരിക്കേഡ്, സി.എഫ്.എൽ.ടി.സി യിലെ മറ്റ് സജ്ജീകരണങ്ങൾ എന്നിവ ഒരുക്കുന്നതിന് മുമ്പ് ലൈല ഡെക്കറേഷൻസ് എന്ന സ്ഥാപനവുമായി വാടകനിരക്ക്, സപ്ലൈ ചെയ്യേണ്ട സാധനങ്ങൾ എന്നിവ സംബന്ധിച്ച് ധാരണയിലെത്തുകയോ കരാറിൽ ഏൽപ്പെടുകയോ ചെയ്തിട്ടില്ല. സ്ഥാപനം നൽകിയ നിരക്കും വാടകയും അനുവദനീയമാണോ എന്ന് പരിശോധിക്കാതെയും CFLTC മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശയില്ലാതെയും അതേ രീതിയിൽ കൗൺസിൽ അംഗീകരിക്കുകയാണ് ചെയ്തത്.

3). 04.08.2020 മുതൽ 29.12.2020 വരെയാണ് സി.എഫ്.എൽ.ടി.സി പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനം ഏഴ് മാസത്തെ വാടക ആവശ്യപ്പെട്ടത് പരിശോധന കൂടാതെ അംഗീകരിച്ചിട്ടുണ്ട്. ഏഴ് മാസം ഈ സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നുവെന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷനുണ്ടെങ്കിലും ജി.എസ്.ടി ഇൻവോയ്സ് സമർപ്പിച്ചിട്ടില്ല. ജി.എസ്.റ്റി ഇൻവോയ്സ് ഇല്ലാതെ ജി.എസ്.റ്റി ക്ലെയിം ചെയ്തിട്ടുണ്ട്.

5). 04.03.2021 -ന് സമർപ്പിച്ച 6,29,180/- രൂപയുടെ ബില്ലിൽ വാടകയുടെ നിരക്ക് ഉൾപ്പെടുത്തിയിരുന്നില്ല. വാടകനിരക്ക് ഉൾപ്പെടുത്തി പിന്നീട് സമർപ്പിച്ച ബില്ലിലെ തുക അധികരിച്ചപ്പോൾ അധിക തുക (7239/- രൂപ) കിഴിവായി കാണിച്ച് ആദ്യത്തെ ബിൽതുകയായ 6,29,180 /- രൂപയിൽ നിജപ്പെടുത്തുകയായിരുന്നു.

6). സൂചന (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ CFLTC -യ്ക്ക് സംഭാവനയായി ലഭിച്ച പണം, സാധനങ്ങൾ എന്നിവയുടെ രജിസ്റ്ററും തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്. ലൈല ഡെക്കറേഷൻസ് സി.എഫ്.എൽ.ടി.സി -യിൽ സജ്ജീകരിച്ച സാധനങ്ങളുടെ സ്റ്റോക്ക് ഹാജരാക്കിയിട്ടില്ല.

7). പ്രവൃത്തി യഥാർത്ഥത്തിൽ സി.എഫ്.എൽ.ടി.സി -യിൽ ചെയ്തിട്ടുള്ളതാണെന്നും തുക അനുവദിയ്ക്കാവുന്നതാണെന്നും ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കമ്മ്യൂണിറ്റി കിച്ചൻ

കോവിഡ്-19 വ്യാപനത്തിന്റെ ആദ്യകാലഘട്ടത്തിൽ തന്നെ കമ്മ്യൂണിറ്റി കിച്ചൻ രൂപീകരിക്കുകയും

26.03.2020 മുതൽ 03.06.2020 വരെ ക്യാമ്പുകളിലും, വീടുകളിലും കഴിയുന്ന ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്തവർക്ക് ഭക്ഷണം എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിലാണ് കമ്മ്യൂണിറ്റി കിച്ചൻ മോണിറ്ററിങ്ങ് കമ്മിറ്റി പ്രവർത്തിച്ചിരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ. (ആർ.ടി) നം. 765/2020/എൽ.എസ്.ജി.ഡി. തീയതി 20.04.2020 ഉത്തരവിലെ നിർദ്ദേശപ്രകാരം കുടുംബശ്രീ പ്രവർത്തകരെ ഹോണറേറിയം അടിസ്ഥാനത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനായി നിയോഗിച്ചു.

ക്വാറന്റൈൻ പ്രവർത്തനങ്ങൾ

കോവിഡ്-19 നിയന്ത്രണങ്ങളോനുബന്ധിച്ച് വിദേശത്ത് നിന്ന് തിരിച്ചെത്തിയവരേയും അന്യസംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയ മലയാളികളെയും ക്വാറന്റൈനിൽ താമസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 04.05.2020 -ലെ സ.ഉ.(കൈ) നം 86/2020/പൊ.ഭ.വ , 06.05.2020 -ലെ സ.ഉ.(സാധാ) നം. 831/2020/ത.സ്വ.ഭ.വ നം. ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തല കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിച്ചിട്ടുണ്ട്. വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഹോം ക്വാറന്റൈൻ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നടപ്പിലാക്കുന്നതിന് 10.05.2020 -ലെ ജി.ഒ.(ആർ.ടി) 857/2020/H & FWD ലെ നിർദ്ദേശപ്രകാരം നഗരസഭാ സെക്രട്ടറി കൺവീനറായി ടീം രൂപീകരിച്ചു. വാർഡ് തല RRT (Rapid Response Team) കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മേൽനോട്ട സമിതിയെ നിയോഗിക്കുകയും കോവിഡ്- 19 ജാഗ്രത പോർട്ടലിലെ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ക്വാറന്റൈൻ സംവിധാനങ്ങളേർപ്പെടുത്തുകയും ചെയ്തു. ക്വാറന്റൈനിൽ കഴിയുന്നവരുടെ വിവരങ്ങൾ ജീവനക്കാരെ നിയോഗിച്ച് കോവിഡ്-19 ജാഗ്രത പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിരുന്നു.

തെരുവിൽ അലഞ്ഞുനടക്കുന്നവരുടെ പുനരധിവാസം

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.03.2020 -ലെ സ.ഉ.(സാധാ) 710/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കോവിഡ് വ്യാപനം തടയുന്നതിനുമായി നഗര, ഗ്രാമ പ്രദേശങ്ങളിൽ തെരുവിൽ ഉറങ്ങുന്നവർ, അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവർ, നിരാലംബർ എന്നിവരെ തെരുവിൽ നിന്ന് മാറ്റി പുനരധിവസിപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഭക്ഷണം, വ്യക്തിശുചിത്വം, ആരോഗ്യ പരിരക്ഷ തുടങ്ങിയവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുകയും ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പുനരധിവസിപ്പിക്കുകയും ചെയ്തു.

കോവിഡ് പ്രതിരോധവും പദ്ധതിച്ചെലവും

ആലുവ നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തി കോവിഡ് പ്രതിരോധത്തിനായി 57,47,160/ - രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | - | 187/2020-21 |
| അടങ്കൽ തുക | - | 60,00,000 |
| ചെലവഴിച്ച തുക | - | 57,47,160 |
| ഫണ്ടിനം | - | വികസന ഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| പദ്ധതിയുടെ പേര്- | - | കോവിഡ് -19 പ്രതിരോധ പ്രവർത്തനം - അനുബന്ധ വാങ്ങലുകളും പ്രവർത്തനങ്ങളും. |

ആലുവ നഗരസഭയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതിനും ജനക്ഷേമം ഉറപ്പാക്കുന്നതിനും നഗരസഭാ കൗൺസിലും ഉദ്യോഗസ്ഥരും പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ട്. അപാകതകൾ ഒഴിവാക്കി സാമ്പത്തിക ഇടപാടുകൾ സർക്കാർ ഉത്തരവുകൾ നിഷ്കർഷിക്കുന്ന പ്രകാരം സുതാര്യമാക്കാൻ നഗരസഭ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-45 അങ്കണവാടി വാടക അധികം നൽകി - തുടർന്നുള്ള വർഷം തിരികെ ഈടാക്കി (ഓഡിറ്റ് ഇംപാക്ട്)

ആലുവ നഗരസഭയിൽ 20 അങ്കണവാടികളാണുള്ളത്. ഇതിൽ 8 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഓരോ അങ്കണവാടികൾക്കും വ്യത്യസ്ത നിരക്കിലാണ് വാടക നൽകുന്നത്. 2019 നവമ്പർ മാസം മുതൽ 2020 മാർച്ച് (2019-20 സാമ്പത്തിക വർഷം) വരെയുള്ള വാടക 1,45,885/- രൂപയും 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള (2020-21 സാമ്പത്തിക വർഷം) വാടക 3,38,424/- രൂപയുമാണ് 2020-21 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നമ്പർ - 138/21(SO), പ്രോജക്റ്റ് നമ്പർ - 09/21 എന്നിവ പ്രകാരം നൽകിയിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടി നമ്പർ | വാടക | നഗരസഭാ വിഹിതം | | 2019 നവമ്പർ മുതൽ 2020 | 2020 ഏപ്രിൽ മുതൽ 2021 |
|---|---|---|---|---|---|---|
| | | | 11/2019 | 10/2020 | | |

| | | | മുതൽ 09/2020 വരെ | മുതൽ 03/2021 വരെ | മാർച്ച് വരെ | മാർച്ച് വരെ |
|---|---|---|---|---|---|---|
| 1 | 1 | 3500.00 | 2750.00 | 2500.00 | 13750.00 | 31500.00 |
| 2 | 2 | 4000.00 | 3250.00 | 3000.00 | 16250.00 | 37500.00 |
| 3 | 4 | 4500.00 | 3750.00 | 3500.00 | 18750.00 | 43500.00 |
| 4 | 7 | 5000.00 | 4250.00 | 4000.00 | 21250.00 | 49500.00 |
| 5 | 8 | 6200.00 | 5450.00 | 5200.00 | 27250.00 | 63900.00 |
| 6 | 12 | 4277.00 | 3277.00 | 3027.00 | 16135.00 | 37524.00 |
| 7 | 16 | 3000.00 | 2250.00 | 2000.00 | 11250.00 | 25500.00 |
| 8 | 19 | 5000.00 | 4250.00 | 4000.00 | 21250.00 | 49500.00 |
| ആകെ | | | | | 145885.00 | 338424.00 |

വാടകയിനത്തിൽ ആകെ 4,84,309/- രൂപ നൽകേണ്ടതിന് പകരം 5,05,600/- വിതരണം ചെയ്തതായാണ് കാണുന്നത്. അതായത് 21,291/- രൂപ (5,05,600-484309) അധികമായി വിതരണം ചെയ്തിട്ടുണ്ട്. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ & തീയതി | തുക |
|---|---|---|
| 1 | 04/2020-21 തീയതി 07.01.2021 | 1,46,385.00 |
| 2 | 05/2020-21 തീയതി 07.01.2021 | 2,65,293.00 |
| 3 | 09/2020-21 തീയതി 08.03.2021 | 54,000.00 |
| 4 | 10/2020-21 തീയതി 08.03.2021 | 34,707.00 |
| 5 | 13/2020-21 തീയതി 17.03.2021 | 5,215.00 |
| ആകെ | | 5,05,600.00 |

മേല്പറഞ്ഞ പ്രകാരം അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 08/M2/2020-21/07.02.2022 ന് ICDS സൂപ്പർവൈസർ നൽകിയ മറുപടിയിൽ അധികമായി നൽകിയ 21291.00 രൂപ 2021-22 സാമ്പത്തിക വർഷത്തിൽ തിരികെ ഈടാക്കിയതായി അറിയിക്കുകയും ഇക്കാര്യം ഓഡിറ്റിൽ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-46 LF റോഡ് കാന നിർമ്മാണം - അധികം നൽകിയ 8453/- രൂപ ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തിരികെ ഈടാക്കി (ഓഡിറ്റ് ഇംപാക്ട്)

| | | |
|---|---|---|
| ഫയൽ നമ്പർ | : | E1-8240/18 |
| പ്രോജക്റ്റ് നമ്പർ | : | SO 085/19 |
| പ്രോജക്റ്റിന്റെ പേര് | : | LF കാന കൺസ്ട്രക്ഷൻ & ബൈലൈൻ സിമന്റ് ബ്ലോക്ക് ലെയിങ്ങ് & ക്വാർട്ടേഴ്സ് റോഡ് കാന നിർമ്മാണം - വാർഡ് - 14 |
| എം ബുക്ക് നമ്പർ | : | 04/2018-19 |
| കരാറുകാരൻ | : | P.C.തോമസ് |

ചെലവ് വിവരം :

495316.00 (Bill Ref.No. 18110447019701428309 Dtd 20.03.2019 (I St & Part Bill)

343020.00 (Bill Ref No.20110447019700036701 Dtd 11.04.2020 (Final Bill)

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ LF റോഡ് കാന നിർമ്മാണം & ബൈലൈൻ സിമന്റ് ബ്ലോക്ക് ലെയിങ്ങ് & ക്വാർട്ടേഴ്സ് റോഡ് കാന നിർമ്മാണം പ്രോജക്റ്റിൽ 115.75 മീറ്റർ നീളത്തിൽ 0.90 മീറ്റർ വീതിയിൽ കാന നിർമ്മിച്ചിട്ടുണ്ട്. ഇതിനായി 115.75x0.90x0.30 അളവിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. കാനയുടെ ബെയ്സ്മെന്റ് കോൺക്രീറ്റിങ്ങ് 115.75x0.90x0.10 അളവിലാണ് ചെയ്തിരിക്കുന്നത്. കാനയുടെ സൈഡ് വാളിന്റെ വീതി 0.20 മീറ്ററാണ്. ഇരു വശങ്ങളിലുമുള്ള സൈഡ് വാളിന്റെ അളവ് കഴിച്ചാൽ 0.50 മീറ്റർ വീതിയിലാണ് വെയറിങ്ങ് കോട്ട് കോൺക്രീറ്റിങ്ങ് നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ 115.75x0.70x0.05 അളവിൽ വെയറിങ്ങ് കോട്ട് ചെയ്തിരിക്കുന്നതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് മൂലം അധികം തക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | നൽകിയത് | നൽകാവുന്നത് |
|---|---|---|
| OD 761/2018-19 Providing Cocrete For Plain Concrete Using 200mm. | 115.75x0.70x0.05=4.051<br>4.051x7300 = 29572.00 | 115.75x0.50x0.05=2.893<br>2.893x7300 = 21119.00 |
| അധികം നൽകിയ തുക | 29572 – 21119 = 8453.00 | |

അധികമായി നൽകിയ 8453/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഐറ്റം നമ്പർ 6 പ്രകാരം 115.75 മീറ്റർ നീളത്തിൽ 0.20 മീറ്റർ വീതിയിൽ 0.60 മീറ്റർ മുതൽ 0.80 മീറ്റർ വരെ ഉയരത്തിൽ ഇരു വശങ്ങളിലും സൈഡ് വാൾ നിർമ്മിച്ചതായി എം ബുക്ക് നമ്പർ 04/2018-19 പേജ് നമ്പർ 4, 5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് കൂടാതെ പേജ് നമ്പർ 7 ൽ കാനയുടെ ഒരു

വശത്ത് മാത്രം 115.75 നീളത്തിൽ ശരാശരി 0.10 ((0+20)/2) മീറ്റർ വീതിയിൽ 0.30 മീറ്റർ ഉയരത്തിൽ സൈഡ് വാൾ കോൺക്രീറ്റിങ്ങ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് എന്താണെന്ന് വ്യക്തമല്ല. കാനയുടെ ഒരു വശത്ത് മാത്രമായി ഇത്തരത്തിൽ ഉയരം കൂട്ടേണ്ടതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമല്ല. മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10/M2/2020-21/02.03.2022 ന് മറുപടിയിൽ വാഹനങ്ങൾ കയറിഇറങ്ങുമ്പോൾ കാനയുടെ സ്ലാബ് പൊട്ടിപോകാൻ സാദ്ധ്യതയുള്ളതിനാൽ കാനയുടെ ഒരു വശം ഓഡിറ്റ് പരാമർശത്തിൽ പറയും പ്രകാരം ചരിച്ച് കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണെന്നും അധികം നൽകിയ 8453/- രൂപ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 09.05.2022 -ലെ രസീത് നം 101440 പ്രകാരം തിരികെ ഈടാക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 മുൻകൂർ തുക ക്രമീകരിച്ചതിൽ കാലതാമസം- സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ഈടാക്കിയതിൽ കുറവ് - 531/- രൂപ നഷ്ടം

ആലുവ നഗരസഭയിൽ 2016 -ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആറ് വാർഡുകൾക്ക് ശുചിത്വമിഷന്റെ 90,000/- രൂപ മുൻകൂറായി 07.06.2016 -ൽ ശ്രീമതി ശ്രീലിനി എൽ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I -ന് അനുവദിച്ചിട്ടുണ്ട്. ആറ് വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 14,703/- രൂപ വീതം ആകെ 88,218/- രൂപയാണ് ചെലവായിട്ടുള്ളത്. ബാക്കി തുകയായ 1782/- രൂപ 01.02.2018 -ലെ 117010111033 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർ ഉത്തരവ് ജി.ഒ. (പി) നം. 419/2011/ധന തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ടി സമയപരിധിക്കുള്ളിൽ തുക അഡ്ജസ്റ്റ് ചെയ്തില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ടി ജീവനക്കാരിൽ

നിന്ന് അടിയന്തരമായി തിരിച്ചുപിടിക്കേണ്ടതും ഇങ്ങനെ പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 % നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. 07.06.2016 -ൽ കൈപ്പറ്റിയ മുൻകൂർ ക്രമീകരിച്ചത് 2021 ഫെബ്രുവരിയിലാണ്. വൗച്ചർ നമ്പർ 02/11 - 2021 പ്രകാരമാണ് മുൻകൂർ ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ട പലിശയുടെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | വർഷം/ദിവസം | പലിശ 18% | തുക |
|---|---|---|---|
| 07.06.2016 മുതൽ 06.06.2017 | 1 വർഷം | 1782 X 18% | 320.76 |
| 07.06.2017 മുതൽ 31.01.2018 | 239 ദിവസം | (1782 X 18%) X 239/365 | 210.00 |
| | ആകെ | | 530.76 |

ഓഡിറ്റ് എൻക്വയറി നമ്പർ 17/2020-21/22.04.2022 ലൂടെ ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാരിക്ക് കത്ത് നൽകുന്നതാണെന്ന് നഗരസഭയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ ബാക്കി വന്ന 1782/- രൂപയ്ക്ക് 07.06.2016 മുതൽ 31.01.2018 വരെ 18% നിരക്കിലുള്ള പലിശയായ 531/- രൂപ ഉത്തരവാദിയായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ശ്രീമതി ശ്രീലിനി.എൽ, – ൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-പി.എം.സി മീറ്റിംഗ്- ഫോൺ ചാർജ്ജ് അലവൻസ് - 1100/- രൂപ അധികം നൽകി.

പ്രോജക്ട് നം. S0021/21

പ്രോജക്ട് നം. S0021/21 – പാലിയേറ്റീവ് കെയർ പ്രോജക്ട്

വികസന ഫണ്ട് (പൊതുവിഭാഗം)-ചെലവ്- 15,00,000/- രൂപ

07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - സ.ഉ.(സാധാ) നം. 553/2019 ഉത്തരവിലെ ഖണ്ഡിക 2.13.11 -ൽ ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും പരിശീലന പരിപാടികൾ വിളിച്ചുചേർക്കുന്നതിനും കമ്മ്യൂണിറ്റി നേഴ്സിന് പ്രതിമാസം 200/- രൂപ വീതം ഫോൺ ചാർജ്ജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ വൗച്ചർ പരിശോധനയിൽ ഫോൺ ചാർജ്ജ് അലവൻസ് എല്ലാ മാസവും 300/- രൂപ വീതം അനുവദിച്ചിട്ടുള്ളതായി കാണുന്നു. താഴെ ചേർക്കും പ്രകാരം 10 ട്രഷറി ബില്ലുകളിലൂടെ 11 മാസത്തെ

ടെലിഫോൺ അലവൻസ് 100/- രൂപ വീതം അധികം അനുവദിച്ചിട്ടുണ്ട്.

| ബിൽ നം. | തീയതി | തുക |
|---|---|---|
| 01/2020-21 | 05/06/2020 | 36580.00 |
| 02/2020-21 | 19/06/2020 | 30260.00 |
| 03/2020-21 | 13/07/2020 | 31170.00 |
| 04/2020-21 | 15/07/2020 | 58900.00 |
| 05/2020-21 | 19/10/2020 | 535261.00 |
| 06/2020-21 | 07/12/2020 | 35260.00 |
| 07/2020-21 | 22/12/2020 | 98252.00 |
| 08/2020-21 | 02/02/2021 | 39894.00 |
| 09/2020-21 | 23/02/2021 | 145878.00 |
| 10/2020-21 | 10/03/2021 | 323415.00 |

അധിക തുക അനുവദിക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/M1/2020-2021 തീയതി 22.03.2022 -ന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം ഈയിനത്തിൽ അധികം നൽകിയ (100 X 11) 1100/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-2 ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ - സബ്സിഡി അധികം നൽകി - 54000.00 രൂപ നിരാകരിക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നമ്പർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (41.7%) | ശുചിത്വ മിഷൻ വിഹിതം | | ആകെ |
|---|---|---|---|---|
| | | കേന്ദ്രാവിഷ്കൃത ഫണ്ട് (35%) | സംസ്ഥാനവിഷ്കൃത ഫണ്ട് (23.3%) | |
| സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാം - ബയോഗ്യാസ് പ്ലാന്റ് സ്ഥാപനങ്ങളിൽ | 56295.00 | 47250.00 | 31455.00 | 135000.00 |
| ചെലവ് വിവരം<br>56295.00 (ബിൽ നമ്പർ - 22/2020-21 തീയതി 17.12.2020 – നഗരസഭാ വിഹിതം)<br>78705.00 (ചെക്ക് നമ്പർ 786837 തീയതി 24.12.2020 – ശുചത്വമിഷൻ വിഹിതം) | | | | |

ഈ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ (പ്രോജക്റ്റ് നമ്പർ - 197/2020) DPC അപ്രൂവൽ ലഭിച്ചതാണ്. എന്നാൽ 2019-20 ൽ പ്രോജക്റ്റ് നടപ്പാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവിവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ടായാണ് (SO - 142/2021) ഇത് നടപ്പാക്കിയത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സ്ഥാപനങ്ങളിലുമാണ് ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. യൂണിറ്റൊന്നിന് 13500/- രൂപ നിരക്കിൽ 10 യൂണിറ്റിന് 135000/- രൂപയാണ് വകയിരുത്തിയത്. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-8 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന് ഗുണഭോക്തൃ വിഹിതം ആവശ്യമില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സർക്കാർ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ വിഹിതമായി 50 % സബ്സിഡിക്കാണ് അർഹതയുള്ളത്. ബാക്കി തുക ഗുണഭോക്തൃ വിഹിതമായി കണ്ടെത്തണമെന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്നത്. എയിഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ പറയുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേനയാണ് ആലുവ നഗരസഭയിൽ ഈ പ്രോജക്ട് നടപ്പാക്കിയത്. ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങളുടെ പേര് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | HAC L.P School |
| 2 | GGHSS Aluva |
| 3 | SNDP HS School |
| 4 | Aluva Municipality |
| 5 | Holy Ghost Convent HSS |
| 6 | Ayurveda Hospital |
| 7 | Taluk Office |
| 8 | Aluva East Police Station |
| 9 | Kerala Water Authoraty |
| 10 | Fire Station |

തദ്ദേശ സ്വയം ഭരണ സ്ഥാപത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, കൈമാറി കിട്ടിയ

സ്ഥാപനങ്ങൾ എന്നിവക്കു പുറമെ നഗരസഭക്ക് വിട്ട് കിട്ടാത്ത 4 സർക്കാർ സ്ഥാപനങ്ങളും (ക്രമ നം. 7,8,9,10) 2 എയിഡഡ് വിദ്യഭ്യാസ സ്ഥപനങ്ങളും (ക്രമ നം. 3, 5) മേല്പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും ഗണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡിയിൽ ബയോ ഗ്യാസ് പ്ലാന്റ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, കൈമാറി കിട്ടിയ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രമാണ് 100 % സബ്സിഡിക്ക് അർഹതയുള്ളത്. മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് യൂണിറ്റ് കോസ്റ്റായ 13500/- രൂപയിൽ ശുചിത്വ മിഷൻ വിഹിതമായ 50 ശതമാനം ( 6750/- രൂപ ) സബ്സിഡിക്കാണ് അർഹതമുള്ളത്. എയിഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ പറയുന്നുമില്ല. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ പ്രകാരം പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി തദ്ദേശ സ്വയം ഭരണ സ്ഥാപത്തിന്റെ ഉടമസ്ഥതയിലല്ലാത്തതും വിട്ടുകിട്ടാത്തതുമായ 4 സർക്കാർ സ്ഥാപനങ്ങൾക്ക് 6750.00 രൂപ വീതം സബ്സിഡി അനുവദിച്ചതിലൂടെ 27,000.00 രൂപയും 2 എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 13,500/- രൂപ വിലയുള്ള ബയോ ഗ്യാസ് പ്ലാന്റ് സൗജന്യമായി അനുവദിച്ചതിലൂടെ 27,000/- രൂപയും അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11/M2/2020-21/18.03.2022 നുള്ള 14.06.2022 തീയതിയിലെ എച്ച്.4 (എ3)/5585/22 മറുപടിയിൽ ടി തുക ഈടാക്കേണ്ടത് സംബന്ധിച്ച് അന്നത്തെ ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ അധികം നൽകിയ 54,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-3 ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ സ്ഥാപിക്കൽ - സബ്സിഡി അധികം അനുവദിച്ചു - 4,56,900.00 രൂപ നിരാകരിക്കുന്നു - പദ്ധതി കാര്യക്ഷമമല്ല.

ഫയൽ നമ്പർ H4/16434/17

| പ്രോജക്റ്റിന്റെ പേര്, നമ്പർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (41.7%) | ശുചിത്വ മിഷൻ വിഹിതം | | ആകെ |
|---|---|---|---|---|
| | | കേന്ദ്രാവിഷ്കൃത ഫണ്ട് (35%) | സംസ്ഥാനവിഷ്കൃത ഫണ്ട് (23.3%) | |
| സ്വഛ് ഭാരത് മിഷൻ പ്രോഗ്രാം - ബയോഗ്യാസ് പ്ലാന്റ്, ബയോ | 6029820.00 | 5061000.00 | 3369180.00 | 14460000.00 |

| | | | | |
|---|---|---|---|---|
| കമ്പോസ്റ്റ് ബിൻ - ഗാർഹികം | | | | |

ചെലവ് വിവരം

നഗരസഭാ വിഹിതം :- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

തുക - 520916/- ബിൽ നമ്പർ - 30/2020-21 തീയതി 30.01.2021

തുക – 65052/- ബിൽ നമ്പർ - 31/2020-21 തീയതി 30.01.2021

തുക – 83317/- ബിൽ നമ്പർ - 57/2020-21 തീയതി 30.03.2021

തുക – 260208/- ബിൽ നമ്പർ - 58/2020-21 തീയതി 30.03.2021

ശുചിത്വ മിഷൻ വിഹിതം :-

തുക, - 819232/- ചെക്ക് നമ്പർ/തീയതി – 786838 തീയതി 15.01.2021)

തുക – 480275/- ചെക്ക് നമ്പർ/തീയതി – 786841 തീയതി 27.08.2021)

ഈ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ (പ്രോജക്റ്റ് നമ്പർ - 194/2020) DPC അപ്രൂവൽ ലഭിച്ചതാണ്. എന്നാൽ 2019-20 ൽ പ്രോജക്റ്റ് നടപ്പാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്റ്റായാണ് (SO - 141/2021) ഇത് നടപ്പാക്കിയത്. 12000/- രൂപ വീതം 950 ബയോ ഗ്യാസ് പ്ലാന്റിനും 1800/- രൂപ വീതം 1700 ബയോ ബിന്നിനും ചെലവ് കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തത്. DPR പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| Item | Qty | Unit Price | Total |
|---|---|---|---|
| Biogas Plant (0.75 M3 Capacity) | 950 | 12000/- | 11400000.00 |
| Bio Composter Bin | 1700 | 1800/- | 3060000.00 |
| Total | | | 14460000.00 |

പ്രോജക്റ്റ് നടപ്പാക്കിയതിന്റേയും ചെലവിന്റേയും വിവരം താഴെ ചേർക്കുന്നു.

| Item | Qty | Rate | Total | LSG (41.7%) | Central (35%) | State (23.3%) |
|---|---|---|---|---|---|---|
| Biogas Plant | 65 | 12000/- | 780000.00 | 325260.00 | 273000.00 | 181740.00 |
| Bio Composter Bin | 805 | 1800/- | 1449000.00 | 604233.00 | 507150.00 | 337617.00 |
| Total | | | 2229000.00 | 929493.00 | 780150.00 | 519357.00 |

മേൽപ്പറഞ്ഞ ചെലവുകളിൽ എൽ.എസ്.ജി.ഡി വിഹിതമായ 9,29,493/- രൂപയും സെൻട്രൽ, സ്റ്റേറ്റ് ഷെയറിന്റെ (ശുചിത്വമിഷൻ വിഹിതം) 12,99,507/- (780150+519357) രൂപയുടെയും ചെലവ്

സംബന്ധമായ ബിൽ നം./ചെക്ക് നം, തീയതി എന്നീ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. സ.ഉ.(സാധാ) നം.3281/2018/ത.സ്വ.ഭ.വ തീയതി 31.12.2018 പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-8(2) പ്രകാരം ഗാർഹിക തലത്തിൽ വിവിധ തരത്തിലുള്ള കംപോസ്റ്റിങ്ങ് യൂണിറ്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവക്ക് 10 ശതമാനം ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ബയോ ഗ്യാസ് പ്ലാന്റുകളുടെ കാര്യത്തിൽ അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200/- രൂപക്ക് അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിലൂടെ സർക്കാർ ഫണ്ടിന് 4,56,900/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മറ്റ് അപാകതകൾ ഉള്ളതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1). ബയോ ഗ്യാസ് പ്ലാന്റുകൾക്ക് പരമാവധി സബ്സിഡി 7200/- രൂപയിൽ പരിമിതപ്പെടുത്തണമെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല. ബയോഗ്യാസ് പ്ലാന്റിന്റെ വില 12000/- രൂപയാണെന്നിരിക്കെ ഇവ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തുമൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടത്തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|
| ബയോ ഗ്യാസ് പ്ലാന്റ് | 65x12000 = 780000.00 | 65x7200 = 468000.00 | 3,12,000.00 |

2). നഗരസഭയിൽ ബയോ ബിൻ, ബയോ ഗ്യാസ് പ്രോജക്റ്റുകൾ നടപ്പാക്കിയപ്പോൾ ഗുണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡിയിൽ ബയോ ബിന്നും ബയോ ഗ്യാസ് പ്ലാന്റും വിതരണം ചെയ്തിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കംപോസ്റ്റിങ്ങ് യൂണിറ്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവക്ക് 10% ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ്. ഇതുമൂലം നഗരസഭാ വിഹിതം അധികം അനുവദിക്കാനിടയായിട്ടുണ്ട്. നഷ്ടത്തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി (90%) | അധികം നൽകിയ തുക |
|---|---|---|---|
| ബയോ കമ്പോസ്റ്റ് ബിൻ | 805x1800 = 1449000.00 | 805x1620 = 1304100.00 | 1,44,900.00 |

3). ആസൂത്രണം ചെയ്ത പദ്ധതിയുടെ പകുതി പോലും നടപ്പാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. 950 ബയോ ഗ്യാസ് പ്ലാന്റുകൾ നടപ്പാക്കാൻ ആസൂത്രണം ചെയ്തതിൽ 65 പ്ലാന്റുകളും 1700 ബയോ കമ്പോസ്റ്റ് ബിന്നുകളിൽ 805 ബിന്നുകളുമാണ് നടപ്പാക്കിയിരിക്കുന്നത്. നഗരസഭാ വിഹിതമായി കേന്ദ്ര ധനകാര്യ

കമ്മീഷൻ ഗ്രാന്റ് 60.29 ലക്ഷം രൂപ വകയിരുത്തിയതിൽ 9.29 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. വകയിരുത്തിയതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവ് തുകയാണ് മുൻ വർഷങ്ങളിലും ചെലവഴിക്കാൻ സാധിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. കേന്ദ്ര ധനകാര്യ കമ്മീഷൻ തുക നഗരസഭയുടെ മറ്റ് പല വികസന പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്നിരിക്കെ ആവശ്യത്തിലധികം തുക വകയിരുത്തി ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ശരിയായ നടപടിയല്ല. അനിവാര്യമായ മറ്റ് പദ്ധതികൾ നടപ്പാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടാകുന്ന നിലവിലെ സാഹചര്യത്തിൽ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി പദ്ധിതികൾ ആവിഷ്കരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നും ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്.

4). മേൽപ്പറഞ്ഞ പ്രോജക്ടിൽ ശുചിത്വമിഷൻ ഗ്രാന്റായി 80.30 ലക്ഷം വകയിരുത്തിയതിൽ 12.99 ലക്ഷം മാത്രമാണ് ചെലവഴിച്ചത്. ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്കായി 17.11.2020 ൽ ശുചിത്വമിഷൻ ഗ്രാന്റായി 46,63,253/- രൂപ ലഭിച്ചതിൽ 13,99,378/- രൂപയാണ് ചെലവഴിച്ചത്. ബാക്കി തുക 32,63,875/- രൂപ 14.01.2022 ൽ ശുചിത്വമിഷനിലേക്ക് തിരിച്ചടക്കുകയായിരുന്നു. ഖരമാലിന്യസംസ്കരണമേഖലയിൽ നിരവധി മറ്റ് പ്രോജക്ടുകൾ നഗരസഭാ പരിധിയിൽ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധ്യതകൾ ഉണ്ടെന്നിരിക്കെ ശുചിത്വമിഷൻ ഗ്രാന്റ് തിരിച്ചടക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേല്പറഞ്ഞ പ്രകാരം പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിനും പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ വീഴ്ച്ചയുണ്ടായതിലും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/M2/2020-21 തീയതി 21.03.2022 നുള്ള 14.06.2022 തീയതിയിലെ എച്ച്.4(എ3)/5585/22 മറുപടിയിൽ അപാകത സംബന്ധിച്ച വിശദീകരണത്തിനായി ടി കാലയളവിൽ പദ്ധതി നടപ്പാക്കിയ ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായാണ് അറിയിച്ചിരിക്കുന്നത്.

മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ അധികം അനുവദിച്ച 4,56,900.00 രൂപ (3,12,000+1,44,900) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-4 വീട് പുനരുദ്ധാരണം -മാനദണ്ഡം ലംഘിച്ച് നൽകിയ 50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | - | 145/2020-21 |
| പ്രോജക്ടിന്റെ പേര് | - | വീട് പുനരുദ്ധാരണം |
| ബിൽ നം./തീയതി | - | 14/08.03.2021, 21/08.03.2021 |

| | | |
|---|---|---|
| അടങ്കൽ തുക | - | 2,00,000/- രൂപ (പ്ലാൻ ഫണ്ട്-SCP) |
| ചെലവ് തുക | - | 2,00,000/ - രൂപ |
| ഗുണഭോക്താക്കളുടെ എണ്ണം | - | 4 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്ട് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ചെലവ് വിവരം | - | 1,00,000/-<br>ബിൽ നം. തീയതി 14/08.03.2021<br>1,00,000/-<br>ബിൽ നം. തീയതി 21/26.03.2021 |

പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ക്രമപ്രകാരമല്ല. ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന നാല് ഗുണഭോക്താക്കളിൽ മൂന്ന് പേർ മുൻഗണനാക്രമത്തിലാണ്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ പൂജ്യം മാർക്കോടെ ലിസ്റ്റിൽ അവസാനത്തെ വ്യക്തിയായ ശ്രീ. ടി. കുമാരനെ ഗുണഭോക്താവായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ട്രഷറി ബില്ല് പ്രകാരം ഓരോ ഗുണഭോക്താവിനും 25,000/ - രൂപ വീതം രണ്ട് ഗഡുക്കളായി മൊത്തം രണ്ട് ലക്ഷം രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/M1/2020-21/30.05.2022 -ന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മാനദണ്ഡപ്രകാരമല്ലാതെ നാലാമത്തെ ഗുണഭോക്താവായ ശ്രീ. ടി. കുമാരന് അനുവദിച്ച 50,000/- രൂപ നിരാകരിക്കുന്നു.

3-5 പട്ടികജാതി പ്രത്യേക ഘടക പദ്ധതി - വാട്ടർ ടാങ്ക് നിർമ്മാണം - നടത്തിപ്പിലെ വീഴ്ചകൾ, ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 6960.00 രൂപ നിരാകരിക്കുന്നു.

| പ്രോജക്റ്റ് നമ്പർ - 31/2020-21 | | പ്രോജക്റ്റ് നമ്പർ - 146/2020-21 | |
|---|---|---|---|
| പേര് | വാട്ടർ ടാങ്ക് (New) | പേര് | വാട്ടർ ടാങ്ക് (SO) |
| ബിൽ നം. തീയതി | 17/2020-21 തീ. 08.03.2021 | ബിൽ നം. തീയതി | 18/2020-21 തീ. 08.03.2021 |
| അടങ്കൽ | 51500.00 | അടങ്കൽ | 40000.00 |
| ചെലവ് തുക | 12479.00 | ചെലവ് തുക | 12479.00 |
| ഗുണഭോക്താക്കളുടെ എണ്ണം | 3 | ഗുണഭോക്താക്കളുടെ എണ്ണം | 3 |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്ന മേൽ പ്രോജക്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരദാരിദ്ര നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ ആണ്. പദ്ധതി നടത്തിപ്പിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നം. 31, 146 എന്നിവയിൽ 12479/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ ബുക്ക് വഴി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചതിന്റെ രേഖകൾ അപൂർണ്ണമാണ്.

വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആറ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവിന്റെ അപേക്ഷ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിന്റെ പകർപ്പ്, SIDCO യിൽ നിന്നുള്ള കൈപ്പറ്റ് എന്നിവയും ഫയലിൽ ലഭ്യമല്ല.

SIDCO പർച്ചെയ്സ് ബിൽ (Invoice No. EKM/20-21/259, 260 തീയതി 18.02.2021) പ്രകാരം ഒരു വാട്ടർ ടാങ്കിന്റെ വില ജി.എസ്.ടി സഹിതം 4159.67/- രൂപയാണ്. സ.ഉ.(സാധാ) നം.3281/2018 /ത.സ്വ.ഭ.വ തീയതി 31.12.2018 പുതുക്കിയ സബ്സിഡി മാർഗരേഖ ഖണ്ഡിക 6.6 പ്രകാരം അനുവദനീയമായ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75 ശതമാനവും പരമാവധി 3000.00 രൂപയുമാണ്. അതായത് 1160.00 രൂപ (4159.67-3000) ഗുണഭോക്തൃവിഹിതമായി സ്വരൂപിക്കേണ്ടതായിരുന്നു. എന്നാൽ മേല്പറഞ്ഞ രണ്ട് പ്രോജക്റ്റുകളിലും ഗുണഭോക്തൃവിഹിതം സ്വരൂപിക്കാതെ മുഴുവൻ തുകയും എസ്.സി.പി ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. 1160.00 രൂപ വീതം 6 ഗുണഭോക്താക്കൾക്കായി അധികം ചെലവഴിച്ച പദ്ധതി വിഹിതം 6960.00 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആകെ ചെലവിൽ നിരാകരിക്കുന്ന 6960/- രൂപ കഴിച്ചുള്ള ചെലവ് 17998/- രൂപ ഖണ്ഡിക 1-36 പ്രകാരം തടസ്സപ്പെടുത്തിയിട്ടുണ്ട്.

3-6 ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കൽ - 59375/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S046/21 |
| ഫയൽ നം. | E1-9614/19 |
| പ്രോജക്ടിന്റെ പേര് | ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കലും, നസ്രദ് റോഡിൽ കാന മെയിന്റനൻസും കവറിംഗ് സ്ലാബ് ഇടലും |
| പ്രോജക്ട് കോസ്റ്റ് | 8,98,200.00 |
| ചെലവ് വിവരം | 4,65,271/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ബിൽ നം. 49/2020-21 തീയതി 12.11.2020 |
| | 4,23,288/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) ബിൽ നം. 16/2020-21 തീയതി 20.04.2020 |

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രോജക്റ്റ് നമ്പർ S046/21 ൽ ഉൾപ്പെടുത്തി നടപ്പാക്കിയ രണ്ടു മരാമത്തു പ്രവൃത്തികളായിരുന്ന 18 -ാം വാർഡിലെ ആസാദ് റോഡ് ബൈലൈൻ കട്ടവിരിക്കലും, നസ്രത്ത് റോഡിൽ കാന മെയിന്റനൻസും കവറിംഗ് സ്ലാബ് ഇടലും. 9 ലക്ഷം രൂപയാണ് വർക്കുകളുടെ എസ്റ്റിമേറ്റ് തുക. ടൈൽ ഇടുവാൻ തീരുമാനിച്ച ആസാദ് റോഡ് ബൈലൈൻ, നിലവിൽ കോൺക്രീറ്റ് റോഡായിരുന്നു. യാതൊരു വിധ തകരാറുകളും റോഡിന് സംഭവിച്ചിട്ടില്ലായിരുന്നുവെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആലുവയിലെ അത്യാവശ്യം ഉയരമുള്ള ഭാഗത്താണ് ഈ റോഡ് സ്ഥിതിചെയ്യുന്നത്. ഇങ്ങനെയുള്ള ഒരു കോൺക്രീറ്റ് റോഡ് പൊളിച്ചുകളഞ്ഞ് ടൈൽ വിരിക്കുവാൻ തീരുമാനിച്ച നടപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. കോൺക്രീറ്റ് കുറെ ഭാഗം പൊളിച്ചുമാറ്റിയപ്പോഴാണ് അടിയിലുള്ള കുടിവെള്ള പൈപ്പുകൾക്കും, കേബിളുകൾക്കും കേടുപാടുകൾ സംഭവിക്കും എന്ന കാര്യം ഉത്തരവാദിത്വപ്പെട്ടവർ അറിഞ്ഞിരിക്കുന്നത്. കുടിവെള്ള പൈപ്പ്ലൈനും, കേബിളുകളും നിശ്ചിത താഴ്ചയിൽ കുഴിയെടുത്താണ് സ്ഥാപിക്കേണ്ടത്. അങ്ങനെയല്ല ചെയ്തിട്ടുള്ളതെങ്കിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയായി വേണം കാണാൻ. അതുപോലെ പൊളിച്ച കോൺക്രീറ്റ് റോഡ് ടൈൽ ഇടാതെ വീണ്ടും കോൺക്രീറ്റ് ചെയ്യാൻ കാരണം പരിസരവാസികൾ തമ്മിലുള്ള തർക്കത്തെതുടർന്ന് പണിനിർത്തിവെക്കേണ്ടിവന്നതുകൊണ്ടാണ് എന്നാണ് പറയുന്നത്. എന്നാൽ രേഖാമൂലമുള്ള യാതൊരു പരാതിയും നഗരസഭയിൽ ലഭിച്ചതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ നിലവിലുള്ള കോൺക്രീറ്റ് റോഡ് പൊളിച്ചുമാറ്റിയതിനും വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിനും ചെലവായ തുക 59375/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| Demolish ചെയ്തിരിക്കുന്ന കോൺക്രീറ്റിന്റെ അളവ് (എം. ബുക്ക് പേജ് 28) | | : | 10.733 $M^3$ |
| Limited To (Page 39) Estimate Quantity | | | 9.9 $M^3$ |
| Area Of Demolishing | 10.733/ 0.15 (കനം) | : | 71.55 $M^2$ |
| Demolish ചെയ്യുന്നതിനു വന്ന ചെലവ് | 9.9 X 1394.77 | : | 13808 |

| | | | |
|---|---|---|---|
| Item II<br><br>Demolish ചെയ്ത ഏരിയ വീണ്ടും കോൺക്രീറ്റ് ചെയ്തത് | 71.55 X 0.1 | : | 7.15 $M^3$ |
| Concrete (1 :3.6) ചെയ്തതിന് ചെലവു വന്ന തുക | 7.15 X 6373 | : | 45567 |
| ആകെ | | : | 59,375/- രൂപ |

മേൽവിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/AO/2020-21 തീയതി 10.05.2022 -നുള്ള മറുപടിയിൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും അടിയന്തരമായി കണ്ടെത്തി വിശദീകരണം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള കോൺക്രീറ്റ് പൊളിച്ചുമാറ്റിയതിനും വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിനും ചെലവായ തുക 59375/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | മുന്നിരിപ്പ് തുക | തൻവർഷം തിരിച്ചടച്ച തുക | | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/LAD 30.03.1995 | 3050000 | 915000 | NIL | NIL | 915000 |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/LAD 27.03.1996 | 1022000 | 306600 | NIL | NIL | 306600 |
| 3 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4448/96/LAD 12.02.1996 | 1011300 | 407910 | NIL | NIL | 407910 |
| 4 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 | 1291500 | NIL | NIL | 1291500 |
| 5 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 | 1739997 | NIL | NIL | 1739997 |

ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ ബാധ്യത മേല്പറഞ്ഞ കണക്കുമായി പൊരുത്തപ്പെടുന്നില്ല. 8,28,034/- രൂപയുടെ

വ്യത്യാസമുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി മൂലം വർഷങ്ങളായി ലോൺ തിരിച്ചടവ് മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ മേല്പറഞ്ഞ ലോണുകൾ എഴുതിതള്ളുന്നതിനായി സർക്കാരിനെ സമീപിച്ചിരിക്കുകയാണ്.

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിപ്പിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000 2001-02 | ഖ.V(i) ഖ. VI.2.7 (lii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1997-98 | | 1999-2000 | ഖ.V(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V(3) | വ്യവസായ പരിശീലനം – ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.VI(2) | കരാറുകാരന്റെ സ്വന്തം | അന്തിമ തീരുമാനം സമിതിയിൽ നിന്നും |

| | | | | | |
|---|---|---|---|---|---|
| | | | | മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.2.7(V) | പെരിയാറിനു കുറുകെ തൂക്കു പാലം – എഗ്രിമെന്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം – അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ സൈറ്റിൽ ഇട്ടത് - അധിക തുക അനുവദിച്ചു. | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |
| | | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | |
| | | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ-ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | | 2002-03 | VIII/ | റവന്യൂ | പിഴപ്പലിശ സഹിതം തുക |

| | | | | | |
|---|---|---|---|---|---|
| | | | | ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പത്രപരസ്യം നൽകൽ - നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം - വാച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പൊതുമരാമത്ത് പണികളിലെ അപാകതകൾ -22,829/- രൂപ നിരാകരിച്ചു. | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2004-05 | ഖ.II:3(5) | വിരമിച്ച ജീവനക്കാർക്ക് | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | | അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടി ക്കേണ്ടതാണ്. | സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു - ദുർവ്യയം ഏറുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |
| | | 2012-13 | ഖണ്ഡിക 2-6 | ലൈബ്രറികളുടേയും സാംസാകാരിക നിലയങ്ങളുടേയും | |

| | | | | | |
|---|---|---|---|---|---|
| | | | | നടത്തിപ്പ് | |
| | | | ഖണ്ഡിക 3-1-5 | ഖരമാലിന്യങ്ങളുടെ ഉൽപാദനം കണക്കുകൾ ലഭ്യമല്ല | |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | 2014-15 | ഖണ്ഡിക 4-1-2 | നിഷ്ക്രിയാസ്തികളും ഇനങ്ങളും – ഇ-ടോയ് ലെറ്റ് | ഖണ്ഡികയിൽ പരാമർശിക്കുന്ന ടോയ് ലറ്റ് പ്രവർത്തനക്ഷമമല്ല. |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 6 | | ഖണ്ഡിക 4-1-5 | വനിതാ വ്യവസായ വിപണ കേന്ദ്രം | ഇപ്പോഴും പ്രവർത്തനക്ഷമമല്ല |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 1 | | ഖണ്ഡിക 4-1-9 | മത്സ്യമാർക്കറ്റുകളും ചന്തകളും - പ്രവർത്തന ക്ഷമമാക്കിയില്ല | മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 23 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | | ഖണ്ഡിക 4-1-14 | ഇ-ടെയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല | നെഹ്റു പാർക്കിന് സമീപമുള്ള ഇ-ടോയ് ലെറ്റ് പ്രവർത്തിക്കുന്നില്ല. മറ്റ് 5 ഇ-ടോയ് ലറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 2013-14 | ഖണ്ഡിക 3-17 | | ഖണ്ഡിക 5-7-14 | കശാപ്പ ശാലകൾ സ്വീവേജ് ട്രിറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം | അറവുശാല പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 2015-16 | ഖണ്ഡിക 3-8 | 2016-17 | ഖണ്ഡിക 8-3 | പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല.വാട്ടർ |

| | | | | | |
|---|---|---|---|---|---|
| | | | | ട്രീറ്റ്മെന്റ് പ്ലാന്റിന് AMC നൽകിയത് | ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. |
| 2015-16 | ഖണ്ഡിക 3-2 | 2016-17 | ഖണ്ഡിക 8-4 | ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കേണ്ട മാലിന്യം അജ്ഞാത സ്ഥലത്ത് നിക്ഷേപിച്ചു | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2015-16 | ഖണ്ഡിക 3-3 | 2016-17 | ഖണ്ഡിക 8-5 | മാലിന്യ നിർമ്മാർജ്ജന പദ്ധതി പരാജയം-28.53 ലക്ഷം രൂപ തിരിച്ചടച്ചു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-1 | 2017-18 | ഖണ്ഡിക 1-7(1) | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-10 | 2017-18 | ഖണ്ഡിക 1-7(2) | വനിത സാനിറ്ററി കോംപ്ലക്സിനു വേണ്ടി അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-5 | 2017-18 | ഖണ്ഡിക 1-7(3) | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2016-17 | ഖണ്ഡിക 3-10 | 2017-18 | ഖണ്ഡിക 1-7(4) | അറവുശാല നിർമ്മാണം-നിർവ്വഹണം നടന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2017-18 | ഖണ്ഡിക 3-2 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-1 | അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്ത തിനാൽ വയോമിത്രം പദ്ധതി നടപ്പായില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| | ഖണ്ഡിക 3-3 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-2 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം-വ്യക്തമായ ആസൂത്രണമില്ല-പദ്ധതി പ്രാരംഭദിശ യിൽ തുടരുന്നു-47.89 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 20,14,65,261.00 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 21,62,34,468.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 531.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6,28,335.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,88,636.00 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 531.00 | | ശ്രീമതി. ശ്രീലിനി എൽ., JHI Gr.I |
| 3-1 | | 1100.00 | ഡോ. പ്രസന്നകുമാരി സൂപ്രണ്ട്, ജില്ലാ ആശുപത്രി ആലുവ |
| 3-2 | | 54000.00 | ശ്രീ.ടോബി തോമസ്, മുനിസിപ്പൽ സെക്രട്ടറി, ആലുവ നഗരസഭ |
| 3-3 | | 456900.00 | ശ്രീ. ടോബി തോമസ്, മുനിസിപ്പൽ സെക്രട്ടറി, |
| 3-4 | | 50000.00 | ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-5 | | 6960.00 | ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-6 | | 59375.00 | ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 4,85,640.00 | ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-30 | 2,30,000.00 | ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

| | | |
|---|---|---|
| 1-31 | 6,50,000.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-32 | 1,50,000.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| 1-33 | 75,000.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-34 | 29,998.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-35 | 1,50,000.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-36 | 17,998.00 | ശ്രീ. അഖിൽ ജിഷ്ണു<br>പ്രോജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ആകെ | 17,88,636.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ശ്രീലിനി എൽ., JHI Gr.I | ശ്രീമതി. ശ്രീലിനി എൽ., JHI Gr.I<br>ആലുവ നഗരസഭ | ശ്രീമതി. ശ്രീലിനി എൽ., JHI Gr.I<br>സ്റ്റാഫ് ക്വാർട്ടേഴ്സ്, ആലുവ |
| ഡോ. പ്രസന്നകുമാരി സൂപ്രണ്ട്, ജില്ലാ ആശുപത്രി ആലുവ | ഡോ. പ്രസന്നകുമാരി സൂപ്രണ്ട്, ജില്ലാ ആശുപത്രി ആലുവ | ലഭ്യമല്ല |

| | | |
|---|---|---|
| ശ്രീ. ടോബി തോമസ്, മുനിസിപ്പൽ സെക്രട്ടറി, | ശ്രീ. ടോബി തോമസ്, പി.എ.ടു മേയർ, തൃശ്ശൂർ കോർപ്പറേഷൻ, | ശ്രീ. ടോബി തോമസ്, എടപ്പാളിൽ വീട്, സി-11, റോസ് അവന്യൂ റസിഡൻസ് അസ്സോസിയേഷൻ, ഇരിങ്ങാലക്കുട നോർത്ത് |
| ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ അസിസ്റ്റന്റ് എഞ്ചിനീയർ കൊച്ചി കോർപ്പറേഷൻ | ശ്രീമതി. പാർവ്വതി ഉണ്ണിത്താൻ ശ്രീശംഭു എടവമഠം ലെയിൻ പൂന്നപുരം, പേട്ട പി.ഒ., തിരുവനന്തപുരം |
| ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | ശ്രീ. അഖിൽ ജിഷ്ണു പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ, ആലുവ നഗരസഭ | ശ്രീ. അഖിൽ ജിഷ്ണു മാടശ്ശേരിൽ വീട്, പരിയാപുരം പി.ഒ., അങ്ങാടിപ്പുറം, മലപ്പുറം, പിൻ- 679 123 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഇ.(എം1)849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം1)1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം1)418/04 തീയതി 15.03.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 1998-99 | എൽ.എഫ്.ഇ.(എം1)27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം1)983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(എം1)445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.(എ.എം.2)299/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം1)129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.(എ.എം.2)300/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം1)139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം1)674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.എ(എം2)286/10 തീയതി 25.04.2011 | 4 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം1)688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം1)282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.എ(എം2)288/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം1)430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം2)289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.ഇ(എം1)1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.എ(എം2)191/10 തീയതി 19.11.2010 | 1 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം2)192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.എ(എം2)227/11 തീയതി 05.06.2012 | 18 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ.(എം2)145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം2)145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം2)480/14 തീയതി 17.01.2015 | 22 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 30.11.2015/10.12.2015 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 22.07.2016/27.07.2016 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.-എ.വി.എം. (എം.2) 41/2017 തീയതി 28.01.2017/30.01.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.-എ.വി.എം. (എം.2) 520/2017 തീയതി 30.11.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2018 തീയതി 08.03.2019 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.-എ.വി.എം. (എം.2) 131/2020 തീയതി 06.08.2020 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2021 തീയതി 15.12.2021 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 14) വകുപ്പിലെ 10.03.2020 -ലെ 43/എ.ആർ.14(2) /2020/ഉ.ഭ.പ.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നുള്ള 16.09.2020, 28.06.2022 തീയതികളിലെ കെ.എസ്.എ.-എ.വി.എം.(എം.2) 339/19 നമ്പർ കത്തുകളിലൂടെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അനുയോജ്യമായ മറുപടികൾ ലഭ്യമാക്കണമെന്നും

ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടികൾ ലഭ്യമാക്കിയിട്ടില്ല. സവിശേഷമായ കോവിഡ് സാഹചര്യത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഓഡിറ്റ് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

## Receipt & payment

**Aluva Municipality Concurrent Municipality**
**RECEIPT & PAYMENT STATEMENT**
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 39240971.95 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 20408381.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 162750.00 |
| 140000000 | Fees & User Charges | RP-4 | 12779254.00 |
| 150000000 | Sale & Hire Charges | RP-5 | 126467.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 85698194.00 |
| 171000000 | Interest Earned | RP-8 | 43622.00 |
| 180000000 | Other Income | RP-9 | 3271.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 53447856.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 1459494.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 7482627.00 |
| 340000000 | Deposits Received | RP-27 | 1035664.00 |
| 350000000 | Other Liabilities | RP-29 | 18737155.00 |
| 460000000 | Loans, Advances and Deposits | RP-41 | 80526.00 |
| | **Grand total** | | **240706232.95** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 24144721.00 |
| 220000000 | Administrative Expenses | RP-11 | 1022958.00 |
| 230000000 | Operations & Maintenance | RP-12 | 13631648.00 |
| 240000000 | Interest & Finance Charges | RP-13 | 30319.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 11258162.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 22600742.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 35286950.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 511406.00 |



Digitally signed by NANGI
Date: 2021.07.30 14:26:5
Reason: Approval
Location: Kerala

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 4930.00 |
| 350000000 | Other Liabilities | RP-29 | 28647956.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 4884179.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 699425.00 |
| 311000000 | Earmarked Funds | RP-22 | 19564497.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 25500.00 |
| 340000000 | Deposits Received | RP-27 | 4201291.00 |
| 350000000 | Other Liabilities | RP-29 | 41808265.00 |
| 410000000 | Fixed Assets | RP-31 | 3474901.00 |
| 412000000 | Capital work in Progress | RP-33 | 3194235.00 |
| 460000000 | Loans, Advances and Deposits | RP-41 | 1242383.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 23709619.95 |
| Cash | Cash | RP-40(b) | 762145.00 |
| | **Grand Total** | | **240706232.95** |

2

## Income & Expenditure Statement

**Aluva Municipality Concurrent Municipality**
**INCOME & EXPENDITURE STATEMENT**
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 59203063.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 15674862.00 |
| 140000000 | Fee & User Charges | I-4(b) | 16374953.00 |
| 150000000 | Sale & Hire Charges | I-5(b) | 126467.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 131703188.00 |
| 171000000 | Interest Earned | I-8 | 43622.00 |
| 180000000 | Other Income | I-9 | 32136.00 |
| | **Total Income** | | **223158291.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 98144714.00 |
| 220000000 | Administrative Expenses | I-11(b) | 3970897.00 |
| 230000000 | Operations & Maintenance | I-12(b) | 16684337.00 |
| 240000000 | Interest & Finance Charges | I-13 | 30319.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 34631480.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 20380447.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 34804647.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 486406.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 4930.00 |
| 272000000 | Depreciation | I-17(a) | 3738577.00 |
| | **Total Expenditure** | | **212876754.00** |
| | **Gross Surplus/ Deficit of income over Expenditure** | | **10281537.00** |
| 280000000 | Prior Period Item | I-18 | 699425.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **9582112.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |



Digitally signed by NANGI
Date: 2021.07.30 14:27:2
Reason: Approval
Location: Kerala

## 3

## Balance sheet

**Aluva Municipality Concurrent Municipality**
**BALANCE SHEET**
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -2036693.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5341481.00 |
| 312000000 | Reserves | B-3 | 45229593.00 |
| | **Total Reserve & Surplus** | | **48534380.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12760609.00 |
| | **Total Grants, Contributions for Specific Purposes** | | **12760609.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3832973.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3832973.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 90811199.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 75574249.95 |
| | **Total Current Liabilities and Provisions** | | **166385448.95** |
| | **TOTAL LIABILITIES** | | **231513411.45** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 105641117.00 |
| 411000000 | Accumulated Depreciation | B-11 | -21279366.00 |
| 412000000 | Capital Work in Progress | B-11 | 8184776.00 |
| | **Total Fixed Assets** | | **92546527.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 115553945.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -3856769.00 |
| 450000000 | Cash and Bank Balance | B-17 | 24471764.95 |
| 460000000 | Loans, Advances and Deposits | B-18 | 2797943.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18 | 0.0 |
| | **Total Current Assets, Loans and Advances** | | **138966884.45** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **231513411.45** |



Digitally signed by NANGI
Date: 2021.07.30 14:27:2
Reason: Approval
Location: Kerala